# ഇയഥൈര സഭായുഗം

ഇപ്പോൾ ഇന്ന് രാത്രിയിൽ നാം...ഈ മഹത്തായ സഭായുഗത്തിലേക്ക് കടക്കുന്നതിന് തൊട്ടുമുമ്പ്...ഞാൻ—ഞാൻ നമ്മുടെ കർത്താവ് അവൻറെ ആത്മാവിനെ നമ്മുടെ മേൽ ചൊരിയുമെന്ന് ആശിക്കുകയാണ്...അതോടൊപ്പം വീണ്ടും നമ്മെ അനുഗ്രഹിക്കുകയും ചെയ്യും. നമുക്കിപ്പോൾ ഇതിൻറെ പ്രമുഖമായ കാര്യങ്ങൾ മാത്രമേ എടുക്കാൻ കഴിയുകയുള്ളൂ കാരണം, വരാനിരിക്കുന്ന മഹത്തായ ആ ദിവസ്സങ്ങളിൽ, നമ്മൾ ആഴ്ച മുഴുവനും ഇവിടെ ഉണ്ടായിരിക്കും. കൂടാതെ, ഓ, ഇന്നലെ രാത്രി നമുക്ക് അത്തരമൊരു മഹത്തായ സമയം ഉണ്ടായിരുന്നു!

2 ശരി, ഇപ്പോൾ നാം തിരുവെഴുത്തുകൾ വായിക്കുന്നതിന് തൊട്ടുമുമ്പ്, നമുക്ക് നമ്മുടെ—നമ്മുടെ സ്ഥാനങ്ങൾ അൽപ്പമൊന്നു മാറ്റാൻ കഴിഞ്ഞിട്ട് ഒരു വാക്ക് പ്രാർത്ഥനക്കായി കുറച്ച് നിമിഷങ്ങൾ എഴുന്നേറ്റു നിൽക്കാൻ കഴിയുമോ.

3 ഞങ്ങളുടെ കൃപാലുവായ സ്വർഗീയ പിതാവേ, കർത്താവായ യേശുവിൻറെ എല്ലാറ്റിനും-മതിയായ നാമത്തിൽ ഞങ്ങൾ വരുന്നു, ഏതെങ്കിലും ഒരു നാൾ നീ വരും എന്ന് ഞങ്ങൾ അറിയുന്നു. ഈ മഹത്തായ വെളിപാട് സ്വീകരിക്കാൻ ജനങ്ങളുടെ ഹൃദയത്തെ ഒരുക്കാൻ ഞങ്ങൾ ശ്രമിക്കുന്നു അതായത് അവിടുന്ന് നീ ജീവിക്കുന്ന ദൈവപുത്രനാകുന്നു; നീ മരിച്ചിട്ടില്ല, എന്നാൽ എന്നേക്കും ജീവിച്ചിരിക്കുന്നവനാകുന്നു; അതോടൊപ്പം പെന്തക്കോസ്തിൻറെ സാക്ഷിയായി നീ നിൻറെ സഭയിൽ ജീവിക്കുന്നു, അത് ആ മഹത്തായ സമയമായിട്ട് കർത്താവിൻറെ സമ്മുഖത്തുനിന്നു ആശ്വാസകാലങ്ങൾ വരികയും ചെയ്യും. ആയിരത്തി തൊള്ളായിരം വർഷങ്ങൾക്ക് ശേഷം ഇവിടെ ആ സമയത്തെ ആസ്വദിക്കുന്നതിൽ ഞങ്ങൾ അതിയായി സന്തോഷിക്കുന്നു.

4 കൂടാതെ, പിതാവേ, കഴിഞ്ഞുപോയ കാലഘട്ടങ്ങളിൽ കൂടി കടന്നു പോയ ഈ മഹാന്മാരായ മനുഷ്യരോടുള്ള ബഹുമാനത്തിൽ ഞങ്ങൾ വിനയപൂർവ്വം തല കുനിക്കുന്നു, അവർ നിൻറെ കയ്യിൽ നീ പിടിച്ചിരുന്ന നക്ഷത്രങ്ങൾ ആയിരുന്നിട്ടു, അവരെക്കുറിച്ച് നീ പറഞ്ഞു, “സഭാ കാലങ്ങളുടെ ദൂതന്മാർ,” അവർ ശുശ്രൂഷകർ ആകുന്നു. എഫെസൊസിലെ, മഹാനായ വിശുദ്ധ പൗലോസിന് വേണ്ടി ഞങ്ങൾ അങ്ങേയ്ക്ക് എത്രയധികം നന്ദി പറയുന്നു.

ഐറേനിയസിന് വേണ്ടി ഞങ്ങൾ എത്രമാത്രം നന്ദി പറയുന്നു, ഓ കർത്താവേ, ഐറേനിയസ് അങ്ങയുടെ മഹാനായ ദാസനാകുന്നു; അതുപോലെ വിശുദ്ധ മാർട്ടിനുവേണ്ടിയും ആകുന്നു; ഇന്ന് രാത്രി വിശുദ്ധ കൊളംബയ്ക്ക് വേണ്ടിയും ആകുന്നു. കർത്താവേ, ഈ മനുഷ്യർക്കുവേണ്ടി ഞങ്ങൾ എത്രയധികം നിനക്ക് നന്ദി പറയുന്നു. ഇരുണ്ട റോമനിസത്തിൻറെയും, വിഗ്രഹാരാധന സഭയിലേക്ക് കടന്നു വരുന്നതിൻറെയും നടുവിൽ, അവർ പെന്തക്കോസ്ത് സന്ദേശത്തിനും അനുഗ്രഹത്തിനും വേണ്ടി ധീരതയോടെ നിന്നുകൊണ്ട്, അന്യഭാഷകളിൽ സംസാരിക്കുകയും, ഒപ്പം—ഒപ്പം വലിയ അടയാളങ്ങളും അത്ഭുതങ്ങളും നടക്കുകയും, രോഗികളുടെ സൗഖ്യവും, മരിച്ചവരെ ഉയിർപ്പിക്കലും ആയിരുന്നു.

5 അവരിൽ വളരെപ്പേരെയും, കർത്താവേ, രണ്ടായി വലിച്ചു കീറുകയും, കൊല്ലുകയും, സിംഹങ്ങൾക്കു തീറ്റയായി കൊടുക്കുകയും ചെയ്തു; അങ്ങനെ വലിയ കാര്യങ്ങൾ നടന്നു. ഭൂമി നീതിമാന്മാരുടെ രക്തത്താൽ കുളിച്ചിരിക്കുന്നു. അതിനാൽ, പിതാവേ, അവരുടെ രക്തം ഇന്ന് ആ ദുഷ്ടതയേറിയ, വ്യഭിചാര സഭയ്ക്കെതിരെ നിലവിളിക്കുന്നു. നീ പറഞ്ഞിരിക്കുന്നു, ഏതെങ്കിലും ഒരു നാൾ നീ അത് ഒഴിക്കുമ്പോൾ... "ദൂതൻ തൻറെ കലശം അതിന്മേൽ ഒഴിച്ചു, അങ്ങനെ—ഓരോ സാക്ഷിയുടെയും രക്തം അതിൽ കാണപ്പെട്ടു."

6 കർത്താവേ, ഞങ്ങളെ സഹായിക്കേണമേ...ഇപ്പോൾ തയ്യാറായി നിൽക്കാൻ, കാരണം സമയം അവസാനിച്ചു കൊണ്ടിരിക്കുന്നു. ഈ രണ്ട്-കൊമ്പുള്ള മൃഗം ഭൂമിയിൽ നിന്ന് ഉയർന്നുവരുന്നത് ഞങ്ങൾ കാണുമ്പോൾ, ജനതിരക്കിൽ നിന്നോ ജനക്കൂട്ടത്തിൽ നിന്നുമോ അല്ല, "അതിന്നു കുഞ്ഞാടിന്നുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു, അതു മഹാ സർപ്പം എന്നപോലെ സംസാരിച്ചു." പിതാവേ, ആ സമയം ഇപ്പോൾ അടുത്തിരിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു, അത് ഈ സഭകൾ തമ്മിൽ ഒത്തൊരുമിച്ച് ഉടമ്പടി ഉണ്ടാക്കി പ്രവർത്തിക്കുമ്പോൾ, "മൃഗത്തിന് ഒരു പ്രതിമ ഉണ്ടാക്കുന്നു"; ആ കൂട്ടത്തിനു അത് ഭയങ്കരമായിരിക്കും, കർത്താവേ, അത് അതിനോടൊപ്പം ചേരുകയില്ല. അപ്പോൾ തന്നെ ആ ബഹിഷ്കരണം വരും, എന്നാൽ ആ നാഴികയിൽ നീ നിൻറെ സഭയെ എടുക്കുമെന്നു വാഗ്ദാനം ചെയ്തിരിക്കുന്നു. കർത്താവേ, ഞങ്ങളെ സഹായിക്കേണമേ.

7 ഒരു തുള്ളി വെള്ളം പോലും വീഴുന്നതിനുമുമ്പേ, നോഹ പെട്ടകത്തിനുള്ളിലായിക്കഴിഞ്ഞിരുന്നു. സൊദോമിൽ തീ ആളിക്കത്തുന്നതിനുമുമ്പേ, ലോത്ത് പോയിക്കഴിഞ്ഞിരുന്നു. പിതാവേ, ഞങ്ങൾ വിശ്വസിക്കുന്നു, അണുശക്തികൾ ഈ

ഭൂമിയെ എപ്പോഴെങ്കിലും തകർത്തു തുണ്ടമാക്കുന്നതിനു മുമ്പേ, സഭ പോയ്ക്കഴിഞ്ഞിരിക്കും. ഞങ്ങൾ വളരെ സന്തോഷിക്കുന്നു, കർത്താവേ. കൂടാതെ, ഇന്ന് രാത്രിയിൽ, ബോംബുകൾ വിമാന ശാലകളിൽ തൂങ്ങിക്കിടക്കുന്നുണ്ടെന്ന് ഞങ്ങൾ അറിയുന്നു.

8 ഞങ്ങൾക്കു സ്വർഗത്തിലേക്ക് നോക്കി മനുഷ്യപുത്രനെ കാണാനും കഴിയും അവൻ തൻറെ സിംഹാസനത്തിൽ നിന്ന് എഴുന്നേറ്റു അവൻറെ സഭയുടെ ഉൽപ്രാപണത്തിനായി ഭൂമിയിലേക്ക് പുറപ്പെടാൻ തുടങ്ങുന്നു, അവൻറെ വിലയേറിയ പാദങ്ങൾ ആ സമയത്ത് ഈ പാപം നിറഞ്ഞ ഭൂമിയെ തൊടില്ലെന്ന് ഞങ്ങൾ അറിയുന്നു; കാരണം റിബെക്കാ ഒട്ടകപ്പുറത്ത് കയറി ഒട്ടകത്തിൽ നിന്ന് ചാടി ഇറങ്ങിയതുപോലെ, അബ്രഹാമിൻറെ വീടിനും വയലിന് നടുവിലും വെച്ചു, അവൾ തൻറെ മണവാട്ടിയെ കണ്ടുമുട്ടി. ഓ ദൈവമേ, സഭയും അതിൻറെ മണവാട്ടിയെ ആകാശത്തിൽ കണ്ടുമുട്ടും, "കാരണം ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവരെ തടയുകയോ അല്ലെങ്കിൽ അവർക്ക് മുമ്പാകയോ ചെയ്യില്ല. ദൈവത്തിൻറെ കാഹളം മുഴങ്ങും, ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും, പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ (വയലിൽ) എടുക്കപ്പെടും, ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും."

9 ഓ, ഞങ്ങളെ സഹായിക്കേണമേ, ഇന്ന് രാത്രിയിൽ, കർത്താവേ. ഞങ്ങളുടെ ആത്മാവിൻറെ മാധുര്യം ഞങ്ങൾക്ക് നൽകുകയും, എല്ലാ കൈപ്പും വ്യത്യസ്തതയും ഞങ്ങളിൽ നിന്ന് അകറ്റുകയും ചെയ്യേണമേ, ഞങ്ങൾ പരിശുദ്ധാത്മാവിനോട് *അത്രമാത്രം* അലിഞ്ഞുചേരാൻ ഇടയാകട്ടെ. ദൈവത്തിൻറെ ദൂതൻ ഇന്ന് രാത്രി വാഴുന്നതിനു ഇടയാകട്ടെ.

10 കർത്താവേ, ഈ ജനങ്ങളോട് എന്താണ് പറയേണ്ടതെന്ന് എനിക്കറിയില്ല. ഇപ്പോൾ, എൻറെ പക്കൽ നീ ചെയ്തതിൻറെ എല്ലാ ചരിത്രങ്ങളും കാര്യങ്ങളും എഴുതിയത് ഉണ്ടായിരിക്കുന്നു, എന്നാൽ ഭാവിയെ വ്യാഖ്യാനിക്കാൻ നീ തന്നെ അത് എടുക്കേണ്ടിയിരിക്കുന്നു, അതിനാൽ നീ അത് ഞങ്ങൾക്ക് നൽകണമെന്ന് യേശുക്രിസ്തുവിൻറെ നാമത്തിലൂടെ ഞാൻ അപേക്ഷിക്കുന്നു. ആമേൻ.

11 ഇപ്പോൾ നമുക്ക് വെളിപാടിൻറെ പുസ്തകത്തിലേക്ക് തിരിക്കാം. നമ്മൾ ഇന്ന് രാത്രിയിൽ സഭാകാലഘട്ടത്തിൻറെ...നാലാമത്തെ സഭാകാലഘട്ടമായ, തുയഥൈരയിലെ, മഹത്തായ ഈ

സഭാകാലഘട്ടം ഇരുണ്ട യുഗം എന്നറിയപ്പെടുന്നു. ഈ സഭായുഗം 606 ൽ ആരംഭിച്ച് 1520 ൽ അവസാനിച്ചു. ഞാൻ...എനിക്ക് കഴിഞ്ഞിരുന്നതെല്ലാം, ഞാൻ അതിൽ നിന്നും എടുത്തിരിക്കുന്നു. പല പണ്ഡിതന്മാരും എടുക്കുന്നത്—വിശുദ്ധ പാട്രിക്കിനെ നക്ഷത്രമായി എടുക്കുകയോ അല്ലെങ്കിൽ അത്...ഒന്നായി...

12 *ഏഴ് നക്ഷത്രങ്ങൾ* "ഏഴ് ദൂതന്മാരാകുന്നു" ഏഴ് ഏഴ് സഭാ യുഗങ്ങളുടെയാകുന്നു. നമുക്കറിയാം നാളെ രാത്രിയിൽ, സംശയാതീതമായി, ലൂഥറും; പിന്നെ വെസ്ലിയും ആയിരിക്കും. ഈ ലവൊദിക്ക്യയിലെ സഭയുടെ നക്ഷത്രം ആരായിരിക്കുമെന്ന് നമുക്ക് അറിയില്ല. അത്...നാം ഇപ്പോൾ ആ യുഗത്തിലാകുന്നു, പെന്തക്കോസ്ത് ആരംഭമായ 1906 മുതൽ ആകുന്നു. എന്നാൽ അവിടെ ഒരു ദൂതൻ എഴുന്നേറ്റിട്ട് അത് എല്ലാ മത വിശ്വാസ പ്രമാണങ്ങളെയും അടിച്ചമർത്തിയിട്ടു, സഭയെ വീട്ടിലേക്ക് കൊണ്ട് പോകാൻ തയ്യാറാക്കും. ഇപ്പോൾ, ചില ഗുരുക്കൾ അതിൻറെ—ൻറെ... ആത്മാവിൽ, അത് അടയാളങ്ങളോടും അത്ഭുതങ്ങളോടും കൂടി ഉയരും. ഇപ്പോൾ, ഇത് അറിയാൻ ദൈവം നമ്മളെ സഹായിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

13 ഇത് തിരഞ്ഞെടുത്ത്, അതിൽ കൂടെ നോക്കുമ്പോൾ, വിശുദ്ധ പാട്രിക് ഒരു മഹാനായ വ്യക്തിയായിരുന്നു. പഴയ കൈയെഴുത്തുപ്രതികളിൽ ചിലത് ലഭിച്ചിട്ട് അതിൽ കൂടെ നോക്കുമ്പോൾ, വിശുദ്ധ പാട്രിക് ഒരു കത്തോലിക്കനായിരുന്നില്ല. അദ്ദേഹം കത്തോലിക്കാ സഭയെ പ്രതിഷേധിച്ചിരുന്നു. മതനവീകരണ കാലത്ത്, അവർക്കുണ്ടായിരുന്ന ആ മത വിശ്വാസ സിദ്ധാന്തം അവർ കുഴിച്ചെടുത്തു, അങ്ങനെ വിശുദ്ധ പാട്രിക് കത്തോലിക്കാ സഭയെ പ്രതിഷേധിച്ചതായി തെളിയിക്കുകയും ചെയ്തു. അതായത്... വിശുദ്ധ പാട്രിക് ഒരു സംഘാടകനായ മനുഷ്യനെപ്പോലെയായിരുന്നു, അദ്ദേഹത്തിന് സ്വന്തമായി ഒരു പാഠശാല ഉണ്ടായിരുന്നു. അവൻ ആദ്യം...കടൽത്തീരത്ത് വച്ച് അവനെ തട്ടിക്കൊണ്ടുപോയപ്പോൾ, അവനും, അവൻറെ രണ്ട് ചെറിയ സഹോദരിമാരും ആയിരുന്നു എന്നാൽ അവരെക്കുറിച്ച് പിന്നീടൊരിക്കലും അവൻ കേട്ടിട്ടില്ല. അവരെ റോമിലേക്ക് കൊണ്ടുപോകുകയും, ഒരുപക്ഷെ അടിമകൾക്ക് വേണ്ടി വിൽക്കുകയും ചെയ്തിരിക്കാം. അവനെയും കൊണ്ടുപോയി ഒരു അടിമയായി വിൽക്കുകയും അവനു പന്നികളെ മേയ്ക്കുന്ന ഒരു ജോലി കൊടുക്കുകയും ചെയ്തു.

14 അവൻ നായ്ക്കളെ എടുത്ത്—എടുത്ത് അവൻറെ പന്നികളെ സംരക്ഷിക്കാൻ പരിശീലനം കൊടുക്കുകയും, അതുപോലുള്ള

കാര്യങ്ങൾ ചെയ്തിരുന്നു, അവർ പലതരം വ്യത്യസ്തമായ പന്നിയെപ്പോലെ മുരളുന്ന ശബ്ദങ്ങളുമായി വരുകയും അത് അവൻ അവൻറെ നായ്ക്കൾക്കു കൊടുത്തിരുന്നു. അങ്ങനെ അവസാനം ഒരു രക്ഷപ്പെടാനുള്ള വഴി, ഒരു വഞ്ചിയുടെ അടിയിൽ കിട്ടുകയും, അവൻ കടലിൽ എത്തുന്നതുവരെ, നായ്ക്കൾ അവനെ മൂടിയിരുന്നു. പിന്നീട് അവൻറെ സ്വന്തം മനോഹരമേറിയ സ്ഥലമായ, അയർലണ്ടിൽ, എത്തുകയും അവൻറെ അമ്മയും അപ്പനും അപ്പോഴും ജീവിച്ചിരിക്കുന്നതായി കണ്ടെത്തുകയും ചെയ്തു. കൂടാതെ വിശുദ്ധ പാട്രിക് മഹാനായ വിശുദ്ധ മാർട്ടിൻറെ ഒരു—ഒരു അനന്തരവനായിരുന്നു.

15 യേശുക്രിസ്തുവിനു ശേഷമുള്ള മനുഷ്യരുടെ പരമ്പരയിൽ നമുക്കുണ്ടായിട്ടുള്ളതിൽ വച്ച് ഏറ്റവും മഹത്തായ ഒരാളായിരുന്നു, വിശുദ്ധ മാർട്ടിൻ. അവൻറെ സഭകളെല്ലാം പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരുന്നു, അവരെല്ലാം അന്യഭാഷകളിൽ സംസാരിച്ചിരുന്നു, അവർക്ക് അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടായിരുന്നു, കൂടാതെ അത്ഭുതങ്ങളും, എല്ലാത്തരത്തിൽപ്പെട്ട അത്ഭുതങ്ങളും നടന്നിരുന്നു. ആ സഭാ കാലഘട്ടം കത്തോലിക്കാ മതത്തോട് വിവാഹവും കഴിക്കാൻ പോകുന്നതിൻറെ ഇടയിലും അദ്ദേഹം പെന്തക്കോസ്ത് വിശ്വാസം കാത്തുസൂക്ഷിച്ചു, വിഗ്രഹാരാധനയും അതോടുകൂടെ നിക്കൊലാവ്യരുടെ വിവാഹവും ഒരുമിച്ച് ആയിട്ട്, ഒരു സംഘടന ഉണ്ടാക്കുകയായിരുന്നു, ഉണ്ടാക്കുകയും അത്—അത് നിക്കൊലാവ്യരുടെ, അതിനെ നാം *നിക്കാവോ,* എന്ന് വിളിക്കുന്നു അർത്ഥമാക്കുന്നത് "കീഴടക്കാൻ എന്നാകുന്നു, കീഴടക്കുക, അല്ലെങ്കിൽ അട്ടിമറിക്കുക," അത് സാധാരണക്കാരെയാകുന്നു, എന്നിട്ട് പരിശുദ്ധാത്മാവിനെ സഭയിൽനിന്ന് അകറ്റി കളയുക, അങ്ങനെ "പുരോഹിതൻ മാത്രം പരിശുദ്ധൻ, അത് വെറും മനുഷ്യൻ മാത്രമാകുന്നു." നോക്കൂ? അതിനുശേഷം അവർ ആഗ്രഹിക്കുന്ന ഏതു രീതിയിലും അവർ ജീവിക്കുന്നു, ഞാൻ ഊഹിക്കുകയാണ്, എന്നിട്ട് നിങ്ങൾ അത് പുരോഹിതനോട് ഏറ്റുപറയുന്നിടത്തോളം മതിയാകുന്നു. അപ്പോൾ അവർ...

16 ഇന്നലെ രാത്രിയിൽ കണ്ടിരുന്നു, അതായതു—അവർ അവരെ സ്ഥാപിക്കുകയുണ്ടായി, അതു കുസ്തന്തീനോസിനെ ആദ്യത്തെ ബിഷപ്പായി സ്ഥാപിച്ചതാകുന്നു, അങ്ങനെ അതിനെ സ്ഥാപിച്ചിട്ട്... ഈ കെട്ടിടങ്ങൾ അവർക്ക് നൽകുകയും, അത് ഞങ്ങൾ നിങ്ങൾക്ക് തീയതികളും മറ്റും നൽകിയത് നിങ്ങൾ കുറിച്ചെടുത്തതാണ്. അതിനെ തുടർന്ന് അവർക്ക് അവിടെ വലിയ സംക്രമ വിരുന്ന് ഉണ്ടായിരുന്നു, അത് വർഷത്തിലെ ഏറ്റവും ചെറിയ ദിവസമായ, ഡിസംബർ 21 ാം

തീയതി ആയിരുന്നു. അങ്ങനെ ഈ ഭ്രാന്ത് അതിൽ കൊണ്ടുവന്നിട്ട്, അതിനെ, അതായത് അവൻ "സൂര്യൻറെ ദിവസമായി." നോക്കൂ, ഈ—ഈ സൂര്യൻറെ ജന്മദിനം, അവർ യേശുക്രിസ്തുവിൻറെ ജനനത്തെ ഏപ്രിലിൽ നിന്നും ഡിസംബർ 25 വരെ കൊണ്ടുവന്നു.

17 ഡിസംബർ 25. ആ അഞ്ച് ദിവസങ്ങളിൽ റോമാക്കാരുടെ വലിയ ആഘോഷങ്ങളും, സർക്കസും, മറ്റും ഉണ്ടായിരുന്നു, അപ്പോഴാണ് അവർ ഈ വലിയ വിഗ്രഹാരാധനയുടെ വിരുന്ന് നടത്തിയത്. അങ്ങനെ അവർ ഈ മനുഷ്യനെ ഒരു ദൈവമായി അവിടെ നിർത്തി, അവനെ വസ്ത്രങ്ങൾ അണിയിക്കുകയും എല്ലാം ചെയ്തു. അവരുടെ ദൈവം അവരോടുകൂടെ തന്നെ ഉണ്ടായിരുന്നു. അങ്ങനെ അത്... അപ്പോഴാണ് ആയിരമാണ്ട് വാഴ്ചക്കാലത്തിനു-ശേഷമുള്ള ജനങ്ങൾ നിലവിൽ വരുന്നത്, അവിടെത്തന്നെ വച്ചായിരുന്നു, കാരണം സഭ ആയിരമാണ്ട് വാഴ്ചക്കാലത്തിൽ അവിടെത്തന്നെ ആയിരുന്നു എന്ന് അവർ കരുതി. നോക്കൂ, കാരണം അവർ സമ്പന്നരായിരുന്നു, അവർക്ക് ഒന്നിനും ആവശ്യമില്ലായിരുന്നു, സംസ്ഥാനവും സഭയും തമ്മിൽ ഒരുമിച്ച് ആയിരുന്നു. "ആയിരമാണ്ട് വാഴ്ചക്കാലം തുടരുന്നു," എന്ന് ഇപ്പോഴും ഈ ദിവസ്സം വരെയും ഒരു കത്തോലിക്കാക്കാരുടെ പഠിപ്പിക്കലാകുന്നു. നോക്കൂ? ഇപ്പോൾ, "ആയിരമാണ്ട് വാഴ്ചക്കാലം തുടരുന്നു," കാരണം അത് തെറ്റാണെന്ന് നമുക്കറിയാം. ആയിരമാണ്ട് വാഴ്ചക്കാലം: ക്രിസ്തുവിൻറെ രണ്ടാമത്തെ വരവ് ആയിരമാണ്ട് വാഴ്ചക്കാലത്തെ കൊണ്ടുവരുന്നു. അത് ശരിയാണ്.

ഭൂമി ഞരങ്ങുകയും, ആ മധുര മോചന ദിവസത്തിനായി
കരയുന്നു,
അത് നമ്മുടെ കർത്താവ് വീണ്ടും ഭൂമിയിലേക്ക്
വരുമ്പോഴാകുന്നു.

18 ഇപ്പോൾ, ഈ മഹാനായ വിശുദ്ധൻ ഇവിടെ കൊളംബ ആയിരുന്നു. അവൻ ദൈവത്തിൻറെ ഒരു മഹാനായ മനുഷ്യനായിരുന്നു.

19 ഇപ്പോൾ, എനിക്ക് അദ്ദേഹത്തിൻറെ ചരിത്രം ഇവിടെ എഴുതിയിട്ടുണ്ട്. ഒന്നാമതായി, നാലാമത്തെ സഭായുഗമായ *തുയഥൈര,* അതിനർത്ഥം "അയഞ്ഞത്, മുറുക്കമില്ലാത്തത്," അല്ലെങ്കിൽ, "കുഴഞ്ഞത്." നോക്കൂ? അത് 606 മുതൽ 1500 വരെയുള്ള ക്രമവിരുദ്ധമായ ഒരു സമയം മാത്രമായിരുന്നു.

20 അതിൻറെ നക്ഷത്രം കൊളംബ ആയിരുന്നു, അയർലൻഡിൽ നിന്നും സ്കോട്ട്ലാന്റിൽ നിന്നുമായിട്ട്, അത് വിശുദ്ധ മാർട്ടിൻറെ അനന്തരവനായിരുന്നു; കൂടാതെ വിശുദ്ധ പാട്രിക്കിന് ശേഷം

ഏകദേശം അറുപത് വർഷം ജീവിക്കുകയും, അതിനാൽ അദ്ദേഹത്തിൻറെ ശുശ്രൂഷ ആരംഭിക്കുന്നത് വിശുദ്ധ പാട്രിക്കിന് ശേഷം ഏകദേശം അറുപത് വർഷത്തിന് ശേഷമാണ്. അദ്ദേഹത്തിൻറെ...

21 അദ്ദേഹം ഒരിക്കലും റോമാക്കാരുടെ സിദ്ധാന്തം അംഗീകരിച്ചില്ല. അദ്ദേഹം വലിയ വിശ്വാസമുള്ള ഒരു വ്യക്തി ആയിരുന്നു. അവൻ റോമാക്കാരുടെ പഠിപ്പിക്കലുകൾ നിരസിച്ചു കളഞ്ഞു; ഒരിക്കലും റോമിലേക്ക് പോയതുമില്ല, അത് പൂർണ്ണമായും അത് നിരസിച്ചു കളയുകയുണ്ടായി. അതാകുന്നു, അവർ അദ്ദേഹത്തെ എവിടെയാണ് വിശുദ്ധനായി പ്രഖ്യാപിച്ചതെന്ന് എനിക്ക് കാണാൻ കഴിഞ്ഞില്ല. അതിപ്രകാരം വിശുദ്ധ മാർട്ടിനെയും മറ്റുള്ളവരെയും പോലെ, അവർ അദ്ദേഹത്തെയും ഇറേനിയസിനെയും വിശുദ്ധരായി പ്രഖ്യാപിച്ചില്ല എന്തുകൊണ്ടാണെന്നാൽ, പെന്തക്കോസ്തിൻറെ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടായിരുന്ന അതേ സഭയിൽ തന്നെ അവർ അപ്പോഴും ഉണ്ടായിരുന്നു, എന്നാൽ വിശ്വസിച്ചിരുന്നു. അവൻ ഒരിക്കലും റോമാക്കാരുടെ പഠിപ്പിക്കലുകൾ എടുത്തില്ല, അവരുടെ പഠിപ്പിക്കലുകൾ എടുത്തില്ല. തൻറെ ദൈവഭക്തയായ അമ്മയുടെ പഠിപ്പിക്കലിനെ അദ്ദേഹം വേദപുസ്തകം പഠിപ്പിക്കാൻ എടുത്തിരുന്നു, അത് വിശുദ്ധ മാർട്ടിൻറെ സഹോദരി ആയിരുന്നു, ഒരിക്കൽ പോലും റോമാക്കാരുടെ പഠിപ്പിക്കലുകൾ എടുത്തിട്ടില്ല. മർക്കോസ് 16 ൻറെ അടയാളങ്ങൾ ഓരോ വിശ്വാസിയെയും പിന്തുടരണമെന്ന് അദ്ദേഹം പഠിപ്പിച്ചു. ആമേൻ! ഞാൻ...അത്തരത്തിലുള്ള ഒരു വ്യക്തിയെയാണ് ഇഷ്ടപ്പെടുന്നത്; വിശ്വസിക്കുന്നു. അതെ, ശ്രീമാൻ.

22 അദ്ദേഹം—അദ്ദേഹം ദൈവത്തിൻറെ വിളിയുടെ ശബ്ദം കേട്ടിരുന്നു. അത് അദ്ദേഹത്തിനുണ്ടായിരുന്ന മറ്റൊരു നല്ല അടയാളമാണ്, നോക്കൂ. അതിനുശേഷം അവനെ തടയാൻ യാതൊന്നിനും കഴിഞ്ഞില്ല, അദ്ദേഹം മുമ്പോട്ട് പൊയ്ക്കഴിഞ്ഞിരുന്നു, ഹ-അതേ, ഹ-അതേ, ദൈവത്തിൻറെ വിളിയുടെ ശബ്ദം കേട്ടപ്പോൾ അവൻ വഴിയിൽ ആയിരുന്നു.

23 ഒരു അത്ഭുതം...എനിക്ക് വളരെയധികം കുറിപ്പുകൾ കിട്ടിയിരുന്നു-... ഇവിടെ താഴെ, എന്നാൽ നാം ഇത് ഒരെണ്ണം എടുക്കുകയാണെങ്കിൽ നന്നായിരിക്കും. ഒരു അത്ഭുതം എന്താണെന്നാൽ കർത്താവ് അവനെ അയച്ച ഒരു പ്രത്യേക നഗരത്തിലേക്ക് അവൻ പോയപ്പോൾ, ആ നഗരത്തിന് അവനെ സ്വീകരിക്കാൻ മനസ്സില്ലായിരുന്നു, അതിനാൽ അവർ അവിടെ ചെന്നു ശ്രമിക്കുകയുണ്ടായി...അതിനുവേണ്ടി സംഗീതക്കാരെ എടുക്കുകയും, അങ്ങനെ എല്ലാമായിട്ടു, നഗര

വാതിലുകൾ അടക്കുകയും സംഗീതക്കാർ പാട്ടുകൾ പാടുന്നതിൽക്കൂടെ, അവൻറെ ശബ്ദം മുക്കിക്കളയാൻ ശ്രമിക്കുകയുണ്ടായി. അപ്പോൾ അവൻ ശബ്ദമുയർത്തി പ്രസംഗിക്കാൻ തുടങ്ങുകയും, അത് സംഗീതക്കാരുടെ പാട്ടുകളെ മുക്കിക്കളയുകയും നഗര വാതിലുകൾ തുറക്കപ്പെടുകയും ചെയ്തു, അവൻ നഗരത്തിനു അകത്ത് കടന്നു, എന്തായാലും സുവിശേഷം പ്രസംഗിച്ചു. അവൻ ആ മുഴുവൻ കൂട്ടത്തെയും പരിവർത്തനം ചെയ്തു.

24 ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്ന മറ്റൊരു ചെറിയ കാര്യം കൂടിയുണ്ട് അത് ഇതാകുന്നു. അദ്ദേഹം ഒരു നഗരത്തിലേക്ക് പോയി. ആ ദിവസങ്ങളിൽ അവർക്ക് അവരുടെ നഗരങ്ങൾ മതിലുകൾ കെട്ടി ഉയർത്തിയിരുന്നു, തീർച്ചയായും. അങ്ങനെ അവൻ നഗരത്തിലേക്കു പോയി, അവർ അവനെ പുറത്താക്കിക്കളഞ്ഞു. അദ്ദേഹം തിരികെ പോകുകയായിരുന്നു, അപ്പോൾ ആ നഗരത്തലവൻറെ മകൻ കഠിനമായി രോഗബാധിതനായി, അങ്ങനെ അവർ ഈ നല്ല വിശുദ്ധൻറെ പിന്നാലെ വഴിയിൽ ആളെ വിട്ടു. അദ്ദേഹം തിരികെ വന്ന് ആ മരിച്ചു കൊണ്ടിരിക്കുന്ന കുട്ടിയുടെ മേലെയായി സ്വയം കിടക്കുകയും, അവൻ ജീവനിലേക്ക് വരുകയും ചെയ്തു.

25 അവൻറെ സഭ പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരുന്നു, അവന് അതിൽ കുറവൊന്നും ഉണ്ടാകുമായിരുന്നില്ല, കാരണം അവൻറെ സഭയിലെ ഓരോ അംഗവും പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരിക്കണം എന്നതായിരുന്നു. റോമിൻറെ അധികാരശ്രേണിയെ അദ്ദേഹം പ്രതിഷേധിക്കുകയും അങ്ങേയറ്റം വെറുക്കുകയും ചെയ്തു. അദ്ദേഹം ആ യുഗത്തിലെ നക്ഷത്രമായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. അവൻ എന്തു ചെയ്യുകയായിരുന്നു? അന്യഭാഷകളിൽ സംസാരിക്കുന്നതിൽക്കൂടെയും, കർത്താവായ യേശുവിൻറെ നാമത്തിൽ സ്നാനം കഴിപ്പിക്കുന്നതിൽക്കൂടെയും, അവർ ആരംഭിച്ച അതേ കാര്യങ്ങളെ തന്നെ അദ്ദേഹം നടപ്പിലാക്കിയിരുന്നു. ദൈവം അനന്തമാണെങ്കിൽ, അവൻ തൻറെ സഭയെ തുടക്കത്തിൽ സ്ഥാപിച്ചത് അങ്ങനെയാണെങ്കിൽ, അത് അതേപടി തന്നെ നിലനിൽക്കേണ്ടത് ആവശ്യമാകുന്നു, അത് (ന്യൂനപക്ഷത്തിൽ ആയാൽ പോലും) അവസാനം വരെയും ആയിരിക്കണം; മിക്കവാറും അത് പിഴുതെറിയപ്പെട്ടു *ഇവിടെ,* പിന്നെ ലൂഥറിൽ കൂടെ വീണ്ടും തിരികെ വന്നു.

26 ഇപ്പോൾ, നാം ഇപ്പോൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നു, കൂടാതെ ഈ വാക്യങ്ങളിൽ ചിലത് ഇപ്പോൾ നമുക്ക് ഒഴിവാക്കാനാകുമോ എന്ന് നോക്കുക, ശരി...നമുക്ക് അതിൻറെ 18 ാം വാക്യത്തിൽ നിന്നും

തുടങ്ങാം:

*...തുയഥൈരയി ലെ സഭയുടെ ദൂതനു എഴുതുക;...*

27 നിങ്ങൾ ഈ കാര്യങ്ങളെ ശ്രദ്ധിച്ചോ—ഈ സംബോധനകളെ? ഈ സന്ദേശങ്ങൾ അഭിസംബോധന ചെയ്തിരിക്കുന്നത് ദൂതന്മാരോടാകുന്നു, അല്ലെങ്കിൽ ആ സഭായുഗത്തിൻറെ വെളിച്ചം വഹിക്കുന്ന ശുശ്രൂഷകനെ അഭിസംബോധന ചെയ്യുന്നു. നോക്കു? ഇപ്പോൾ, ഇന്നലെ രാത്രി നാം കണ്ടെത്തിയിരുന്നു, അത് മറ്റൊരു സഭാ യുഗത്തിൻറെ സമാപനത്തിൽ അത്—അത് പെർഗ്ഗമൊസ്സ് ആയിരുന്നു, അതായത് ആ സഭയുടെ ദൂതന് (ഈ സഭായുഗത്തിൽ ജയം പ്രാപിക്കുമ്പോൾ) ഒരു കല്ല് ലഭിക്കും. ഈ കല്ലിൽ...

28 ഇപ്പോൾ, നാം ആ "കല്ല്" എടുക്കുകയും അതിനെ പ്രതീകാത്മകമായി എടുക്കുകയും, അത് അർത്ഥമാക്കുന്നത് ഒരു "പാറയാകുന്നു." എന്താകുന്നു ഇത്? അതിൻറെ ദൂതൻ പത്രോസിനെപ്പോലെ വിളിക്കപ്പെടുന്ന ഒരാളായിരിക്കും അത് വിളിക്കപ്പെട്ടത് "പാറ എന്നായിരുന്നു."

29 നിങ്ങളുടെ പേര് നിങ്ങളുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തുന്നുവെന്ന് കണ്ടെത്തുകയുണ്ടായി. ഇപ്പോൾ, എനിക്ക് അതിൽ കൂടുതലൊന്നും പോകാൻ കഴിയില്ല, കാരണം പിശാചിന് ഒരു തെറ്റായ സംഖ്യാശാസ്ത്രമുണ്ട്; അത് നമുക്കറിയാം; അങ്ങനെ ജനങ്ങൾക്ക് *തോന്നാൻ*, തുടങ്ങുകയും ഇത്യാദി കാര്യങ്ങൾ എല്ലാമായിട്ടു അതായതു, അത് അദ്ധ്യാത്മതയിലേക്ക് പോകുന്നു. കൂടാതെ അദ്ധ്യാത്മത പിശാചിൽ നിന്നുമുള്ളതാകുന്നു. അത് നമുക്കറിയാം. അങ്ങനെ ആ രീതിയിലാണ്, നിങ്ങൾ അത് ശ്രദ്ധിക്കേണ്ടത്. അതിപ്രകാരം അവർ...

30 ആ കാരണത്താലാണ് അവർ യേശുവിനെ വിളിച്ചത് ഒരു "ബെയെത്സെബൂബ്," ഒരു "പിശാച്," എന്താണെന്നാൽ, നിങ്ങൾ നോക്കു, അവരുടെ മനസ്സിലെ ചിന്തകൾ അവന് വിവേചിച്ചറിയാൻ കഴിഞ്ഞിരുന്നു. നോക്കു, എന്നാൽ അവൻ ദൈവത്തിൻറെ വചനമായിരുന്നു. എബ്രായർ 4 പറയുന്നു, "ദൈവത്തിൻറെ വചനം ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും, ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു." നോക്കു? അതിനാൽ, അവൻ വചനമായിരുന്നു, അവൻ ജീവനുള്ള വചനമാകുന്നു, ജീവനുള്ള വചനം നമ്മുടെ ഉള്ളിലേക്ക് വരുകയും അത് നമ്മുടെ മേലും അതേ സ്വാധീനം ചെലുത്തുന്നു. നോക്കു, അതേ, കാരണം ഇത് അതേ വചനമാകുന്നു. നോക്കു, നമുക്കിടയിലും അതുതന്നെയാണ്. അങ്ങനെ അതുതന്നെ ആ വഴിയാകുന്നു.

ചിലപ്പോൾ അതേ തട്ടിൽ ഇല്ലാത്തവർ അന്യഭാഷകളിൽ സംസാരിക്കും, മറ്റൊരാൾ അതിനെ വ്യാഖ്യാനിക്കും. എന്താകുന്നു ഇത്? വചനം നമ്മുടെ ഇടയിൽ വീണ്ടും ജഡമായിരിക്കുന്നു.

31 അതിനെ തുടർന്ന്, ഈ ദൂതൻ പിന്നീട് സ്വീകരിക്കുന്നത് നാം ശ്രദ്ധിക്കുന്നു...ആ സഭാ കാലഘട്ടത്തിലെ ദൂതൻ സ്വീകരിക്കുന്നതാണ് ആ "കല്ല്." അതൊരു *വെളുത്ത* കല്ലായിരുന്നു, അത് അർത്ഥമാക്കുന്നത് അവന്റെ സ്വന്തം നീതിയല്ല, എന്നാൽ "ദൈവത്തിൻറെ സ്വന്തം നീതിയാകുന്നു."

32 ഈ കല്ലിൽ "ഒരു പേര്," ഉണ്ടായിരുന്നു ആരും അറിയാത്ത ഒരു പേര്, എന്നാൽ അത് സ്വീകരിക്കുന്നവൻ മാത്രം സ്വയം അത് അറിഞ്ഞിരുന്നു. അവൻ അത് അറിയാമായിരുന്നു, പക്ഷേ അവനല്ലാതെ മറ്റാർക്കും അറിയാൻ കഴിഞ്ഞില്ല. അതിനാൽ ഈ മനുഷ്യർ നിങ്ങളെ മുഖസ്തുതി പറഞ്ഞു നിങ്ങൾ കേൾക്കുമ്പോൾ, അത് അവരുടേതാണ് അവർ പറയുന്നത്; അവർ "യോഹന്നാനും," അവർ "പൌലോസും," അവർ "മറിയവും," അവർ "*ഇതും*," "*അതും*," അല്ലെങ്കിൽ അത് "*മറ്റുള്ളതുമാകുന്നു*." നിങ്ങൾ അത് വിശ്വസിക്കരുത്, കാരണം അങ്ങനെയാണെങ്കിൽ, അവൻ ഒരിക്കലും അതിനെക്കുറിച്ച് ഒന്നും പറയില്ല. നോക്കു? അത് ശരിയാണ്. അവൻ അത് തന്നിൽത്തന്നെ സൂക്ഷിക്കണം. അവൻ അറിഞ്ഞിരുന്നു. അവനല്ലാതെ മറ്റാരും അറിഞ്ഞില്ല, എന്നാൽ അവൻ അറിഞ്ഞിരുന്നു, കാരണം ഓരോ തികഞ്ഞ ജയം പ്രാപിക്കുന്നവരും ഒരു പുതിയ പേര് പ്രാപിക്കുന്നു അത് ആ—അത്—ആ രീതിയിലാകുന്നു.

33 അബ്രഹാമിനെ അബ്രാം എന്ന് വിളിച്ചിരുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ, പക്ഷേ ദൈവം അവനെ ഉപയോഗിക്കാൻ പോയപ്പോൾ അവൻ അവൻറെ പേര് മാറ്റി "അബ്രഹാം." സ-അ-റ-റ-അ സാറ ആയിരുന്നു, എന്നാൽ ദൈവം അവളെ ഉപയോഗിക്കാൻ പോകുമ്പോൾ, അവൻ അവളുടെ പേര് സ-അ-റ-റ-അ-ഹ എന്ന് മാറ്റി: *സാറാ*, "രാജകുമാരി." നിങ്ങൾക്ക് അറിയാമോ അതായത് യാക്കോബ്...? *യാക്കോബ്* "ചതിയനായിരുന്നു." *ഏശാവ്* അർത്ഥമാക്കുന്നത് "ചുവപ്പ്," ചുവന്ന രോമമുള്ളവൻ; ചുവന്ന തലയും ശരീരം മുഴുവൻ ചുവപ്പായിരുന്നു, ഏശാവ് അതാകുന്നു. ഇപ്പോൾ, ഈ *യാക്കോബ്* "ചതിയനായിരുന്നു." കൂടാതെ *ചതിയൻ എന്ന്* വച്ചാൽ ഒരു "വഞ്ചകനാകുന്നു." ഏശാവ് തന്നെ പറയുന്നില്ലേ, "ശരി, *യാക്കോബ്* എന്നല്ലോ അവൻറെ പേര്? ചതിയൻ?" എന്നാൽ അവൻ രാത്രി മുഴുവനും കർത്താവുമായി മല്ലിട്ട്, ജയം പ്രാപിച്ചപ്പോൾ, അവൻ അനുഗ്രഹിക്കപ്പെടുകയും, ദൈവം അവൻറെ പേര് മാറ്റി;

യാക്കോബിൽ നിന്നും *ഇസ്രായേൽ*, "ദൈവത്തോടൊപ്പം ഒരു രാജകുമാരൻ." പൗലോസിനെ *ശൗൽ* എന്ന് വിളിച്ചിരുന്നു അവൻ പരിശുദ്ധാത്മാവിനെ ഒരു വെളിച്ചത്തിൻറെ രൂപത്തിൽ അവൻറെ മേൽ പ്രകാശിക്കുന്നത് വരെ, അവൻറെ പേര് ശൗൽ എന്നതിൽ നിന്ന് മാറി "പൗലോസ്." ശിമെയോൻ, അവൻ യേശുവിനെ കണ്ടുമുട്ടിയപ്പോൾ, അവൻ തൻറെ പേര് മാറി "പത്രോസ്." അത്...

34 യേശു ജയം പ്രാപിച്ചപ്പോൾ, അവൻറെ പേര് മാറ്റപ്പെട്ടു. അവൻ ആ പേര് വെളിപ്പെടുത്തും, "അവനോടുകൂടെ ഇരിക്കുന്നവൻ, അവനെപ്പോലെ ജയം പ്രാപിച്ചവൻ, അവന് ഒരു പുതിയ പേര് ലഭിച്ചു; ഞാൻ എൻറെ പുതിയ പേര് അവനു വെളിപ്പെടുത്തും." നോക്കൂ? ജയം പ്രാപിക്കുന്ന ഓരോ വ്യക്തിക്കും, ഞാൻ അർത്ഥമാക്കുന്നത്, അത്തരത്തിലുള്ളവരിൽ എന്നാണ്: അത് അവർ നായകന്മാരും മറ്റുമാകുന്നു. ഇപ്പോൾ, എല്ലാ ഇസ്രായേൽ മക്കൾക്കും അവരുടെ പേര് മാറ്റി കിട്ടിയിട്ടില്ല, തീർച്ചയായും. അത് ശരിയാണ്. എന്നാൽ ആ ഉന്നത സ്ഥാനത്തുള്ള നായകന്മാർ, അവർ ജയം പ്രാപിച്ചപ്പോൾ അവർക്ക് ഒരു പുതിയ പേര് ലഭിച്ചു. ഇത് എങ്ങനെ താരതമ്യപ്പെട്ടു വരുന്നുവെന്ന് കാണുക? തികച്ചും സമ്പൂർണ്ണമാകുന്നു.

35 അങ്ങനെ ഇപ്പോൾ നാം കണ്ടെത്തുന്നു അതായതു അവൻറെ പക്കൽ "മറഞ്ഞിരിക്കുന്ന മന്നയുമുണ്ട്." ഇപ്പോൾ, മറഞ്ഞിരിക്കുന്ന മന്ന കാഴ്ചയപ്പത്തോട് സദ്രിശ്യമാകുന്നു. കാഴ്ചയപ്പം പുരോഹിതർക്ക് മാത്രമായിരുന്നു. അതു ശരിയാണ്. കാഴ്ചയപ്പം പുരോഹിതനു മാത്രമായിരുന്നു. പിന്നെ അവർ...അത് പുരോഹിതന് വേണ്ടി മാത്രമായി ഉണ്ടാക്കിയിരുന്ന ഒരു പ്രത്യേക കാര്യമായിരുന്നു, അതായത്, നായകന്മാർക്ക് ആയിരുന്നു; അങ്ങനെ ഈ മനുഷ്യൻ ജയം പ്രാപിച്ചിരുന്നു. മുഴുവൻ സഭയ്ക്കും മന്ന ലഭിച്ചു, എന്നാൽ അവന് ഒരു *മറഞ്ഞിരിക്കുന്ന* (പ്രത്യേക) *മന്ന* ലഭിക്കുന്നു, അല്ലെങ്കിൽ ഒരു "*പ്രത്യേക വെളിപാടാകുന്നു*," ഓ, യേശു ആരായിരുന്നു, അവനെ സംബന്ധിച്ച് എന്താകുന്നു, അവനെക്കുറിച്ച് എല്ലാ കാര്യങ്ങളും ആകുന്നു. നോക്കു, അവൻ ജയിച്ചാൽ ആ വെളിപാട് അവന് കിട്ടുന്നു. ആ ദൂതന്, "മുറുകെ പിടിക്കുക, കാരണം ജയിക്കുന്നവനു..." അവൻ ജയം പ്രാപിച്ചിരിക്കുന്നു. സഭയുടെ *ദൂതന്* അഭിസംബോധന ചെയ്തിരുന്നു. നോക്കു?

36 ഇപ്പോൾ അതിനുശേഷം നാം കണ്ടെത്തുന്നു, ഇന്ന് രാത്രിയിൽ, നാം ആരംഭിക്കുകയാണ്:

> ...തു *തുയഥൈരയിലെ സഭയു ടെ ദൂതനു എഴുതുക;*
> *ഈ കാര്യങ്ങളെ ദൈവപുത്രൻ അരുളിച്ചെയ്യുന്നതു, അവന്*

*ഉള്ളത്...അഗ്നിജ്വാലെക്കു...*ഒത്ത *കണ്ണും, വെള്ളോട്ടിന്നു... സദൃശമായ കാലും;*

37 ഇപ്പോൾ, നാം അവനെ ആദ്യം, എഫെസൊസ് യുഗത്തിൽ, അല്ലെങ്കിൽ വെളിപാടിൻറെ ആദ്യത്തെ ആരംഭത്തിൽ കണ്ടപ്പോൾ, നാം അവനെ അവൻറെ ഏഴ് മടങ്ങായ മഹത്വമേറിയ വ്യക്തിത്വത്തിൽ കണ്ടിരുന്നു. "മുടി..." കർത്തൃദിവസത്തിൽ യോഹന്നാൻ അവനെ കണ്ടെത്തിയതായി നാം കാണുന്നു.

38 അവൻ ഇപ്പോൾ വരുമ്പോൾ, അവൻ ഒരു പുരോഹിതനാകുന്നു. അവൻ ഇവിടെ ഭൂമിയിലായിരിക്കുമ്പോൾ, അവൻ ഒരു പ്രവാചകനായിരുന്നു, ദൈവത്തിൻറെ പ്രവാചകൻ ആയിരുന്നു. ഇപ്പോൾ അവൻ സ്വന്തം രക്തം എടുത്ത് പിതാവിൻറെ മുമ്പാകെ പോയി, അത് അവനെ ഒരു പുരോഹിതനാക്കുന്നു. അവൻ തിരികെ വരുമ്പോൾ അവൻ ഒരു രാജാവാകും. പ്രവാചകൻ, പുരോഹിതൻ, കൂടാതെ രാജാവും. അവൻ ദൈവത്തിൻറെ പ്രവാചകനായിരുന്നു, അവൻ ഒരു കഴുകനായിരുന്നു. അവൻ ദൈവത്തിൻറെ പുരോഹിതനായിരുന്നു, അവൻ ഒരു കുഞ്ഞാടായിരുന്നു. അവൻ തിരികെ വരുമ്പോൾ, അവൻ (യെഹൂദാ ഗോത്രത്തിലെ) സിംഹമായ, രാജാവായിട്ടു, വാഴുന്നതിനാകുന്നു.

39 എന്നാൽ അവൻറെ പൌരോഹിത്യ പ്രവർത്തനത്തിനിടയിൽ, വിശുദ്ധ സ്ഥലം വിട്ടുകഴിയുമ്പോൾ നമുക്ക് അവനെ പിന്നെ അവിടെ നിൽക്കുന്നതായി കാണാൻ കഴിയുന്നു. യോഹന്നാൻ പറഞ്ഞു അവൻ "കർത്തൃദിവസത്തിൽ" ആത്മവിവശനായി; ഏഴാം ദിവസമല്ല, ഞായറാഴ്ചയല്ല, അതെല്ലാം തെറ്റായി ധരിക്കപ്പെട്ട കാര്യങ്ങളാകുന്നു. അത് കർത്തൃദിവസമായിരുന്നു, എന്ന് തിരുവെഴുത്തിലൂടെ അന്വേഷിച്ച്, നാം കണ്ടെത്തിയിരുന്നു. ഇത് മനുഷ്യൻറെ ദിവസമാകുന്നു. കർത്താവിൻറെ വരവ് അവൻറെ ദിവസമായിരിക്കും.

40 അങ്ങനെ കർത്തൃദിവസത്തിൽ നാം അവനെ കണ്ടെത്തുന്നു. പിന്നെ, അവൻ കർത്താവിനെ കണ്ടപ്പോൾ, "തലമുടി വെളുത്ത-പഞ്ഞിപോലെ ആയിരുന്നു." അത് ഒരു ന്യായാധിപതിയെ പ്രതിനിധീകരിക്കുന്നുവെന്ന് നമുക്കറിയാം.

41 മറ്റൊരു കാര്യമെന്നത്, അവൻ ആ സമയത്ത് പുരോഹിതനായിരുന്നില്ല, 'കാരണം പുരോഹിതൻറെ നട്ടുവിലായി കെട്ടുണ്ടായിരുന്നു, അതിൻറെ അർത്ഥം ആകുന്നു *സേവനം*. എന്നാൽ അവൻ നടുവിൽ നിലയങ്കി ധരിച്ച് പൊൻകച്ച കെട്ടിയവനായിരുന്നു, മാറത്തു *ഇവിടെ*, അതിനർത്ഥം അവൻ

ആയിരുന്നു ഒരു *ന്യായാധിപൻ.* ആമേൻ! അവൻ ഏഴു പൊൻ നിലവിളക്കുകളുടെ നടുവിലായി നടക്കുന്നത് നാം കണ്ടിരുന്നു.

42 നാം ഇപ്പോൾ തിരികെ നോക്കുമ്പോൾ "പുരാതന നാളുകൾ," അത് *വെള്ള* ആയിരിക്കെ വെള്ള സിംഹാസന ന്യായവിധിയിൽ ദാനിയേൽ അവനെ കണ്ടപ്പോൾ, "മഞ്ഞുപോലെ വെളുത്ത മുടിയുള്ള പുരാതന കാലത്തിലേക്ക് വരൂ."

43 ഇപ്പോൾ, "വെളുത്ത." പഴയ ഇംഗ്ലീഷുകാരായ ന്യായാധിപന്മാർ വർഷങ്ങളായി, ഇത് ഉപയോഗിച്ചിരുന്നു, അവർ ന്യായാധിപൻറെ ഇരിപ്പിടത്തിലേക്ക് പോകുമ്പോൾ, അവർ ഒരു വലിയ വെളുത്ത വെപ്പുമുടി ധരിച്ചിരുന്നു, മഞ്ഞുപോലെ-വെളുത്ത വെപ്പുമുടി, കാരണം അവർ ന്യായാധിപന്മാരായിരുന്നു. യോഹന്നാൻ കർത്തൃദിവസത്തിൽ അവനെ കണ്ടിരുന്നു, അപ്പോൾ അവൻ ഒരു ന്യായാധിപനായിരുന്നു. ആമേൻ!

44 ഇപ്പോൾ നാം കാണുന്നു അതായത "അവൻറെ കണ്ണു അഗ്നിജ്വാലെക്കു ഒത്തതായിരുന്നു." അപ്പോൾ ആ കണ്ണുകൾ അഗ്നിജ്വാല പോലെയായിരുന്നു...ഒരിക്കൽ അവൻറെ കണ്ണുകൾ മനുഷ്യൻറെ കണ്ണുനീർ കൊണ്ട് മങ്ങിയിരുന്നു. ആ കണ്ണുകൾക്ക് അവിടെ നിന്നുകൊണ്ട് മരിച്ചു കൊണ്ടിരിക്കുന്ന ഒരു മനുഷ്യൻറെ മേൽ കരയാൻ കഴിഞ്ഞിരുന്നു, അതോടൊപ്പം അടുത്ത അഞ്ച് മിനിറ്റിനുള്ളിൽ അവൻ വീണ്ടും ജീവിക്കാൻ പോകുന്നുവെന്ന് അറിഞ്ഞിരുന്നു; എന്നാൽ അത് വെറും മാനുഷിക സഹതാപം മാത്രമാകുന്നു. എന്നാൽ അതിനു പിന്നിൽ അത്രയും ശക്തിയുണ്ടായിട്ട് അവന് ഒരു മനുഷ്യൻറെ ജീവിതത്തെ നേരിട്ട് നോക്കാനും അവൻ ആരാണെന്നും അവനെക്കുറിച്ചു എല്ലാക്കാര്യങ്ങളും അവനോട് പറയാനും കഴിയുമായിരുന്നു. കാരണം അത് ഇപ്പോൾ തീയായി ഇതിൽ പ്രതിഫലിക്കുന്നതിനായി വരുകയായിരുന്നു. അവൻറെ കണ്ണുകൾക്ക് ഭൂമിയിൽ ഉടനീളം നോക്കാൻ കഴിഞ്ഞിട്ട്, അവിടെ നടക്കുന്നതെല്ലാം കാണാൻ കഴിഞ്ഞിരുന്നു. ന്യായവിധിയുടെ നാളിൽ നിങ്ങൾ എവിടെ നിൽക്കും? നിങ്ങളുടെ പാപങ്ങൾ അവൻറെ മുമ്പിൽ നഗ്നമാകും.

45 കൂടാതെ നിങ്ങൾ ശ്രദ്ധിച്ചിരുന്നു അവൻറെ പക്കൽ, "അവൻറെ വായിൽ നിന്നു ഒരു—ഒരു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു," അതിനെ നാം കണ്ടെത്തിയതായിരുന്നു *വചനം.*

46 നാം കണ്ടിരുന്നു അവൻറെ കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച "വെള്ളോട്ടിന്നു," സദൃശവും, അങ്ങനെ ഇത്യാദി കാര്യങ്ങളാകുന്നു, അത് അർത്ഥമാക്കുന്നത് "അവൻറെ അടിസ്ഥാനമാകുന്നു."

അവൻ സർവ്വശക്തനായ ദൈവത്തിൻറെ ക്രോധത്തിൻറെ മുന്തിരിച്ചക്ക് ചവിട്ടി, ചവിട്ടിയരച്ച് കളയുകയും പാപം അവൻറെ മേൽ ഏറ്റുവാങ്ങുകയും, അതുമായി ഏന്തി വലിഞ്ഞു നടന്നു കയറി, ദൈവത്തെ പ്രസാദിപ്പിച്ചു. അത് ശരിയാണ്. അവൻറെ അടിസ്ഥാനം നമ്മുടെ അടിസ്ഥാനമാണ്:

> ക്രിസ്തുവായ, ഉറച്ച പാറയിൽ, ഞാൻ നിൽക്കുന്നു, (എഡ്ഡി പെറോനെറ്റ് പറഞ്ഞു,)
> മറ്റെല്ലാ നിലങ്ങളും മുങ്ങുന്ന മണലാകുന്നു. (അത് ശരിയാണ്.)

47 ഇപ്പോൾ നാം ഇവിടെ കാണുന്നു, ഓരോ തവണയും അവൻ ഒരു സഭാ കാലഘട്ടത്തിൽ കണ്ടുമുട്ടുമ്പോൾ, അവൻ അവനെ തൻറെ ദിവ്യ നാമങ്ങളിലൊന്നായി അഭിസംബോധന ചെയ്യുന്നു. ഇപ്പോൾ നാം അവിടെ കണ്ടെത്തുന്നു, എല്ലാ വെളിപാടുകളിലും ആദ്യത്തേത് ദിവ്യത്വമാകുന്നു (പരമോന്നത ദിവ്യത്വം) യേശുക്രിസ്തുവിൻറെതാകുന്നു: "ഞാൻ ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമാകുന്നു. ഞാൻ ആദ്യനും, അന്ത്യനും, സർവ്വശക്തനായ ദൈവവുമാകുന്നു." നോക്കു, ആദ്യത്തെ വെളിപാട് തന്നെ. തന്നോട് എന്താണ് സംസാരിക്കുന്നതെന്ന് കാണാൻ യോഹന്നാൻ തിരിഞ്ഞു നോക്കി. ഒന്നാമതായി, അവൻ അവനെ അഭിസംബോധന ചെയ്തു...

48 ഏതൊരു രാജാവിനെയും, അവൻ അഭിസംബോധന ചെയ്യുമ്പോൾ, അവൻ—അവൻ—അവൻ ആരാണെന്ന് അവൻ പറയുന്നു; ആരായാലും. "ഞാൻ *ഇന്ന-ഒപ്പം-ഇന്ന* ആളാകുന്നു അങ്ങനെയാണ് ഞാൻ നിങ്ങളോട് സംസാരിക്കുമ്പോൾ ചെയ്യുന്നത്, നിങ്ങൾക്ക് എന്നെ അറിയില്ല. ഞാൻ വില്യം ബ്രൺഹാം ആകുന്നു, ഞാൻ *ജോൺ ഡോ*," അത് ആരായാലും ആകുന്നു.

49 അവൻ പറഞ്ഞു, "ഞാൻ ആദ്യനും അന്ത്യനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു." ഓ, എൻറെ! ദിവ്യത്വം. ഇവിടെ നാം അവനെ അവൻറെ മഹത്വവൽക്കരിക്കപ്പെട്ട അവസ്ഥയുടെ ഏഴ് മടങ്ങായ വ്യക്തിത്വത്തിൽ ഇവിടെ നാം അവനെ കാണുന്നു. ഓരോ സഭാ യുഗത്തിലും അവൻ—അവൻ ആ ദിവ്യത്വങ്ങളോട് ഒരു വ്യത്യസ്തമായ രീതിയിൽ അവൻ അവരെ സമീപിക്കുന്നു, ഒരു മഹത്വീകരിക്കപ്പെട്ട അവസ്ഥയിൽ നിന്നും വ്യത്യസ്തമായ ഒന്നാകുന്നു.

50 ഇപ്പോൾ, ഇന്ന് രാത്രി, അവൻ ശക്തിയോടെ പ്രകാശിച്ചുകൊണ്ടു വരുന്നു. അവൻ ലവോദിക്യയിലേക്ക് നോക്കുകയാണ്... അല്ലെങ്കിൽ തുയഥൈരയിലേക്ക് നോക്കുകയാണ്. ഈ

സഭാകാലഘട്ടത്തിലാണ് സഭ കത്തോലിക്കാ മതവും വിഗ്രഹാരാധനയുമായി വിവാഹിതരായിരിക്കുന്നത്, അല്ലെങ്കിൽ നിക്കോലാവ്യ മതവും വിഗ്രഹാരാധനയും തമ്മിൽ ഒരുമിച്ച് വിവാഹിതരാകുകയും ആദ്യത്തെ സഭയായ, സംഘടിത സഭ രൂപീകരിക്കുകയും അതിനു ജന്മം നൽകുകയും ചെയ്തു.

51 ദൈവം പറഞ്ഞു അതായത് നിക്കോലാവ്യരുടെ *പ്രവൃത്തികൾ* (അത് എഫെസ്യരിൽ ഉണ്ടായിരുന്നു), അവിടെ അതിൽ—അതായതു ആ ചെറിയ പെർഗ്ഗമൊസിലെ സഭയിൽ അതൊരു "ഉപദേശം," ആയി തീരുകയും അതിനെക്കുറിച്ച് പറയപ്പെട്ടതാണ് "ബിലെയാമിൻറെ ഉപദേശം." ബിലെയാം ആയിരുന്നു അവിടെ ചെന്ന് പരസംഗം ചെയ്യാൻ ഇസ്രായേലിനെ പഠിപ്പിച്ചത്. അല്ലെങ്കിൽ അവർ മോവാബ്യരുമായി പരസംഗം ചെയ്തു (അതൊരു ശിതോഷ്ണ സഭയിലെ അംഗമായിരുന്നു), അല്ലെങ്കിൽ പൊതുസഭ, മഹത്തായ സഭാ സംഘടനയായിരുന്നു. അതിനുശേഷം ദൈവം ഇപ്രകാരം പറഞ്ഞതായി നാം കണ്ടെത്തുന്നു, അതായത് നിക്കൊലാവ്യരുടെ ഉപദേശം എന്നത്...അത് എടുക്കുക എന്നതായിരുന്നു...എല്ലാ അധികാരങ്ങളും ഒരു സഭയിൽ സ്ഥാപിച്ചിട്ട് അതിനെ ഒരു സംഘടനയാക്കുക, അവൻ പറഞ്ഞു, "നീ അത് പകെക്കുന്നു, അതു ഞാനും പകെക്കുന്നു." അവൻ തുടർച്ചയായി പറഞ്ഞു കൊണ്ടേയിരിക്കുന്നു, "അത് പകെക്കുന്നു! അത് പകെക്കുന്നു! അത് പകെക്കുന്നു!" അങ്ങനെ അത് പൂർണ്ണ കറക്കലിൽ വന്നിരിക്കുന്നു *ഇവിടെ.* നോക്കൂ സഭ എങ്ങനെ ഞെരുക്കപ്പെട്ടുവെന്ന്, നേരെ അത് *ഇവിടെ* എത്തുന്നതുവരെ ഒരു ചെറിയ കാര്യമായിരുന്നു, അങ്ങനെ ആ സഭയിലാണ് നാം ഇപ്പോൾ തുടരുന്നത്.

52 ഇപ്പോൾ, ഈ വെളിപാട് വന്ന ഈ ദിവസത്തിൽ, അല്ലെങ്കിൽ ഈ സഭയ്ക്ക് വേണ്ടി ആയിരുന്നു, ഇത് റോമാസാമ്രാജ്യം അവരുടെ സ്വന്തമായ സ്ഥലം അവരുടെ വലിയ പാറകളിൽ, അത് കച്ചിയും വൈക്കോലും കൊണ്ട് പണിതിരുന്ന ദിവസ്സമായിരുന്നു. എന്നാൽ അവൻ ഈ സഭയെ അഭിസംബോധന ചെയ്യുന്നു അതായത് "കാലത്തിലൂടെ താഴേക്ക് നോക്കുന്ന ജ്വലിക്കുന്ന അഗ്നിയായി അവൻ ഇപ്പോഴും അവശേഷിക്കുന്നു, അവൻറെ അടിസ്ഥാനം കച്ചിയല്ല, കച്ചികുറ്റിയല്ല, എന്നാൽ അതൊരു ഉറച്ച ഉലയിൽ ചുട്ടു പഴപ്പിച്ച വെള്ളോട്ടിനു സദൃശ്യമായിരുന്നു." അടിസ്ഥാനം ഉറപ്പാണ്. ഞാൻ അത് ഇഷ്ടപ്പെടുന്നു. നാം നിൽക്കുന്നത് എവിടെയാണെന്ന് നമുക്കറിയാം.

53 അത് ശരിയാണ്:

*ഞാൻ നിൻറെ പ്രവൃത്തിയും*, നിൻറെ *സ്നേഹവും*, നിൻറെ *വിശ്വാസവും, ശുശ്രൂഷയും അറിയുന്നു*, *കൂടാതെ നിൻറെ സഹിഷ്ണതയും, നിൻറെ പ്രവൃത്തികളും അറിയുന്നു; നിൻറെ ഒടുവിലത്തെ—ഒടുവിലത്തെ പ്രവൃത്തി ആദ്യത്തേതിലും ഏറെയെന്നും അറിയുന്നു.*

54 ശരി, സഭ ഏതാണ്ട് പൂർണ്ണമായും വിച്ഛേദിക്കപ്പെട്ടതായി കാണപ്പെടുന്നു, വെറുമൊരു ചെറിയ ക്ഷയിക്കലാകുന്നു, അങ്ങനെ അവർ വലിയ ആത്മീയ യോഗങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുകയും, ഒരു തരത്തിൽ പ്രവൃത്തികളിൽ ആശ്രയിക്കുകയും ചെയ്യുന്നു. നാം പ്രവൃത്തികളിൽ ആശ്രയിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല.

55 അത് ഒരു—ഒരു സംഘടനയുടെ അടയാളമാകുന്നു. "ഞങ്ങൾ ശ്രീമതി ജോൺസിനെ ഏതോ കാട്ടുകളിലേക്ക് കൊണ്ടുപോകുന്നു. ഞങ്ങൾ അവരുടെ *ഇന്ന-ഇന്ന-ഇന്ന,* അവരുടെ മക്കളെ, കുറച്ച് വസ്തുങ്ങൾ മേടിക്കാൻ കൊണ്ടുപോകുന്നു." അതെല്ലാം ശരിയാണ്. എന്നാൽ, നിങ്ങൾ അതിനെ ആശ്രയിക്കരുത്, നിങ്ങൾ അത് ചെയ്യരുത്. സഹോദരാ, അത്—അത്—അത് നല്ല പ്രവൃത്തികളാണ്; ഒരു നല്ല, മാന്യനായ ഒരു പൗരൻ അത് ചെയ്യും. എന്നാൽ ഒരു ക്രിസ്ത്യാനിയാകാൻ എന്താണ് ആവശ്യമായത് അതൊരു വീണ്ടും-ജനിച്ച അനുഭവമാണ്, അത് പരിശുദ്ധാത്മാവിൻറെ സ്നാനം ആകുന്നു. ശരിയാണ്.

56 അതു ക്ഷയിച്ചു പോയിട്ട്, അവർ സ്നേഹത്തിനും വിശ്വാസത്തിനും പകരം പ്രവൃത്തികളിലേക്ക് തിരിയപ്പെട്ടു, എല്ലാ സമയത്തും അത് തുടർന്ന് കൊണ്ടിരിക്കുമ്പോൾ കൂടുതൽ കൂടുതലായി അതിലേക്കു പൊയ്ക്കൊണ്ടിരുന്നു.

57 അത് ശരിയാണ്:

*ഞാൻ* നിൻറെ *പ്രവൃത്തി അറിയുന്നു,...* ഞാൻ *നിൻറെ വിശ്വാസം* അറിയുന്നു, ഞാൻ നിൻറെ *സഹിഷ്ണത* അറിയുന്നു, *കൂടാതെ* ഇത്യാദി എല്ലമാകുന്നു...

58 എന്നാൽ ഇപ്പോൾ നമ്മൾ ഇരുപതാം വാക്യം എടുക്കാൻ പോകുകയാണ്, ഇത് ശ്രദ്ധിക്കുക:

*എങ്കിലും ഈസേബെൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു, എന്നൊരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട്, താൻ പ്രവാചകി* എന്നു *പറഞ്ഞു, എൻറെ ദാസന്മാരെ ഉപദേശിക്കയും...*കൂടാതെ *തെറ്റിച്ചുകളകയും ദുർന്നടപ്പു* ആചരിപ്പാനും, *വിഗ്രഹാർപ്പിതം തിന്മാനും ഉപദേശിക്കുന്നു.*

59 ഇപ്പോൾ, “സ്ത്രീ.” ഇന്നലെ രാത്രിയിൽ *സ്ത്രീ* പ്രതിനിധീകരിക്കുന്നത് എന്തായിട്ടാണ് നാം കണ്ടെത്തിയത്? അത് “സഭയാകുന്നു.” ഇപ്പോൾ, അവർ “നിക്കൊലാവ്യർ,” എന്ന് വിളിക്കപ്പെട്ടിരുന്നതായി നാം ഇവിടെ കണ്ടെത്തുന്നു, “ബിലെയാമിൻറെ ഉപദേശം,” ഇപ്പോൾ അതൊരു “ഈസബേൽ” ആയി മാറിയിരിക്കുന്നു.

60 ഇപ്പോൾ, “ഈസബേൽ.” നിങ്ങൾ ശ്രദ്ധിച്ചാൽ, ഇതൊരു വലിയ ചരിത്രമാണ്. ഇപ്പോൾ, നിങ്ങൾ അത് കുറിച്ചെടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, ഒന്ന് രാജാക്കന്മാരിൽ അത് തുടങ്ങുന്നു, അതിനെക്കുറിച്ചു...ഒന്ന് രാജാക്കന്മാർ, അതിൻറെ 16. ഈസബേൽ അബ്രഹാമിൻറെ മകളായിരുന്നില്ല; ഈ കൂട്ടം ഇവിടെ ഉണ്ടായിരുന്നില്ല, അത് വിഗ്രഹാരാധനക്കാരായ റോമാക്കാരാകുന്നു. നിക്കൊലാവ്യർ എന്നത് ഒരു തണുത്ത, ഔപചാരികമായ ക്രിസ്ത്യാനികളുടെ കൂട്ടമായിരുന്നു അത് യഥാർത്ഥ ക്രിസ്ത്യാനികളിൽ നിന്ന് വേർപെട്ടിട്ട്, “വിശ്വാസം ഇല്ലാത്തവരായി കാണപ്പെട്ടിരുന്നു.” അങ്ങനെ അവർ സഭയെ ഒരു ലോഡ്ജ് പോലെയാക്കാൻ ആഗ്രഹിച്ചിരുന്നു, അതേപോലെ അവർക്ക് അത് ഇന്ന് കിട്ടിയിരിക്കുന്നു. ഒരു ലോഡ്ജ് പോലെയായിട്ട്, അതിൽ യാതൊരു ആത്മാവുമില്ല; “അത്ഭുതങ്ങളുടെ നാളുകൾ കഴിഞ്ഞിരിക്കുന്നു. അതെല്ലാം മറ്റൊരു യുഗത്തിനായിരുന്നു. നമുക്ക് ഒരു സാഹോദര്യം ലഭിച്ചു.” ഒരു നല്ല മേസൺ, വിചിത്ര വ്യക്തി, അല്ലെങ്കിൽ അതുപോലുള്ള മറ്റെന്തെങ്കിലും അത് ഉത്പാദിപ്പിക്കുന്നു. അതെല്ലാം നല്ല കാര്യമാകുന്നു, എന്നാൽ അത് ഒരിക്കലും യേശുക്രിസ്തുവിൽ ഒരു പുതിയ ജനനത്തിൻറെ സ്ഥാനമോ, പ്രാണനുള്ള രക്ഷയോ, ഈ സത്യമോ എടുക്കുകയില്ല.

61 അതു ശരിയാണ്, ഈ ഈസബേൽ. ഇപ്പോൾ അവൾ അബ്രഹാമിൻറെ ഒരു മകളായിരുന്നു, അത് സത്യമാണ്, ഒരു വിഗ്രഹാരാധകൻറെ രാജകുമാരി. ആ സമയത്ത് ഈ രാജകുടുംബം, അവളുടെ രാജകുടുംബം, ബാലിമിനോടുള്ള ക്രൂരമായ മൃഗീയമായ വിശ്വസ്തതയാൽ പ്രശസ്തമായിരുന്നു. അവളുടെ പിതാവ് ഒരു വിഗ്രഹാരാധനയുടെ പുരോഹിതനായിരുന്നു എ-എസ്-ടി-എ-ആർ-ടി-ഇ (നിങ്ങൾ ഇത് എങ്ങനെ ഉച്ചരിക്കുമെന്ന് എനിക്കറിയില്ല, ഞാൻ അത് ചരിത്രത്തിൽ നിന്നും കണ്ടുപിടിച്ച് എടുത്തതാണ്). ആഹാബ് കുസ്തന്തീനെപ്പോലെ തൻറെ തന്ത്രം ഉപയോഗിച്ചു. ഈ വലിയ ശക്തമായ രാഷ്ട്രം ഇസ്രായേലിന് അടുത്തായി കിടന്നിരുന്നു, അതുകൊണ്ട് ആ കാരണത്താൽ...

62 കുസ്തന്തീനോസ് എന്താണ് ചെയ്തത് ഇന്നലെ രാത്രി

അതെടുത്തിരുന്നു? അവൻ മാനസാന്തരപ്പെട്ടില്ലായിരുന്നു. അവൻ ഒരു രാഷ്ട്രീയക്കാരനായിരുന്നു. അവൻ എന്താണ് ചെയ്യാൻ ശ്രമിച്ചത്? ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുമെന്ന് പറഞ്ഞപ്പോൾ അവൻ അവരെ കൈയ്യിലെടുത്തു...(അങ്ങനെ ഇപ്പോൾ അവിടെ, ഓർക്കുക, അവൻ ചെ-...നാം ഇപ്പോൾ സംസാരിക്കുന്നത് നിക്കോലാവ്യരെക്കുറിച്ചാകുന്നു). അവൻ പറഞ്ഞു അവർ പ്രാർത്ഥിക്കുകയും, ഈ യുദ്ധത്തിൽ താൻ ജയിക്കുകയും ചെയ്യുകയാണെങ്കിൽ, പിന്നെ അവൻ—അവൻ ഒരു ക്രിസ്ത്യാനി ആകുന്നതായിരിക്കും. അവൻ ഒരു സ്വപ്നം കാണുകയുണ്ടായി. അവൻറെ പരിചകൾ എല്ലാം വെള്ള നിറത്തിൽ ചായം അടിച്ചു, ആ രാത്രിയിൽ, അത് കുരിശിൻറെ അടയാളമായിരുന്നു. അവിടെയാണ് കൊളംബസിൻറെ പരാക്രമങ്ങൾ ജനിച്ചത്, നേരെ ആ സമയത്ത് തന്നെയായിരുന്നു; ഇപ്പോൾ അവിടെയാണ് അവർ അവരുടെ നിലപാട് എടുക്കുന്നത്. എന്നാൽ ഒരു ക്രിസ്ത്യാനിയെപ്പോലെ അവൻ ഒരിക്കലും ഒന്നും ചെയ്തിട്ടില്ല! വിശുദ്ധ സോഫിയ എന്ന് വിളിക്കപ്പെടുന്ന, നിക്കൊലാവ്യക്കാരുടെ പള്ളികളിലൊന്നിൽ, അവൻ ഒരു കുരിശ് സ്ഥാപിച്ചു. ഇന്നലെ രാത്രി ഞാൻ പറഞ്ഞതുപോലെ, അവൻ ആകെപ്പാടെ എല്ലാമായിട്ടു ഒരുകാര്യം ചെയ്തുവെങ്കിൽ അത് സഭയ്ക്കുവേണ്ടി ചെയ്ത ഒരു കാര്യമായി മാത്രമായി കാണപ്പെടുന്നു, ചരിത്രത്തിൻറെ താളുകളിൽ നിന്ന് എനിക്ക് പെറുക്കിയെടുക്കാൻ കഴിയാവുന്നിടത്തോളവും; കൂടാതെ മറ്റു പല പണ്ഡിതന്മാരും അതിനെക്കുറിച്ച് ഇതുതന്നെയാണ് പറയുന്നതു. അവൻറെ പരിവർത്തനത്തെക്കുറിച്ച് ഇപ്പോൾ നമുക്ക് യാതൊന്നും അറിയില്ല. എന്നാൽ അവൻ എന്തിലേക്കാണ് പോയത്? അവൻ ചെയ്യാൻ ആഗ്രഹിച്ച കാര്യം, അവൻ റോമിൽ ഏറ്റവും കൂടുതൽ കണ്ടിരുന്നു, ഇപ്പോൾ.

63 ഇപ്പോൾ ഇത് നോക്കുക, ഇവിടെയുള്ള ഈ തന്ത്രം ശ്രദ്ധിക്കുക. വേദപുസ്തകം ഇപ്രകാരം അത് സ്ഥിരീകരിക്കുന്നുവെന്ന് ശ്രദ്ധിക്കുക, ദൈവം, അത് സംഭവിക്കുന്നതിന് നൂറു നൂറു കണക്കിന് വർഷങ്ങൾക്ക് മുമ്പ് അത് ചെയ്തിരുന്നു. കുസ്തന്തീനോസ് അതേ തന്ത്രമാണ് ഉപയോഗിച്ചത്, ദൈവം അത് ഇവിടെ പറയുന്നു, അത് ആഹാബ് ഉപയോഗിച്ചിരുന്നു.

64 ഇപ്പോൾ, കുസ്തന്തീനോസ് തൻറെ ജനങ്ങളിൽ വലിയൊരു ഭാഗം ഈ നിക്കൊലാവ്യരായ ക്രിസ്ത്യാനികളാണെന്ന് കണ്ടിരുന്നു. അവരിൽ ചിലർ "മതഭ്രാന്തർ," എന്ന് വിളിക്കപ്പെട്ടിരുന്നു, അത് പെന്തക്കോസ്തുകാരാണ്; അവർ "മതഭ്രാന്തന്മാരും

വിശുദ്ധ-ഉരുളുകാരുമായിരുന്നു," അങ്ങനെ എന്തെ-ല്ലാമോ അതിനും കൂടുതലായിരുന്നു. അവിടെയാണ് നിങ്ങളുടെ യഥാർത്ഥ അടയാളങ്ങളും അത്ഭുതങ്ങളും സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ *സ്വാഭാവിക* സഭ സംഘടനയിലേക്ക് രൂപം കൊണ്ട് വരുകയായിരുന്നു. അവൻ എഎന്താണ് ചെയ്തത്? കുസ്തന്തീനോസ് ഒരു മിടുക്കായ ചതിവു കളി കളിച്ചു. അവൻ നേരെ അവിടെ ചെന്നിട്ട് തൻറെ വിഗ്രഹാരാധനക്കാരായ സുഹൃത്തുക്കളെ നേടുകയും, അതോടൊപ്പം ക്രിസ്തീയ സുഹൃത്തുക്കളെ നേടുകയും ചെയ്തു, എന്നിട്ട് സഭകളെ തമ്മിൽ ഒന്നിപ്പിക്കുകയും, സ്ഥാപിക്കുകയും ഒരു—ഒരു...വിഗ്രഹാരാധനയെ ക്രിസ്തുമതത്തിലേക്ക് കൊണ്ടുവന്നു. ക്രിസ്തുമതവും വിഗ്രഹാരാധനയും പെർഗ്ഗമൊസ് സഭാകാലഘട്ടത്തിൽ വിവാഹിതരായി.

65 ഇപ്പോൾ, ദൈവം എന്താണ് ഈ കാര്യത്തിൽ ഇന്ന് രാത്രിയിൽ ഇവിടെ പറഞ്ഞത്? ആഹാബ് ചെയ്ത അതേ കാര്യം തന്നെയാകുന്നു. ആഹാബ് തൻറെ രാജ്യം ശക്തിപ്പെടുത്താൻ ഈ വിഗ്രഹാരാധകയായ ഈസബേലിനെ വിവാഹം കഴിച്ചു. അവൻറെ രാജ്യം ശക്തിപ്പെടുത്താനും ഇസ്രായേലിലേക്ക് കൂടുതൽ ശക്തി കിട്ടുന്നതിനും ആയിരുന്നു.

66 അതിനു വേണ്ടിയാണ് സഭകൾ ശ്രമിക്കുന്നത്. നിങ്ങൾ നോക്കു അവിടെ അവർ ഒരു വേദപുസ്തകം ഉണ്ടാക്കാൻ ശ്രമിക്കുന്നു, അടുത്ത വർഷം അത് പുറത്തിറക്കുമോ 62ൽ? അതായതു അത് ഇപ്രകാരം ഒരു വേദപുസ്തകമായിട്ടു അത് യഹൂദരെ പ്രസാദിപ്പിക്കും, അത് കത്തോലിക്കരെ പ്രസാദിപ്പിക്കും, പ്രൊട്ടസ്റ്റൻ്റുകാരെയും പ്രസാദിപ്പിക്കും. ഓ, സഹോദരാ! എൻറെ പക്കൽ വായന പത്രത്തിൻറെ വെട്ടിയെടുത്ത ഭാഗം ഉണ്ട്. എൻറെ പക്കൽ ഇന്ന് രാത്രി ഞാൻ അത് എടുത്തിട്ടില്ല, കഴിഞ്ഞ ദിവസം രാത്രിയിൽ ഞാൻ ഇത് വായിച്ചതായി നിങ്ങൾ കേട്ടിരുന്നു. അവിടെയാണ് നിങ്ങൾ, നിങ്ങൾ നോക്കു.

67 ഓ, ഈ വക കാര്യങ്ങൾ അതിനെ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്ന കാര്യങ്ങളാകുന്നു! അവർ ദൈവത്തിൻറെ വിശുദ്ധ വസ്തുക്കളെ എടുത്ത് ഏത് വിധേനയും ചിതറിച്ചുകളഞ്ഞു കൊണ്ട്, അതിനെ വർദ്ധിപ്പിക്കുകയും ധാരാളം ഉണ്ടാക്കുകയും ചെയ്യുന്നു. അതാണ് സഭ ചെയ്തത്. അത് കൈ കുലുക്കുന്നതിൻറെ അടിസ്ഥാനത്തിൽ ആളുകളെ അതിലേക്ക് സ്വീകരിക്കുകയും, അങ്ങനെ വിശ്വാസവഞ്ചകരെയും അങ്ങനെ എല്ലാത്തിനെയും കിട്ടി, അത് പുനർജനിക്കാത്ത ജനങ്ങളാകുന്നു. എന്നാൽ ക്രിസ്തുവിൻറെ യഥാർത്ഥ *ശരീരത്തിലേക്ക്*, അതൊരു സംഘടനയല്ല, എന്നാൽ

അത് നിഗൂഢമാണ്—ക്രിസ്തുവിൻറെ നിഗൂഢമായ ശരീരം, നിങ്ങൾക്ക് ഒരു വഴിയിലൂടെ മാത്രമേ അവിടെ പ്രവേശിക്കാൻ കഴിയുകയുള്ളൂ, അത് പരിശുദ്ധാത്മാവിൻറെ സ്നാനത്തിലൂടെ മാത്രമാകുന്നു. ശരിയാണ്! അപ്പോൾ അപ്പോസ്തലന്മാരുടെ മേൽ പതിച്ച അതേ അടയാളങ്ങൾ, സഭയുടെ മേലും പതിക്കും. അത് കൃത്യമായും ശരിയാകുന്നു!

68 ഇപ്പോൾ, നമുക്ക് വിട്ടുവീഴ്ച ചെയ്തിട്ട്, "ശരി, ഞങ്ങൾ അസംബ്ലിസുകാരുമായി ചേരാൻ പോകുകയാണ് എന്ന് പറയേണ്ടതിൻറെ ആവശ്യമില്ല. ഞങ്ങൾ ചെന്ന് വൺനെസ്സുകാരുടെ കൂടെ ചേരും. ഞങ്ങൾ ചെന്ന് *ഇതുമായി,* ചേരും അല്ലെങ്കിൽ ബാപ്റ്റിസ്റ്റ്, അല്ലെങ്കിൽ മെഥഡിസ്റ്റ്മായി ചേരും." നമുക്ക് ക്രിസ്തുവിനൊപ്പം ചേരാം! ഈ വക കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറി നിൽക്കുക. കാരണം ആ സഭാസംഘടനകൾ ഓരോന്നും നല്ല കാര്യങ്ങൾ തന്നെ ആകുന്നു, എന്നാൽ അവർക്ക്—അവരുടെ ഉപദേശങ്ങളും കൂടാതെ അവരുടെ മറ്റു കാര്യങ്ങളും ഉണ്ടായിരിക്കുന്നു, കൂടാതെ ആ രാജ്യത്ത് വന്ന് ഒരു യോഗം നടത്താൻ മുഖ്യ മേൽവിചാരകൻ നിങ്ങളെ അനുവദിക്കുമോ എന്ന് നിങ്ങൾ പോയി നോക്കണം. അവർ ചെയ്യുന്നതുപോലെ നിങ്ങൾ കൃത്യമായി പഠിപ്പിക്കുന്നില്ലെങ്കിൽ, നിങ്ങളെ പുറത്താക്കികളയും, നിങ്ങൾക്ക് വേദപുസ്തകത്തിനൊപ്പം നിൽക്കാൻ കഴിയുകയില്ല. ദൈവത്തിന് അത് ചെയ്യാൻ കഴിയില്ല, അവൻ അത് വെറുക്കുന്നു. ഏതൊരു വീണ്ടും-ജനിച്ച ക്രിസ്ത്യാനിയും അങ്ങനെ തന്നെ ചെയ്യും. അവിടെയുള്ള ജനങ്ങളിൽ വളരെയധികം പേരും തികച്ചും...അത് ചെയ്യാൻ ആഗ്രഹിക്കുന്നവരും, സേവനം ചെയ്യാൻ ആഗ്രഹിക്കുന്നവരും, കൂട്ടായ്മ ആഗ്രഹിക്കുന്നവരും ആകുന്നു. എന്നാൽ നിങ്ങൾക്കത് ചെയ്യാൻ കഴിയില്ല, അവർ നിങ്ങളെ ചവുട്ടി പുറത്താക്കും. ശരി, അവർ നിങ്ങളെ ചവുട്ടി പുറത്താക്കട്ടെ, തുടർന്ന് പൊയ്ക്കൊള്ളുക, എങ്ങനേയും പരിശുദ്ധാത്മാവിനെ പ്രാപിക്കുക. അത് കൃത്യമായും ശരിയാണ്. എന്നാൽ, നിങ്ങൾ നോക്കൂ, അവർ—അവർ അത് നേടാൻ ആഗ്രഹിക്കുന്നു അത്—അത് ആ മതസിദ്ധാന്തമാകുന്നു. നിങ്ങൾക്ക് ധാരാളം പണം ലഭിക്കുന്നിടത്ത് നിങ്ങളെ എത്തിക്കാൻ അവർ ആഗ്രഹിക്കുന്നു. ബാപ്റ്റിസ്റ്റുകാർക്ക് ഒരു മുദ്രാവാക്യം ഉണ്ടായിരുന്നു '44 ൽ, "ഒരു ദശലക്ഷം കൂടി 44 ൽ." അവർക്ക് എന്താണ് ലഭിച്ചത്?

69 മഹാനായ ബില്ലി ഗ്രഹാം എന്ന സുവിശേഷകൻ പറഞ്ഞതുപോലെ, അത് അദ്ദേഹം ലൂയിസ്‌വില്ലിൽ ആയിരുന്നപ്പോഴായിരുന്നു, "ഞാൻ ഒരു നഗരത്തിലേക്ക് പോകുന്നു..."

പറഞ്ഞു, “വിശുദ്ധ പൗലോസ് ഒരു നഗരത്തിലേക്ക് പോകും, അവൻ ഒരാളെ പരിവർത്തനം ചെയ്യും; അവൻ അടുത്ത വർഷം തിരികെ വരുന്നു അവന്—അവന് ആ ഒരുവനിൽ നിന്നും മുപ്പത് പേരെ കിട്ടുന്നു; ആ ഒരു പരിവർത്തനത്തിൽ നിന്ന്, വലിയ-വലിയ-വലിയ-വലിയ-വലിയ-കൊച്ചുമക്കളെ കിട്ടുന്നു.” അദ്ദേഹം പറഞ്ഞു, “ഞാൻ ഒരു നഗരത്തിലേക്ക് പോകും, മുപ്പതിനായിരം പേരെ വേദിയിലേക്ക് വിളിക്കുന്നു, ഞാൻ അടുത്ത വർഷം തിരികെ പോകും, മുപ്പതുപേരെ പോലും കണ്ടെത്താൻ കഴിയുന്നില്ല.” എന്നിട്ട് അദ്ദേഹം പറഞ്ഞത്, അദ്ദേഹം—അദ്ദേഹം ഒരു നല്ല പ്രസ്താവന നടത്തി, എന്നാൽ ഇപ്പോഴും നമ്മുടെ ആ വിലയേറിയ സഹോദരൻ പറഞ്ഞത് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അദ്ദേഹം പറഞ്ഞു, “നിങ്ങൾ മടിയൻമാരായ പ്രാസംഗികർ ആകുന്നു.” പറഞ്ഞു, “ഞാൻ നിങ്ങൾക്ക് അവരുടെ പേരും വിലാസവും തരാം, നിങ്ങൾ അവരുടെ അടുക്കൽ ചെന്ന് അവരോടു സംസാരിക്കുന്നതിന് പകരം മേശപ്പുറത്ത് കാലുകൾ ഉയർത്തി ഇരുന്ന് നിങ്ങൾ അവർക്ക് ഒരു കത്ത് എഴുതുന്നു.”

70 ഞാൻ—ഞാൻ അദ്ദേഹത്തെ അതിന് വേണ്ടി ഒരു തരത്തിൽ അഭിനന്ദിക്കുകയുണ്ടായി. ഒരു മനുഷ്യൻ എന്തായിരിക്കുന്നോ അങ്ങനെ ആയിരിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നു, ഒരു കപടനാട്യക്കാരനാകരുത്; വേറിട്ടു മാറി നിൽക്കുക എന്നിട്ട് നിങ്ങൾ എന്താണോ അത് ആയിരിക്കുക. ഞാൻ അത് ഇഷ്ടപ്പെടുന്നു. എന്നാൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നു, “ബില്ലി, പൌലോസിന് ഉണ്ടായിരുന്ന ആ മതപരിവർത്തനത്തെ എടുക്കാൻ അവിടെ ആരായിരുന്നു ഉണ്ടായിരുന്നത്? അതെന്തായിരുന്നു എന്നാൽ, ബില്ലി, നിങ്ങൾ അവരെ അവിടെ തിരികെ പോകുന്നതിനും, കൈ പിടിച്ചു കുലുക്കാൻ അനുവദിക്കുന്നതും നിർത്തിയിട്ട്, അവരെ എഴുന്നേൽപ്പിച്ചു, പറയാമായിരുന്നു, ‘അതെ, ഞാൻ യേശുവിനെ എൻറെ സ്വന്തം രക്ഷിതാവായി അംഗീകരിക്കുന്നു,’ എന്നിട്ട് അവൻ മരിക്കുകയും ചീഞ്ഞഴുകുകയും ചെയ്യുന്നത് വരെ അവിടെ നിൽക്കാൻ ഇടയാക്കുകയും, അവർ പരിശുദ്ധാത്മാവിൽ വീണ്ടും ജനിക്കുകയും ചെയ്യാൻ അനുവദിച്ചിരുന്നെങ്കിൽ, അവൻ പുതിയ പരിവർത്തനങ്ങൾ ഉണ്ടാക്കും.”

71 സഹോദരാ, നിങ്ങൾ...അവൻ തീ പിടിച്ചു ആളി കത്തുന്നു, നിങ്ങൾക്ക് അവനെ കെടുത്താൻ കഴിയില്ല. അവൻ ശക്തമായ കാറ്റിൽ തീപിടിച്ച ഒരു വീട് പോലെയാണ്, നിങ്ങൾക്ക് അത് കെടുത്താൻ കഴിയില്ല. ഓ, അവൻ എല്ലായിടത്തും വ്യാപിക്കുന്നു, സഹോദരാ, ക്രിസ്തുവിൻറെ യഥാർത്ഥമായ പരിവർത്തനം

ലഭിച്ച ഒരുവന്, അവന് മിണ്ടാതിരിക്കാൻ കഴിയില്ല. അവൻ വെറുതെ...അവൻ മുമ്പോട്ട് നീക്കത്തിലാണ്. ഓ, ഞാൻ അത്രയും സന്തോഷിക്കുന്നു! ഓ, എൻറെ! പരിശുദ്ധാത്മാവിൻറെ പഴയ-രീതിയിലുള്ള സ്നാനം നിങ്ങളുടെ പ്രാണനെ തീ പിടിപ്പിക്കുന്നു! മിണ്ടാതെ നിൽക്കാൻ കഴിയില്ല, കാറ്റ് നിങ്ങളെ വീശുന്നു, ശക്തമായ കൊടിയ കാറ്റ് നിങ്ങളുടെ മേൽ വീശിക്കൊണ്ടേയിരിക്കും. എന്തുകൊണ്ടാണെന്നാൽ ഞാൻ അതിന് തടിക്കക്ഷണം ഇട്ടുകൊണ്ടേയിരിക്കും, അത് മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കും. അതെ, ശ്രീമാൻ! പൗലോസിൻറെ മതപരിവർത്തനത്തെ ആരും എടുക്കേണ്ടതില്ല, പൗലോസ് അവരെ ക്രിസ്തുവിൽ അത്രയുമധികം ആഴത്തിൽ കൊണ്ടുപോയിട്ട് അവൻ സ്വയം തന്നെ മരിക്കുകയും, ക്രിസ്തുവിൽ ജീവിച്ചുകൊണ്ട്, അവൻ ബാക്കിയുള്ള കാര്യങ്ങൾ ചെയ്തു. അത് ശരിയാണ്! അതാകുന്നു ഇത്.

72 ബാപ്റ്റിസ്റ്റ് സഹോദരന്മാർ കൊള്ളാം. എന്നാൽ ഒരു ദശലക്ഷം കൂടി, അത് എന്ത് പ്രയോജനം ചെയ്യും? നിങ്ങൾക്ക് ഒരു ദശലക്ഷം പേരുകൾ കൂടി ലഭിക്കുന്നു. ശരി, നിങ്ങൾക്ക് അത് അവിടെ ഇടാനാണെങ്കിൽ അവിടെ ഇരുന്നു കുറച്ച് കൂടി സജ്ജീകരിക്കുക. അതെല്ലാം കൊള്ളാം, എന്നാൽ, സഹോദരാ, നമുക്ക് വേണ്ടത് എന്താണെന്നാൽ കുഞ്ഞാടിൻറെ ജീവൻറെ പുസ്തകത്തിൽ പേരുകളാണ്, ലോകസ്ഥാപനത്തിന് മുമ്പേ അറുക്കപ്പെടുകയും, രക്തത്തിൽ കഴുകപ്പെടുകയും, പരിശുദ്ധാത്മാവിനാൽ നിറഞ്ഞു, അടയാളങ്ങളും അത്ഭുതങ്ങളും നിങ്ങളെ പിന്തുടരുകയും ചെയ്യുന്നതാകുന്നു.

73 ചരിത്രങ്ങൾ തിരയുക. നിങ്ങൾ എല്ലാവരും നിഖ്യാ സമ്മേളനങ്ങളും മറ്റെല്ലാം കണ്ടെത്തുകയും ആ കാര്യങ്ങളെല്ലാം വായിക്കുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, ആ രക്തസാക്ഷികൾ എങ്ങനെയാണ് ആ പെന്തക്കോസ്തിൻറെ ജ്വാല ഉയർത്തി പിടിച്ചതെന്ന് കാണുന്നതിനാകുന്നു. ഞാൻ ഇപ്പോൾ നിങ്ങളോട് പറയട്ടെ, സഹോദരാ, നിങ്ങൾ ബാപ്റ്റിസ്റ്റുകാരും, മെഥഡിസ്റ്റുകാരും, നിങ്ങൾ എന്തുതന്നെയായാലും, ആ സത്യമായ യഥാർത്ഥ വെളിച്ചം...അത് പെന്തക്കോസ്ത് സഭാ സംഘടനയല്ല, ഇപ്പോൾ; എന്നാൽ സത്യമായ, യഥാർത്ഥ വെളിച്ചം എന്നത് പെന്തക്കോസ്തിൻറെ അനുഭവമാണ്. അവിടെ...ഞാൻ ഇപ്പോൾ ദിവസങ്ങളും ദിവസങ്ങളും കഴിഞ്ഞിരിക്കുന്നു, ആ ചരിത്രങ്ങൾ എടുത്തു, എനിക്ക് കണ്ടെത്താനാകുന്നതെല്ലാം അതിൽ എല്ലായിടത്തും നിന്നും കുഴിച്ചെടുക്കുകയും, അത് ആ പെന്തക്കോസ്തിൻറെ തീ

ജ്വാലയാണ് പെന്തക്കോസ്ത് മുതൽ ഈ കാലം വരെ ജീവനോടെ ശേഷിച്ചിരുന്നതെന്ന് കണ്ടെത്തുകയും ചെയ്തിരിക്കുന്നു. അതെ, ശ്രീമാൻ! അതാണ് പുറത്തേക്ക് തള്ളിക്കളഞ്ഞത്.

74 അവരിൽ ചിലർ പറയും, "കൊള്ളാം, ആ വലിയ കത്തോലിക്കാ സഭയാണ് തിരമാലകളെ നേരിട്ടു നിന്നത്. എന്തുകൊണ്ടെന്നാൽ, അതാകുന്നു യഥാർത്ഥ സഭയെന്ന് ഇത് തെളിയിക്കുന്നു." കാരണം, ഇത് എനിക്ക് വിചിത്രമായ ഒരു കാര്യമല്ല, അവളോടൊപ്പം സംസ്ഥാനവും മറ്റെല്ലാ കാര്യങ്ങളും അവളുടെ പിന്നിലായിട്ടു, അവൾക്ക് നിലനിൽക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ എന്താണ്—എന്താണ് വിചിത്രമായ കാര്യമെന്നത് എന്നുവച്ചാൽ, ആ ചെറിയ കൂട്ടം അതിൽ നിന്നും വലിച്ചു പുറത്താക്കപ്പെട്ടതായിരുന്നു, ആ ചെറിയ ന്യൂനപക്ഷം, തള്ളി പുറത്താക്കപ്പെട്ടു, കാരാഗ്രഹത്തിൽ അടക്കപ്പെട്ടു, വെട്ടി നുറുക്കപ്പെട്ടു. അവർ എങ്ങനെയാണ് അപ്പോഴും നിലനിന്നിരുന്നത്? കാരണം, ജീവനുള്ള ദൈവത്തിൻറെ ആത്മാവ് അവരുടെ ജീവനുകളിൽ നീങ്ങിക്കൊണ്ടിരുന്നു. നരകത്തിലെ സകല പിശാചുക്കൾക്കും അതിനെതിരെ ജയിക്കാൻ കഴിയില്ല! "ഈ പാറമേൽ ഞാൻ എൻറെ സഭയെ പണിയും, പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല." അവിടെയാണ് യഥാർത്ഥ കാര്യം. അതാണ് ഈ മെഥഡിസ്റ്റ് പ്രാസംഗികർക്ക് പരിശുദ്ധാത്മാവ് നൽകുന്നത്, കൂടാതെ ഇത്യാദി എല്ലാ കാര്യങ്ങളും, ഇവിടെയാകുന്നു. നോക്കു, ഇത് അവരെ എഴുന്നേൽപ്പിക്കുന്നു, എന്തോ ഒരു കാര്യം നിങ്ങളോട് അത് ചെയ്യുന്നു. അത് ഒരിക്കലും പരാജയപ്പെടില്ല.

75 ആഹാബ്, അവൻ കപടഭക്തനായിരുന്നു. നോക്കു, അവൻ അവിടേക്ക് കടന്നു ചെല്ലുന്നു, അവൻ പറയുകയാണ്, "ഇപ്പോൾ, എനിക്ക് ഇപ്പോൾ ഏകീകരിക്കാൻ കഴിയുമെങ്കിൽ, ഈ വലിയ രാഷ്ട്രത്തെ നേടാൻ പറ്റും. കൂടാതെ അവിടെയുള്ള ആ മനുഷ്യൻറെ മകളെ ഞാൻ കല്യാണം കഴിച്ചാൽ, ശരി...അതായത്...ഞങ്ങൾ—ഞങ്ങൾ സുഹൃത്തുക്കളാകും." അവൻ എന്തു ചെയ്യുകയായിരുന്നു? അവൻറെ ജന്മാവകാശം തന്നെ വിൽക്കുകയായിരുന്നു.

76 ഇപ്പോൾ, ഈ പ്രൊട്ടസ്റ്റന്റ് സഭ തിരികെ *പോയി* കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടുമ്പോൾ, അത് പിൻ കാലങ്ങളിലായി ചെയ്ത അതേ കാര്യം തന്നെ ചെയ്യും. ആഹാബ് ജീവിച്ചിരുന്ന ആ നാളുകളിൽ...

77 ഇത് മൂന്ന് തവണയായിക്കഴിഞ്ഞിരിക്കുന്നു. അവൻ ഇസ്രായേലിൻറെ യാത്രയുടെ അർദ്ധരാത്രിയിലെ അനുഭവത്തിലായിരുന്നു, അങ്ങനെ *ഇവിടെ* വീണ്ടും ഒരു അർദ്ധരാത്രി

വരുകയും, നമ്മൾ വീണ്ടും അർദ്ധരാത്രിയിലേക്ക് വരുന്നു *ഇവിടെ.* ഇതിന് മുമ്പ് മൂന്ന് തലമുറകൾ ആയിരുന്നു; നാം ഇതിൽ *ഇവിടെയും,* ഇതിൽ *ഇവിടെയും* കൂടാതെ ഇതിൽ *ഇവിടെയും* ആകുന്നു.

78 ഇപ്പോൾ, നിങ്ങൾ ശ്രദ്ധിച്ചാൽ, ആഹാബ് തൻറെ ജനത്തെ ശക്തിപ്പെടുത്താൻ ഈസേബെലിനെ വിവാഹം കഴിച്ചു. അതുതന്നെയാണ് കൃത്യമായും കുസ്തന്തീനോസും ചെയ്തത്. അവൻ ഒരു വലിയ സഭ സ്ഥാപിക്കുകയും, ബലിപീഠം എടുത്ത് മാറ്റി ഒരു വലിയ വെണ്ണക്കല്ലുകൊണ്ട് അത് ഉണ്ടാക്കുകയും, മാർപാപ്പ, എന്ന ഈ മനുഷ്യനെ അണിയിച്ചൊരുക്കി, അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു. അവൻ ഒരു ജീവിക്കുന്ന ദൈവമായിരുന്നു, അവന് അവരോട് സംസാരിക്കാൻ കഴിയുമായിരുന്നു, കൂടാതെ—കൂടാതെ അവരുടെ പാപങ്ങളെക്കുറിച്ച് അവളോട് പറയുവാനും കഴിഞ്ഞിരുന്നു, അത് ആ പഴയ ശീതോഷ്ണ സഭയെ പ്രീതിപ്പെടുത്തിയിരുന്നു, അങ്ങനെ അവർ മുമ്പോട്ട് പോയി. തീർച്ചയായും! അത്രയേയുള്ളൂ! ശരി, എന്നാൽ അത് വീണ്ടും ജനിച്ച ആ മനുഷ്യനെ സന്തോഷിപ്പിച്ചിരുന്നില്ല, അവർ അത് എടുത്തിട്ട് വിഗ്രഹാരാധനയുടെ പ്രാർത്ഥനകൾ ചൊല്ലുന്ന ചടങ്ങുകളിലേക്ക് അതിനെ കൊണ്ടുവന്നു. അപ്പോൾ അവർ എന്താണ് ചെയ്തത്? അവർ വ്യാഴത്തെ താഴെയിറക്കി, പത്രോസിനെ പ്രതിഷ്ഠിച്ചു. അവർ ശുക്രനെ താഴെയിറക്കി, മറിയത്തെ ഇരുത്തി. അങ്ങനെ അത് കൊണ്ടുവന്നു—അത് വിഗ്രഹാരാധനയെ ക്രിസ്തീയ നിരയിലേക്ക് കൊണ്ടുവന്നു.

79 ആഹാബ് ഈസബെലിനെ വിവാഹം കഴിച്ചപ്പോഴും, അവൻ അതുതന്നെ ചെയ്തു. അവൻ ഇസ്രായേലിൽ വിഗ്രഹാരാധന കൊണ്ടുവന്നു. അപ്പോൾ ഈസബെൽ എന്താണ് ചെയ്തത്? അവൾക്കു കയ്യിൽ കിട്ടാൻ കഴിഞ്ഞ എല്ലാ പ്രവാചകന്മാരെയും അവൾ കൊന്നു. അതു ശരിയല്ലേ? അതുപോലെ തന്നെ മാർപാപ്പമാരും ചെയ്യുന്നു. അവർക്ക് കൈവെക്കാൻ കിട്ടിയിരുന്ന എല്ലാ സത്യ ക്രിസ്ത്യാനിയെയും, അവർ കൊന്നുകളഞ്ഞു.

80 എന്നാൽ ആ കാലഘട്ടത്തിലേക്കുള്ള ഒരു നക്ഷത്രം അവിടെ ഉണ്ടായിരുന്നു, വൃദ്ധനായ ഏലിയാവ്! ഓ, അതെ, ശ്രീമാൻ! അതിനെക്കുറിച്ച് അവരോട് പറയാൻ, അവൻ ഭയപ്പെട്ടിരുന്നില്ല. അതെ, ശ്രീമാൻ! അവൻ കാലഘട്ടത്തിലെ ദൈവത്തിൻറെ *ആ* നക്ഷത്രമായിരുന്നു. ഒരുവട്ടം ഇതുപോലെ ഒരവസരത്തിൽ എത്തിയിട്ട് അവൻ പറഞ്ഞു, "കർത്താവേ, ഞാൻ ഒരുവൻ മാത്രമേ അവശേഷിക്കുന്നുള്ളൂ."

81 ദൈവം പറഞ്ഞു, "ഇപ്പോൾ, ഒരു നിമിഷം നിൽക്കു, ഒരു നിമിഷം

നിൽക്കു, ഒരു നിമിഷം നിൽക്കു, ഏലിയാവേ.” ഊ-ഹ. “എനിക്ക് എഴുന്നൂറുപേരെ ഞാൻ അവിടെ ചുറ്റുമായി ഒളിപ്പിച്ചു വച്ചിട്ടുണ്ട്. നോക്കു? അവർ എവിടെയാണെന്ന് നിങ്ങൾക്കറിയില്ല. അവർ പുറത്തായി അവിടെയുണ്ട്, പരീശന്മാർ, സദൂക്യർ, ബാപ്റ്റിസ്റ്റുകാർ, മെഥഡിസ്റ്റുകാർ, പ്രെസ്ബിറ്റേറിയൻകാർ, എന്നാൽ ഞാൻ—ഞാൻ അവരെ അവിടെ നിന്ന് പുറത്താക്കും, നിങ്ങൾ ഒന്ന് കാത്തിരിക്കു. നോക്കു? എനിക്ക് അവർ അവിടെയായിട്ടുണ്ട്. ഉണ്ട്...അവർ—അവർ—അവർ എന്റേതാണ്, അവർ ഇതുവരെ ബാലിമിന് മുന്നിൽ മുട്ടുമടക്കിയിട്ടില്ല.” എന്നാൽ വൃദ്ധനായ ഏലിയാവ് അന്ന് ദൈവത്തിൻറെ ശബ്ദമായിരുന്നു. അവൻ തീർച്ചയായും ക്രിസ്തുവിൻറെ ആദ്യത്തെ വരവിലെ ദൈവത്തിൻറെ ശബ്ദത്തിൻറെ മാതൃക തന്നെയായിരുന്നു, തിരുവെഴുത്തുകൾക്ക് അനുസരിച്ച്, അത് ക്രിസ്തുവിൻറെ രണ്ടാമത്തെ വരവിൻറെ ശബ്ദത്തിൻറെ വീണ്ടും മാതൃകയായിരിക്കും.

82 ഇപ്പോൾ, ഈ ഈസബേൽ അവിടെ എത്തിയപ്പോൾ ഇതിൽ കടന്നു കൂടിയതായി നാം കണ്ടെത്തുന്നു, അവൾ ശരിക്കും ദൈവത്തിൻറെ ബലിപീഠങ്ങളെല്ലാം തകർത്തു കളഞ്ഞിട്ടു അവളുടെ സ്വന്തം ബലിപീഠങ്ങൾ സ്ഥാപിക്കാൻ പോകുകയായിരുന്നു. അങ്ങനെ അവൾക്ക് യിസ്രായേല്യരെ ഒരു വിഗ്രഹത്തിനു മുമ്പിൽ കുമ്പിട്ടു കിട്ടിയിരുന്നു. അത് തന്നെയാണ് യഥാർത്ഥത്തിൽ കത്തോലിക്കാ സഭ രൂപീകരിച്ചപ്പോൾ കുസ്തന്തീനോസ് ചെയ്തത്. അവൻ വിഗ്രഹാരാധനയെ ആ—ആ ക്രിസ്തീയ സഭയുടെ മേൽ കൊണ്ട് വരുകയും ക്രിസ്ത്യാനികളെ വിഗ്രഹങ്ങളെ വണങ്ങുന്നവരാക്കുകയും ചെയ്തു. അതാണ് കൃത്യമായും വീണ്ടും ഇരുണ്ട കാലഘട്ടമാകുന്നത്; ഇസ്രായേലിൻറെ ഇരുണ്ട കാലഘട്ടം, സഭയുടെ—ഇരുണ്ട കാലഘട്ടം; വിഗ്രഹങ്ങൾക്ക് മുമ്പിൽ മുട്ടുകുത്തുന്നവരായി. ഏലിയാവ് അവൻറെ നാളുകളിലെ നക്ഷത്രം ആയിരുന്നു.

83 അങ്ങനെ ഇത് എല്ലാ ഇസ്രായേല്യരെയും ബാലിമിനെ ആരാധിക്കാൻ കാരണമാക്കി, അതുപോലെ തന്നെ കത്തോലിക്കാ സഭയും തുയഥൈരയിൽ ചെയ്തു.

84 ഇപ്പോൾ, ഇവിടെ ശ്രദ്ധേയമായ മറ്റൊരു കാര്യം നിങ്ങൾ ശ്രദ്ധിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, എൻറെ പക്കലുള്ള അതിൻറെ ചരിത്രം ഇവിടെ ഞാൻ എടുക്കുകയായിരുന്നു. യേശു പറഞ്ഞു അതായതു അവൾ...സ്വയം ഒരു പ്രവാചകി എന്ന് വിളിച്ചിരുന്നു. “ഈസബേൽ എന്ന ആ സ്ത്രീ, എങ്കിലും താൻ പ്രവാചകി എന്നു പറഞ്ഞു (സ്വയം വിളിക്കുന്നു) ഒരു പ്രവാചകി.”

ഇപ്പോൾ, നിങ്ങൾ നോക്കു, കത്തോലിക്കാ സഭ അവരുടെ ജനങ്ങളെ വേദപുസ്തകം വായിക്കാൻ അനുവദിക്കുന്നില്ല കാരണം, ആ വചനത്തെ ദൈവികമായി ദിവ്യമാക്കാൻ പുരോഹിതൻ ഒരുവൻ മാത്രമേ കഴിയൂ എന്ന് അവർ പറയുന്നു.

85 ശരി, അത് ഒരു പ്രവാചകൻറെ യഥാർത്ഥ വ്യാഖ്യാനമാകുന്നു. ഒരു പ്രവാചകന് ദൈവ വചനത്തിൻറെ ദിവ്യ വ്യാഖ്യാനമുണ്ട്. അത് കൃത്യമായും ശരിയാണ്. ഒരു വ്യക്തിക്ക് എങ്ങനെ ഒരാളെ, മറ്റൊരാളെ "ഒരു പ്രവാചകൻ" എന്ന് വിളിച്ചിട്ട് പിന്നെ, "അവർക്ക് തെറ്റായ വെളിപാടുണ്ട് എന്ന് എങ്ങനെ പറയാൻ കഴിയും"? ഇത് വീണ്ടും നിത്യ പുത്രത്വം പോലെ തന്നെ അർത്ഥവത്താണ്, നിങ്ങൾ നോക്കു. നോക്കു? നോക്കു, അത്—അത് അതാകുന്നു...ഒരു *പ്രവാചകൻ* എന്നത് അർത്ഥമാക്കുന്നത് "ശരിയായ ദൈവികൻ എന്നാകുന്നു, കർത്താവിൻറെ വചനം എത്തുന്ന ഒരുവൻ, വെളിപ്പാട് അവൻറെ അടുക്കൽ എത്തുന്നു." *പ്രവാചകൻ* എന്ന വാക്ക് അർത്ഥമാക്കുന്നത് "ദിവ്യ വചനത്തിൻറെ ദൈവികൻ എന്നാകുന്നു." യേശു പറഞ്ഞു, "നിങ്ങളുടെ ഇടയിൽ ഒരു ആത്മീയനോ പ്രവാചകനോ ഉണ്ടെങ്കിൽ, യഹോവയായ ഞാൻ അവനോടു അരുളി ചെയ്യും. അവൻ പറഞ്ഞത് സംഭവിക്കുകയാണെങ്കിൽ നിങ്ങൾ അവനെ കേൾക്കുക, ഞാൻ അവനോടു കൂടെയുണ്ട്. അത് സംഭവിക്കയും ഒത്തുവരികയും ചെയ്യാഞ്ഞാൽ, പിന്നെ അവനെ കേൾക്കരുത്." അത്രമാത്രം. അത് ആകുന്നു—അത് ആകുന്നു ദൈവത്തിൻറെ ദിവ്യ വചനം, ദൈവത്തിൻറെ വചനം പ്രവാചകന്മാരുടെ അടുക്കൽ എത്തുന്നു.

86 ഇപ്പോൾ, അവർ പറഞ്ഞു അതായത് ഇത് *സഭ* ആകുന്നു അതിനുശേഷം "ഒരു പ്രവാചകൻ ആകുന്നു." ഇപ്പോൾ ഓർക്കുക, അത് ഇപ്പോൾ ഈ നിക്കൊലാവ്യരിൽ നിന്നും മാറിയിരിക്കുന്നു, അത് മാറിയിരിക്കുന്നത് ആകുന്നു ഒരു "*സ്ത്രീ*." നിങ്ങൾ ഇത് കാണുന്നുണ്ടോ? ഒരു "ഈസബേൽ." ഇപ്പോൾ, കഴിഞ്ഞ രാത്രിയിൽ "ബിലെയാമിൻറെ ഉപദേശമായിരുന്നു." നോക്കു, "നിക്കൊലാവ്യരുടെ ഉപദേശം" ഒപ്പം "ബിലെയാമിൻറെ ഉപദേശം."

87 ഇപ്പോൾ, ബിലെയാം എന്ന ഒരു വ്യക്തിയാണ് ഇസ്രായേലുമായി വേശ്യാവൃത്തി ചെയ്യുന്നതിനു ഇടയാക്കിയത്. അപ്പോൾ എന്താണ്—ഈ—ഈ നിക്കൊലാവ്യർ ചെയ്തത്? അവർ സംഘടന ഉണ്ടാക്കി. അതുകൊണ്ട് അവരെ രണ്ടുപേരെയും കൂടി ഒരുമിച്ച് ചേർക്കുക, അപ്പോൾ നിങ്ങൾക്ക് കിട്ടുന്നു ഒരു *സ്ത്രീ*, അത് "സഭയാകുന്നു." തീർച്ചയായും! വെളിപാട് 17, "പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന മഹാവേശ്യ." സ്ത്രീ, വേശ്യ. അവൾ എന്താണ്, അല്ലെങ്കിൽ അവൾ

എങ്ങനെയാണ് ഒരു വേശ്യ ആകുന്നത്? അവൾ പരസംഗം ചെയ്യുന്നു, ആത്മീയ പരസംഗം ചെയ്യുന്നു, ജനങ്ങൾക്ക് വചനം തെറ്റായി വ്യാഖ്യാനിക്കുന്നു. ആ മതഭ്രാന്തിൽ നിന്ന് രക്ഷപ്പെട്ട് കൊള്ളുക! അതാണ് യഥാർത്ഥ മതഭ്രാന്ത്. അത് ശരിയാണ്.

88 ഇപ്പോൾ, നോക്കു, അവൾ സ്വയം ഒരു പ്രവാചകി എന്ന് വിളിക്കുന്നു, "ഞങ്ങൾ ഒന്ന് മാത്രമാകുന്നു! ഞങ്ങൾ ആകുന്നു ഉപദേശക സമിതി! ഞങ്ങൾ ആകുന്നു ലവോദിക്യയുടെ ഉപദേശകസമിതി, മനുഷ്യരുടെ ഉപദേശകസമിതി ആകുന്നു, ഞങ്ങൾ *ഇതും,* പിന്നെ *ഇതും,* കൂടാതെ *ഇതും* തീരുമാനിച്ചിരിക്കുന്നു. അതിനാൽ ഞങ്ങൾ പറയുന്നത് നിങ്ങൾ ശ്രദ്ധിക്കുക!" എന്നാൽ...

89 അത്—അത് എലിസബത്ത് ഫ്രേസിയറെക്കുറിച്ചോ അല്ലെങ്കിൽ ആ ഫ്രേസിയർ എന്ന ആ പെൺകുട്ടിയെക്കുറിച്ച് എന്നോട് അഭിമുഖ സംഭാഷണം നടത്താൻ വന്ന ആ പുരോഹിതൻ ചോദിച്ചത് പോലെയാകുന്നു. ചോദിച്ചു, "ഈ—ഈ കർദ്ദിനാൾ ഇക്കാര്യം അറിയാൻ ആഗ്രഹിച്ചിരുന്നു...അല്ലെങ്കിൽ ബിഷപ്പ് ആയിരുന്നു, നിങ്ങളാണോ ഈ ഫ്രേസിയർ പെൺകുട്ടിയെ സ്നാനപ്പെടുത്തിയത്." പറഞ്ഞു, "അവൾ ഒരു കത്തോലിക്കക്കാരിയായി മാറുകയാണ്."

ഞാൻ പറഞ്ഞു, "അതെ, ഞാൻ അത് മനസ്സിലാക്കുന്നു."

ചോദിച്ചു, "നിങ്ങൾ—നിങ്ങളാണോ അവളെ സ്നാനപ്പെടുത്തിയത്?"

ഞാൻ പറഞ്ഞു, "അതെ, സർ."

ചോദിച്ചു, "എങ്ങനെയാണ് നിങ്ങൾ അവളെ സ്നാനപ്പെടുത്തിയത്?"

ഞാൻ പറഞ്ഞു, "ക്രിസ്തീയ സ്നാനത്തിൽ." ഉ-ഹാ.

അദ്ദേഹം ചോദിച്ചു, "ശരി, അങ്ങനെ പറഞ്ഞതിൽ നിന്നും നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?"

ഞാൻ പറഞ്ഞു, "ക്രിസ്തീയ സ്നാനം, അത് വേദപുസ്തകം പറയുന്ന രീതിയാകുന്നു. ക്രിസ്തീയ സ്നാനത്തിൽ സ്നാനമെടുക്കുന്നതിന് ഒരേയൊരു വഴിയേ ഉള്ളൂ. വേദപുസ്തകത്തിൽ എല്ലാ വ്യക്തികളും വെള്ളത്തിൽ മുങ്ങി യേശു ക്രിസ്തുവിൻറെ നാമത്തിൽ സ്നാനമേറ്റിരുന്നു 'യേശു ക്രിസ്തു.'"

90 അദ്ദേഹം അത് എഴുതിയെടുത്തു, അതിപ്രകാരം എഴുതിയെടുക്കാൻ തുടങ്ങി. പറഞ്ഞു, "നിങ്ങൾക്കറിയാമോ, കത്തോലിക്കാ സഭയും അങ്ങനെയാണ് ചെയ്തുകൊണ്ടിരുന്നത്."

ഞാൻ ചോദിച്ചു, “എപ്പോൾ?” ഞാൻ പറഞ്ഞു, “ലണ്ടനിൽ നിന്നും മറ്റെല്ലായിടത്തുനിന്നും എനിക്ക് കണ്ടെത്താൻ കഴിഞ്ഞ, എല്ലാ പുരാതന ചരിത്രങ്ങളും എൻറെ പക്കൽ ഇവിടെയുണ്ട്.” അതുകൊണ്ട് ഈ സമയം എത്തിയാലുടനെ തന്നെ എനിക്കത് പഠിക്കാൻ കഴിയും, അപ്പോൾ എന്തെങ്കിലും സംഭവിക്കാൻ പോകുകയാണ്. ഹും. ഞാൻ പറഞ്ഞു, “എനിക്ക്—എനിക്ക് അത് എവിടെയാണെന്ന് അറിയാൻ ആഗ്രഹമുണ്ട്.” ഞാൻ അവിടെ പോകും...

അദ്ദേഹം പറഞ്ഞു, “ഓ,” അദ്ദേഹം പറഞ്ഞു, “അത് വേദപുസ്തത്തിലാകുന്നു.”

ഞാൻ ചോദിച്ചു, “നിങ്ങൾ തന്നെ അത് പറയുന്നുണ്ടോ...?”

അദ്ദേഹം പറഞ്ഞു, “യേശു കത്തോലിക്കാ സഭയെ സംഘടിപ്പിച്ചു.”

ഞാൻ ചോദിച്ചു, “അപ്പോൾ പത്രോസ് ആയിരുന്നോ ആദ്യത്തെ, മാർപാപ്പ?”

പറഞ്ഞു, “അധികപക്ഷവും.”

ഞാൻ പറഞ്ഞു, “ഞാൻ വിചാരിച്ചു ‘സഭ ഒരിക്കലും തെറ്റ് പറ്റാത്തതും കൂടാതെ മാറ്റമില്ലാത്തതുമാകുന്നു, അത് മാറാതിരിക്കാൻ എല്ലാ ദിവ്യ ബലികളും ലത്തീൻ ഭാഷയിൽ പറഞ്ഞിരിക്കുന്നു.’”

അദ്ദേഹം പറഞ്ഞു, “അത് സത്യമാണ്.”

91 ഞാൻ പറഞ്ഞു, “ശരി, ആ സമയം മുതൽ നിങ്ങൾ തീർച്ചയായും ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.” ഞാൻ പറഞ്ഞു, “ആ വേദപുസ്തകം ഒരു കത്തോലിക്കാ പുസ്തകമാണെങ്കിൽ, പിന്നെ ഞാൻ ഒരു പഴയ പരിഷ്ക്കാരത്തോട് കൂടിയ കത്തോലിക്കനാണ്.” നോക്കൂ? അത് ശരിയാണ്. ഞാൻ പറഞ്ഞു, “അപ്പോൾ ഞാൻ ഒരു പഴയ-പരിഷ്ക്കാരത്തോട് കൂടിയ കത്തോലിക്കനാണ്, പിന്നെ.” പിന്നെ ഞാൻ പറഞ്ഞു, “അത് തീർച്ചയായും ഉണ്ടായിരുന്നു...”

അദ്ദേഹം പറഞ്ഞു, “ശരി, ഇപ്പോൾ, നിങ്ങൾ നോക്കു, വേദപുസ്തകം കത്തോലിക്കാ സഭയുടെ വെറും ചരിത്രം മാത്രമാകുന്നു.” അദ്ദേഹം പറഞ്ഞു, “ദൈവം തൻറെ സഭയിലാകുന്നു.”

ഞാൻ പറഞ്ഞു, “ദൈവം തൻറെ വചനത്തിൽ ആകുന്നു.” അത് ശരിയാണ്.

92 “ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവർ എന്നേ വരൂ.” ഇവിടെ ഈ വെളിപാട് പുസ്തകത്തിൽ ഈ ഒരേയൊരു പുസ്തകത്തിൽ മാത്രമാണ് (ഞാൻ അത് ആവർത്തിച്ച് പറയട്ടെ.) യേശു തൻറെ അംഗീകാരം നൽകിയിട്ടുള്ളത്. അവൻ

ആദ്യമായിട്ട് ചെയ്ത കാര്യമെന്താണെന്നാൽ തൻറെ ദിവ്യത്വത്തെ, വെളിപ്പെടുത്തുകയായിരുന്നു, അവൻ അത് പൂർണ്ണമായും ചെയ്യുന്നു. എന്നിട്ട് പറഞ്ഞു, "ഇതിൽ നിന്ന് ആരെങ്കിലും എന്തെങ്കിലും എടുക്കുകയോ ഇതിനോട് എന്തെങ്കിലും ചേർക്കുകയോ ചെയ്താൽ, അത് എടുത്തുകളയപ്പെടും (അവൻറെ ഭാഗം) ജീവൻറെ പുസ്തകത്തിൽ നിന്ന് എടുത്തു മാറ്റപ്പെടും. ഇത് വായിക്കുന്ന ഏവനും ഭാഗ്യവാൻ, അല്ലെങ്കിൽ ഇത് കേൾക്കുന്നഏവനും ആകുന്നു. ഇതിലേക്ക് ഒരു വാക്ക് കൂട്ടിച്ചേർക്കുകയോ അതിൽ നിന്ന് എന്തെങ്കിലും എടുത്തുകളയുകയോ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ." നിങ്ങൾ അവിടെയാണ്, അതിനാൽ നിങ്ങൾ അപകടഭാഗം കാണുന്നു. അതുകൊണ്ട് ഒരിക്കലും ഇതിലേക്ക് ഒന്നും ചേർക്കരുത്; അത് അതേപടി വിട്ടേക്കുക മാത്രം ചെയ്യുക, എന്നിട്ട് നേരെ മുന്നോട്ട് പോകുക.

93 നിങ്ങൾ താഴ്മയുള്ളവർ മാത്രമായിരുന്നാൽ ആത്മാവ് അത് നിങ്ങൾക്ക് വെളിപ്പെടുത്തും, അവനോട് ചോദിക്കുക. നോക്കു? അത് ശരിയാണ്. ഇപ്പോൾ, അതുകൊണ്ട് ഇത് കുഴപ്പം പിടിച്ച കാര്യമല്ല. ദൈവം...യേശു പിതാവിന് നന്ദി പറഞ്ഞു കൊണ്ട്...പറഞ്ഞു, "ഞാൻ അങ്ങേക്ക് നന്ദി പറയുന്നു, പിതാവേ, നീ ഈ കാര്യങ്ങൾ റബ്ബിമാരുടെ കണ്ണിൽ നിന്ന് മറച്ചുവെച്ചതിനും, കൂടാതെ ബിഷപ്പുമാരുടെയും, കർദ്ദിനാൾമാരുടെയും, പൊതു മേല്നോട്ടക്കാരുടെയും കണ്ണിൽ നിന്നും മറെച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു." നോക്കു?

94 അതാണ് നിങ്ങൾക്ക് ആവശ്യമായിരിക്കുന്നത്. ഇത് ദൈവത്തിൻറെ ഒരു വെളിപാടായിട്ട്, അത് അവൻ ഇവിടെ പറഞ്ഞിരിക്കുന്നതുപോലെ മാത്രമേ വരാൻ കഴിയുകയുള്ളൂ, "ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു?"

അവൻ പറഞ്ഞു, "നീ ജീവനുള്ള ദൈവത്തിൻറെ പുത്രനായ ക്രിസ്തു ആകുന്നു."

95 അവൻ പറഞ്ഞു, "ശിമോനെ, നീ ഇത് ഒരിക്കലും ഒരു സെമിനാരിയിൽ നിന്നും പഠിച്ചിട്ടില്ല. നോക്കു? ആരും നിങ്ങളോട് ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല. അത് വന്നത്, സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു വെളിപാടായിരുന്നു. ഈ പാറമേൽ ഞാൻ എൻറെ സഭയെ പണിയും, പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല."

96 ആദിയിൽ ഹാബേലിന് ലഭിച്ച വെളിപാടും കൃത്യമായും അത് തന്നെ ആയിരുന്നു. ഇത് വെളിപാടാകുന്നു; അന്ന് അതായിരുന്നു,

അത് ഇപ്പോഴും വെളിപാടാകുന്നു, അത് എല്ലായ്പ്പോഴും വെളിപാടായിരിക്കും. അത് ശരിയാണ്.

97 ഇപ്പോൾ, അവൾ ഒരു സ്ത്രീയായിരുന്നുവെന്ന് ഇപ്പോൾ നാം ഇവിടെ കണ്ടെത്തുന്നു, കൂടാതെ ഒരു *സ്ത്രീ* എന്നത് പ്രതിനിധീകരിക്കുന്നത് ഒരു "സഭയാകുന്നു." (അത് ശരിയല്ലേ? ക്രിസ്തു എന്തിനുവേണ്ടിയാണ് വരുന്നത്? മണവാട്ടി, ഒരു സ്ത്രീ, നിർമ്മല കന്യകക്ക് വേണ്ടിയാകുന്നു.) അപ്പോൾ ഇവിടെയുള്ള വൃദ്ധയായ സ്ത്രീ, താൻ ദൈവത്തിൻറെ സഭയാണെന്ന് സ്വയം അവകാശപ്പെടുന്നു; എന്നാൽ, അവൾ എന്തായിരുന്നു, അവൾ സമ്പത്തും രത്നവും മുത്തും, അങ്ങനെ എല്ലാം കൊണ്ട് അണിഞ്ഞവളായിരുന്നു, തൻറെ വേശ്യവൃത്തിയുടെ മ്ളേച്ഛതയും അശുദ്ധിയും നിറഞ്ഞ പാനപാത്രം കയ്യിൽ പിടിച്ചിരുന്നു, അതായത് അവൾ ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്തു തൻറെ വേശ്യാവൃത്തിയുടെ മദ്യത്താൽ മത്തരാക്കിയതാകുന്നു. അത് ശരിയല്ലേ?

98 ഇപ്പോൾ, അവൾ വിളിക്കപ്പെട്ടിരിക്കുന്ന പേരോട് കൂടി നാം അവളെ ഇവിടെ കണ്ടെത്തുന്നു "ഈസബെൽ." അങ്ങനെ ഈസേബെൽ, ആ ഇസ്രായേല്യരുടെ ഇടയിൽ പിടിമുറുക്കിയ ഉടനെ തന്നെ, അവൾ ചെയ്ത ദുഷ്ട പ്രവർത്തികൾ, അവൾ അവരെ കൊല്ലുകയും അവൾക്കു കഴിയുന്നതെല്ലാം ചെയ്യുകയും ചെയ്തു, എന്നിട്ട്—എന്നിട്ട് സ്വന്തം ബലിപീഠങ്ങൾ പണിതു. അതു ശരിയല്ലേ? അത് തന്നെയാണ് ശരിക്കും കത്തോലിക്കാ സഭയും ചെയ്തത്. അത് കൃത്യമായും ശരിയാണ്. എന്നാൽ ഇപ്പോൾ നമുക്ക് കുറച്ചുകൂടി മുമ്പോട്ട് വായിക്കാം. ഇത് നിങ്ങളെ സ്തംഭിപ്പിക്കാൻ പോകുകയാണ്. ചിലപ്പോൾ നിങ്ങൾ സ്തംഭിക്കപ്പെടുമ്പോൾ, നിങ്ങൾ കുറച്ചുകൂടി കൂടുതൽ കഴിക്കും.

> ...വിളിക്കുന്നു *സ്വയം ഒരു പ്രവാചകി,* ഇപ്പോൾ, അവൾ ഇത് പറയുകയാണെങ്കിൽ, "വചനത്തിൻറെ ഏക വ്യാഖ്യാതാവ് ഞാനാകുന്നു.") അവൾ എൻറെ *ദാസന്മാരെ ദുർന്നടപ്പ്* ആചരിപ്പാനും,...*വിഗ്രഹാർപ്പിതം തിന്മാനും ഉപദേശിക്കയും തെറ്റിച്ചുകളകയും ചെയ്യുന്നു.*

99 ഇത് ആ സഹോദരൻ ഈ കാര്യത്തെക്കുറിച്ച് ചോദിച്ചതുപോലെ "ആ പാമ്പ്," അതിനെക്കുറിച്ച് "ഏദെൻ തോട്ടത്തിൽ ഫലം തിന്ന കാര്യം പോലെയാകുന്നു." അവൻ അത് പറഞ്ഞപ്പോൾ അത് എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു (നിങ്ങൾക്ക് കഴിഞ്ഞില്ലേ?) "ഭക്ഷിച്ചു," എന്നിവിടെ പറഞ്ഞു. അത് എന്തായിരുന്നു, അത് ആത്മീയമായിരുന്നു, നിങ്ങൾ നിങ്ങൾ നോക്കൂ. കൂടാതെ ഈ... ഇതും...

*ഞാൻ അവൾക്കു മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും അവളുടെ ദുർന്നടപ്പു വിട്ടു—ദുർന്നടപ്പു വിട്ടു; മാനസാന്തരപ്പെടുവാൻ അവൾക്കു മനസ്സില്ല.*

*ഇതാ. ഞാൻ അവളെ ഒരു കിടപ്പിൽ ആക്കിക്കളയും,* (ഈശു തരത്തിൽപ്പെട്ടു കിടക്കയാണ്? ലൗകികതയുടെതാകുന്നു. ഇന്ന് ശരിക്കും അവൾ അങ്ങനെ തന്നെ ആകുന്നു.) *ഞാൻ അവളുമായി വ്യഭിചരിക്കുന്നവരെ അവളുടെ നടപ്പു* വിട്ടു *മാനസാന്തരപ്പെടാതിരുന്നാൽ, വലിയ കഷ്ടതയിലും ആക്കിക്കളയും.* (അത് മഹാകഷ്ടത്തിലേക്ക് പോകുന്നതാകുന്നു.)

*കൂടാതെ...അവളുടെ മക്കളെയും ഞാൻ കൊന്നുകളയും;...*

100 അയ്യോ! എന്താണ് അവളുടെ? ഈ വൃദ്ധയ്ക്ക് കുറച്ച് കുട്ടികളുണ്ടായിരുന്നു. ഇപ്പോൾ വെളിപാട് 17. നിങ്ങളിൽ എത്ര പേർ...? ഇന്നലെ രാത്രിയിൽ നിങ്ങൾ എല്ലാവരും തന്നെ ഇവിടെ ഉണ്ടായിരുന്നുവെന്ന്, ഞാൻ കരുതുന്നു. ശരി കൊള്ളാം. വെളിപാട് 17, ഈ പഴയ വേശ്യയായ, കത്തോലിക്കാ സഭയെ, ഒരു "വേശ്യ," എന്ന് വിളിച്ചിരുന്നു, കൂടാതെ അവൾ "വേശ്യമാരുടെ മാതാവായിരുന്നു." ഇത് ആൺകുട്ടികൾ ആകാൻ കഴിയുകയില്ല, അവർ *സഭകളായിരുന്നു.*

101 ഇപ്പോൾ ഈ ലൂഥറൻ സഭയും, അതുപോലെ ഈ സഭകളെല്ലാം എവിടെ നിന്നാണ് വരുന്നത്? ഈ സംഘടനകളെല്ലാം എവിടെ നിന്നാണ് വരുന്നത്? അതിൻറെ തുടക്കം എവിടെയാണ്, ലവോദിക്യായാണോ? നിക്കൊലാവ്യരുടെ അവസാനം അതിലേക്ക് രൂപപ്പെട്ടു; അത് വീണ്ടും കൃത്യമായും അതേ കാര്യം തന്നെ ആയി തീർന്നു. നിങ്ങൾക്ക് അതിനെ സഹായിക്കാൻ കഴിയില്ല, സഹോദരാ. ഓ, ഏലിയാവ് തൻറെ നാളുകളിൽ ഈ കാര്യത്തിനെതിരായി ശബ്ദമുയർത്തി. യോഹന്നാൻ തൻറെ നാളുകളിൽ അതിനെതിരായി ശബ്ദമുയർത്തി. അതെ, ശ്രീമാൻ! നിങ്ങൾ ഉള്ളംകൊണ്ടു, "അബ്രാഹാം ഞങ്ങൾക്കു പിതാവായിട്ടു ഉണ്ടു എന്നു പറവാൻ തുനിയരുതു; ഈ കല്ലുകളിൽ നിന്നു അബ്രാഹാമിന്നു മക്കളെ ഉളവാക്കുവാൻ ദൈവത്തിന്നു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു." നോക്കു? യാതൊന്നും ചെയ്യാൻ കഴിയില്ല.

102 ഇപ്പോൾ, അവൾക്ക് മക്കളുണ്ടായിരുന്നു. യഥാർത്ഥ ഈസബേലിന് കുട്ടികളുണ്ടായിരുന്നോ? അതെ, ശ്രീമാൻ! ശ്രദ്ധിക്കുക:

...ഞാൻ *അവളുടെ മക്കളെയും കൊന്നുകളയും...*

103 എന്ത്? കത്തോലിക്കാ സഭയെയും, അവളുടെ മക്കൾ പ്രൊട്ടസ്റ്റന്റ് സഭാ വിഭാഗമാണ്. നോക്കൂ, ഇത് കൃത്യമായും അത് തന്നെയാണ്, കാരണം അവർ അതെ കാര്യം തന്നെ ചെയ്യുന്നു. അവരുടെ വിചിത്രമായ സ്നാനത്താലും, തിരുവെഴുത്തിന് വിരുദ്ധമായ സ്നാനത്താലും, നേരെ അവളിലേക്ക് സ്നാനപ്പെടുത്തുന്നു; പരിശുദ്ധാത്മാവിനു വേണ്ടി കൈ പിടിച്ചു കുലുക്കുകയും ചെയ്യുന്നു; "യേശുക്രിസ്തു" അതിനു പകരം "പിതാവും, പുത്രനും, പരിശുദ്ധാത്മാവും." അങ്ങനെ എല്ലാം വേദപുസ്തകത്തിന് വിരുദ്ധമായി ചെയ്യുന്നു. എന്നിരിക്കിലും! അവർ നേരെ അതിലേക്ക് കടന്നു ചെല്ലുന്നു.

104 അവളുടെ മകളുടെ പേര് അഥല്യാ എന്നായിരുന്നു, എ-ടി-എച്ച്-എ-എൽ-ഐ-എ-എച്ച്. അവൾ അവളെ...അവൾ, ഈസബേൽ, അഥല്യയെ യെഹോറാമിനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു, യെഹൂദാരാജാവിൻറെ പുത്രനായിരുന്നു, താമസിയാതെ തന്നെ ബാലിമിൻറെ ബലിപീഠങ്ങൾ യെരുശലേമിൽ ഉയർന്നു വന്നിരുന്നു. ഇപ്പോൾ, അതിനായി നിങ്ങൾ ചരിത്രത്തിലേക്ക് പോകേണ്ടതില്ല, അത് വേദപുസ്തകമാകുന്നു. നോക്കൂ? അവളുടെ മകൾ, അഥല്യ യെഹോശാഫാത്തിൻറെ മകനെ വിവാഹം കഴിച്ചു, അവൻ യെഹോറാം ആയിരുന്നു. അങ്ങനെ അവളുടെ പുത്രിമാരും അവൾ ചെയ്ത അതേ കാര്യം തന്നെ ചെയ്തു.

105 ഓ, എൻറെ! നിങ്ങൾക്കത് കാണാൻ കഴിയുന്നില്ലേ? ഈ സംഘടനകൾ എങ്ങനെ അത് ചെയ്തുവെന്ന് നോക്കൂ, സഹോദരന്മാരേ? അവർ ലൂഥറിൽ കൂടെയും ബാക്കിയുള്ളവരിൽ കൂടെയും നേരെ തിരികെ അവിടെ കടന്നു വന്നു, ശരിക്കും അതേപോലെ തന്നെ, എന്നിട്ട് പരിശുദ്ധാത്മാവിനെ അനുവദിക്കുന്നതിനുപകരം അവരെത്തന്നെ സംഘടിപ്പിച്ചു. പെന്തക്കോസ്തുകാരും അതെ കാര്യം തന്നെ ചെയ്തു. അവർക്ക് പരിശുദ്ധാത്മാവിനെ മുന്നോട്ട് പോകാനും അതിന്റേതായ രീതിയിൽ അതിനെ മുന്നോട്ട് പോകാനും, അങ്ങനെ തുടരാനും ഇടയാക്കുന്നതിന് അവർക്ക് കഴിഞ്ഞില്ല; എല്ലാ വെളിച്ചവും വന്നപ്പോഴും, വചനത്താൽ മാത്രം അതിനെ പരിശോധിച്ച് നോക്കുക, എന്നിട്ട് മുമ്പോട്ട് തുടരുക. അവർക്ക് പരിശുദ്ധാത്മാവിനെക്കൊണ്ട് നയിപ്പിക്കാൻ കഴിഞ്ഞില്ല, അവർക്ക് ഒരു സംഘടന ഉണ്ടാക്കേണ്ടത് ആവശ്യമായിരുന്നു അങ്ങനെ അതോടൊപ്പം വരാനിരിക്കുന്ന മറ്റെല്ലാ കാര്യങ്ങളിൽ നിന്നും ഛേദിച്ചുകളയപ്പെട്ടുകയും ചെയ്തു. നേരെ തിരികെ പോയി, അതെ കാര്യത്തിലേക്ക് തന്നെ വിവാഹം ചെയ്യപ്പെട്ടു! കൃത്യമായും

അതാകുന്നു. നാം ആ കാലഘട്ടത്തിൽ എത്തുമ്പോൾ, ഇവിടെ വഴിയിൽ നിങ്ങൾക്കായി കാത്തിരിക്കുന്നത് എന്താണെന്ന് നിങ്ങൾ ശ്രദ്ധിക്കുക. നോക്കു? നേരെ തിരികെ അതിലേക്കു വിവാഹം ചെയ്യപ്പെട്ടു! യേശു ഇവിടെ പറഞ്ഞു, "അവളുടെ...ഈ ഈസബേൽ, അവൾ സ്വയം അവളെത്തന്നെ ഒരു 'പ്രവാചകി എന്ന് വിളിക്കുന്നു,' ഞാൻ അവളെ ലൗകികതയുടെ കിടക്കയിൽ എറിയുകയും അവളുടെ മക്കളെ കൊല്ലുകയും ചെയ്യും" (ഇപ്പോൾ, ഏതുരീതിയിൽ...?) "ഒരു മരണത്താൽ കൊന്നുകളയും."

106 എന്താണ്...എന്ത് തരത്തിലുള്ള മരണത്താലാണ് അവളുടെ മക്കൾ കൊല്ലപ്പെടുന്നത്? നിങ്ങൾ നോക്കു അവർ ഇപ്പോൾ മരിച്ചിരിക്കുന്നു! ആത്മീയമായി മരിച്ചിരിക്കുന്നു! അവർക്ക് യാതൊരു വെളിപാടുമില്ല! അവർക്ക് അവരുടെ സംഘടനയെ അറിയാം, അവർക്ക് അവരുടെ മതബോധനത്തെ അറിയാം, അവർക്ക് അവരുടെ സഭയുടെ ഉപദേശം അറിയാം; എന്നാൽ ദൈവത്തെ അറിയുന്ന കാര്യം വരുമ്പോൾ, അവരിൽ ചിലർക്ക് ഇതിനെകുറിച്ച് മിസ്രയീമിലെ രാത്രിയെക്കുറിച്ച് ഒരു തെളിന് അറിയാവുന്നതിനേക്കാൾ കൂടുതൽ അറിയില്ല. അത് ശരിയാണ്, വാസ്തവമായും പരിശുദ്ധാത്മാവിനെ അറിയുന്ന കാര്യം വരുമ്പോൾ അങ്ങനെയാകുന്നു. ആശ്ചര്യപ്പെടുകയാണ്; അതിനെ വിളിക്കുന്നത്... ദൈവത്തിൻറെ ആത്മാവിനെ വിളിക്കാൻ ആഗ്രഹിക്കുന്നത് ഒരു "പ്രശ്നക്കാരൻ," അല്ലെങ്കിൽ ഒരു "പിശാച്," അത്...ആത്മാക്കളെ വിവേചിച്ചറിയുകയും, അതുപോലുള്ള കാര്യങ്ങളെയും, ദുഷ്ടാത്മക്കളെ പുറത്താക്കുന്നതിനുമാകുന്നു. "എന്തുകൊണ്ടാണ്, കാരണം അവൻ നമ്മുടെ സംഘടനയിൽപ്പെട്ടവനല്ല. ആ കൂട്ടം, ഓ, *ബർർർ*." നോക്കു, അവർക്ക് അത് അറിയില്ല. എന്നിട്ട് അതിനെ ഒരു—ഒരു പേരുമായി കൂട്ടിച്ചേർക്കുക ചെയ്യുക "യേശു മാത്രക്കാർ," അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ഒരു "വിശുദ്ധ ഉരുളുകാർ," അഥവാ—അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽപ്പെട്ട അതുപോലുള്ള ഒരു കാര്യം. അതുമായി ഒന്നും അറിയില്ല!

107 അതുകൊണ്ട് നാഴിക അടുത്തിരിക്കുന്നു ആ കാര്യം വെളിച്ചത്തു കൊണ്ടുവരപ്പെടാൻ പോകുകയാണ്. അത് കൃത്യമായും ശരിയാണ്. ഞാൻ ഈ പ്രസംഗപീഠത്തിന് പിന്നിൽ നിൽക്കുന്നത് അത്രയും തീർച്ചയായിരിക്കുന്നതു പോലെ ദൈവം അത് ചെയ്യും, കാരണം ഞാൻ ഇവിടെ നിൽക്കുന്നത് അത്രയും തീർച്ചയായിരിക്കുന്നതു പോലെ അവൻ തൻറെ മക്കളെ ഉന്തി പുറത്താക്കും. സ്വർഗത്തിലുള്ള ദൈവം അത് അറിയുന്നു. നിങ്ങൾ എന്നെ കർത്താവിൻറെ പ്രവാചകനെന്നും,

കർത്താവിൻറെ ദാസനെന്നും, വിശ്വസിക്കുന്നു, എങ്കിൽ നിങ്ങൾ എൻറെ വാക്ക് കേൾക്കുക. അവൾ സമീപിച്ചിരിക്കുന്നു. അതെ, ശ്രീമാൻ.

108 "അവളുടെ മക്കളെയും ഞാൻ ആത്മീയ മരണത്താൽ കൊന്നുകളയും." അവരെ നോക്കൂ: തണുത്തും ഔപചാരികവുമാകുന്നു. അതിലേക്ക് നോക്കുക...നമ്മുടെ ഈ കാര്യങ്ങളെ നോക്കൂ... നമുക്ക് ബാപ്റ്റിസ്റ്റുകാരെയും പ്രെസ്ബിറ്റേറിയൻകാരെയും കുറിച്ച് സംസാരിക്കേണ്ടതില്ല, അവർ വർഷങ്ങളായി മരിച്ചിരിക്കുന്നുവെന്ന് നമുക്കറിയാം. എന്ത്...

109 ലൂഥറിന് തൻറെ ഉണർവ്വ് ഉണ്ടായപ്പോൾ, അത് ന്യായീകരണം ആയിരുന്നു, അവൻ ആഗ്രഹിച്ചിരുന്നെങ്കിൽ...അവൻ അതിൽ തന്നെ തുടർന്നിരുന്നെങ്കിൽ, ഇത്—ഈ പെന്തക്കോസ്തിൻറെ മഹത്തായ നീക്കം ഇപ്പോൾ ലൂഥറൻ സഭ ആകുമായിരുന്നു. വെസ്ലി അത് അനുഗമിച്ചിരുന്നെങ്കിൽ, വിശുദ്ധീകരണത്തിലൂടെ വെളിച്ചം വരുമായിരുന്നു. അവന്...ലൂഥറിന് അത് പിന്തുടരാൻ കഴിഞ്ഞില്ല. ഇല്ല, ശ്രീമാൻ, അവർ ഇതിനകം ലൂഥറൻകാർ ആയിക്കഴിഞ്ഞിരുന്നു.

110 അതുകൊണ്ട് അതിനുശേഷം വെസ്ലി വന്നു. വെസ്ലി മരിച്ചതിന് ശേഷം, പിന്നെ എന്താണ് സംഭവിച്ചത്? അവർ അത് സംഘടിപ്പിച്ചിട്ട്, വെസ്ലിയൻ മെഥഡിസ്റ്റാക്കുകയും, പ്രാകൃത വെസ്ലിയർ-...ഓ, എല്ലാത്തരത്തിൽപ്പെട്ട മെഥഡിസ്റ്റുകാരുമാകുന്നു. നോക്കൂ? അതിനു ശേഷം...ഒരു വലിയ ഉണർവ്വുണ്ടാകുകയും, എന്നാൽ അവർ അതിനെ സംഘടനയിലേക്ക് എറിഞ്ഞുകളയുകയും ചെയ്തു, പെന്തക്കോസ്തുകാർ അന്യഭാഷകളിൽ സംസാരിക്കുകയും കൃപാവരങ്ങൾ യഥാസ്ഥാനത്താക്കുകയും ചെയ്തുകൊണ്ട് കടന്നു വന്നപ്പോൾ എന്താണ് സംഭവിച്ചത്? അവർക്ക് മുമ്പോട്ട് അനങ്ങാൻ കഴിഞ്ഞില്ല; അവരെ പിശാചുക്കൾ എന്നു വിളിച്ചു.

111 ഇപ്പോൾ പെന്തക്കോസ്തുകാർ എന്താണ് ചെയ്തത്? മറ്റവർ ചെയ്ത അതേ കാര്യം തന്നെ ചെയ്തു! അങ്ങനെ അവർ എവിടെ എത്തിയിരിക്കുന്നു? ഒരു വാതിലിൽ ചത്തിരിക്കുന്ന ആണിപോലെ ആയിരിക്കുന്നു. അതെ, ശ്രീമാൻ! അത് കൃത്യമായും ശരിയാണ്. "ഞാൻ അവളെ കിടപ്പിലും ഒരു—ഒരു മരണത്തിൻറെ കിടക്കയിൽ എറിയുകയും, അവളുടെ മക്കളെ കൊന്നുകളയും ചെയ്യും." ശരി, ഞാൻ—ഞാൻ അത് വായിക്കട്ടെ അതിനാൽ നിങ്ങൾ അത് ഇവിടെ കാണും, അത് 22-ാമത്തെ വാക്യമായിരുന്നുവെന്നു ഞാൻ കരുതുന്നു:

*അതിനാൽ ഞാൻ അവളെ കിടപ്പിലും, അവളുമായി വ്യഭിചരിക്കുന്നവരെ* വലിയ *കഷ്ടതയിലും ആക്കിക്കളയും.* (വലിയ—വലിയ കഷ്ടത)...

112 അതാണ് കടന്നുപോകുന്നത്. ഇപ്പോൾ ഓർക്കുക, ഞാൻ ഒരു നിമിഷം ഇവിടെ നിർത്തട്ടെ, അതായത് ആ മഹാകഷ്ടം അതാണ്—അവിടേക്കാണ് എറിഞ്ഞു കളയാൻ പോകുന്നത്, അത് ഈ ജനങ്ങളാകുന്നു അതായതു വിളക്കിൽ എണ്ണയില്ലാത്ത ഉറങ്ങുന്ന കന്യകമാരാകുന്നു; എന്നിരിക്കിലും അവർ ഒരു സംഘടനയിൽ ഉൾപ്പെട്ടവരാണ്, നല്ല ജനങ്ങൾ, പള്ളിയിൽ പോയിരുന്നു, അങ്ങനെ എല്ലാമാകുന്നു; എന്നാൽ അവർ എണ്ണയ്ക്കുവേണ്ടി വന്നു, പക്ഷേ വളരെ വൈകികഴിഞ്ഞിരുന്നു. നോക്കൂ, അവളെ വലിയ കഷ്ടതയിലേക്ക് എറിഞ്ഞുകളയും, അവൾ അതിലേക്ക് പോകും, കത്തോലിക്കാ സഭ അതിലേക്ക് പോകുന്നു, അവളുടെ മക്കളെല്ലാം അവളോടൊപ്പം അതിലേക്കു പോകുന്നു, ആ മഹാകഷ്ടത്തിലേക്ക് പോകുന്നു.

*...അവളുടെ നടപ്പു വിട്ടു മാനസാന്തരപ്പെടാതിരുന്നാൽ.*

113 അല്ല—അവിടെ അതിലുള്ള അവളുടെ മക്കളല്ല; എന്നാൽ സഭ തന്നെ സ്വയം പോകുന്നു, അവളുടെ മക്കൾ അതാകുന്നു (അത് സംഘടനയാകുന്നു), അവിടെ അതിലുള്ള ജനങ്ങളല്ല, അതിപ്രകാരം ദരിദ്രരായ കത്തോലിക്കരും, ബാപ്റ്റിസ്റ്റുകാരും, പ്രെസ്ബിറ്റേറിയൻകാരും, പെന്തക്കോസ്തുകാരും ആകുന്നു. എനിക്ക് അവരോട് സഹതാപം തോന്നുന്നു. അതെ, "ശരി, ഞാൻ..."

"നിങ്ങൾ ഒരു ക്രിസ്ത്യാനി ആണോ?"

"കൊള്ളാം, ഞാൻ പ്രെസ്ബിറ്റേറിയൻ ആകുന്നു." ഓ!

114 അതിന് ഇതുമായി ഒന്നും ചെയ്യാനില്ല അതിലുമുപരി പറയാം "ഒരു പന്നി കുതിരക്കോപ്പുമായി കുതിര ഓട്ടത്തിൽ എത്തിയിരിക്കുന്നു." അതുകൊണ്ട് ഈ ലോകത്ത് നിങ്ങൾക്ക് അതിനെക്കുറിച്ച് എന്താണ് ചെയ്യാൻ കഴിയുന്നത്? എന്തുകൊണ്ട്, യാതൊന്നും ചെയ്യാൻ കഴിയില്ല. ഞാൻ അത് തമാശയല്ല ഉദ്ദേശിച്ചത്, അതാണ്... ഇത് അല്ല...ഇത് തമാശകൾക്ക് ഉള്ള സ്ഥലമല്ല, ഇത്—ഇത് സുവിശേഷമാകുന്നു. നോക്കൂ? ഞാൻ ഒരു ദൃഷ്ടാന്തം പറയണമെന്നു മാത്രം ആഗ്രഹിച്ചിരുന്നു. നോക്കൂ, പക്ഷേ അത്—അത് ശരിയാണ്. നോക്കൂ, അവർക്ക് അതുമായി ഒന്നുമില്ല—ഒന്നുമില്ല അതുമായി യാതൊന്നും ചെയ്യാനില്ല എന്നതിലുപരി ഒന്നുമില്ല.

"ഞാൻ പെന്തക്കോസ്തുകാരൻ ആകുന്നു."

115 അതിന് ഒന്നുമില്ല എന്നതിലുപരി ഇതുമായി ഒരു ബന്ധവുമില്ല. നിങ്ങൾക്ക് അവരുടെ നാല്പത്തി-യൊന്ന് സംഘടനകളിൽ അംഗമാകാൻ കഴിയും, എന്നാൽ നിങ്ങൾ ദൈവത്തിൻറെ വീണ്ടും-ജനിച്ച ഒരു കുട്ടിയാണോ? വാസ്തവമായും, നിങ്ങൾ എല്ലാവരേയും പൂർണ്ണഹൃദയത്തോടെ, നിങ്ങളുടെ പ്രാണനാൽ സ്നേഹിക്കുന്നുണ്ടോ, അതോടൊപ്പം നിങ്ങൾ ദൈവത്തെ സ്നേഹിക്കുകയും, നിങ്ങൾ ദിവസവും...ആരെങ്കിലും നിങ്ങളോട് എന്തു ചെയ്താലും അതൊരു കാര്യമല്ല? നിങ്ങൾ പുറം തിരിഞ്ഞു കാണിച്ചുകൊണ്ട്, "ഹും!" എന്ന് ഒരു തടി അറക്കുന്നത് പോലെ പറയുകയാണെങ്കിൽ, അത് പരിശുദ്ധാത്മാവ് നിങ്ങളെ വിട്ടു പോയി എന്ന് കാണിക്കുന്നു, നിങ്ങൾ എപ്പോഴെങ്കിലും അത് ചെയ്യുകയാണെങ്കിൽ ആകുന്നു.

116 നോക്കുക:

> ...അവൾ ആ *പ്രവൃത്തികളിൽ* നിന്നും *പശ്ചാത്തപിക്കാതെയിരുന്നാലാകുന്നു.*
>
> *അവളുടെ മക്കളെയും ഞാൻ കൊന്നുകളയും;...*

117 "അവളുടെ മക്കൾ," ഈസബേലുകൾ ആകുന്നു. ഇപ്പോൾ, ഈസബേൽ എന്താണ് ചെയ്തത്? അവളുടെ മകളെ മറ്റൊരു പദവിയിൽ അവിടെയുള്ള (യഹൂദയിൽ) യഹൂദയിലേക്ക് വിവാഹം കഴിപ്പിച്ചു അയച്ചു. ഇപ്പോൾ ഇതിൻറെ ആത്മീയ പ്രയോഗം ശ്രദ്ധിക്കുക. ഒരുപക്ഷേ എനിക്ക് അത് വരച്ച് കാണിക്കാൻ കഴിയും. ഇവിടെ, ഇത് വളരെ അടുത്തായി ഇപ്പോൾ ശ്രദ്ധിച്ച് കാണുക:

118 *ഇവിടെ* ഇതാ ഈസബേലും, കൂടാതെ ഇസ്രായേലും. എന്നാൽ *ഇവിടെ* യെഹൂദാ ആകുന്നു, ഇവിടെ ഇത് മറ്റൊരു മാതൃകയാകുന്നു, അത് മറ്റൊന്നിൽ ആകുന്നു; ഇത് യെഹോശാഫാത്ത് ആകുന്നു *ഇവിടെ.* ശരി. ഇപ്പോൾ, ഇത് *ഇവിടെ* ആഹാബ് ആയിരുന്നു; ഇപ്പോൾ നേരെ ഈസബേൽ ആകുന്നു *ഇവിടെ.* ഇപ്പോൾ, അവൾ *ഇവിടെ* കടന്നു വന്ന് ഇസ്രായേലിനെ മുഴുവൻ വിഗ്രഹാരാധനയിലേക്ക് കൊണ്ടുപോകുന്നതിന് കാരണമാക്കി.

119 അത് തന്നെയാണ് കൃത്യമായും കത്തോലിക്കാ സഭ ചെയ്തത് അവളുടെ പിൻ കാലത്ത് കുസ്തന്തീനോസ് നിക്കൊലാവ്യരെ ഒന്നിപ്പിച്ചപ്പോൾ (അത് ആ തണുത്ത ഔപചാരികമായവർ ആയിരുന്നു *ഇവിടെ)* അതിലേക്കു—ലേക്ക്—ആ സഭയിലേക്ക് വിഗ്രഹാരാധന കൊണ്ടുവരുകയും, അതിനെ വിഗ്രഹാരാധനയുടെ രൂപത്തിലുള്ള ക്രിസ്തുമതമാക്കി തീർത്തു. കത്തോലിക്കാക്കാരായ ജനങ്ങളെ, നിങ്ങളുടെ വികാരങ്ങൾ വ്രണപ്പെടുത്താൻ ഞാൻ

ആഗ്രഹിക്കുന്നില്ല, പക്ഷേ ദൈവത്തിനു 'മുന്നിൽ ഞാൻ ഉത്തരവാദിയാണ്. കത്തോലിക്കാ സഭ എന്നത് എല്ലാമായിട്ടും അതാകുന്നു, അത് വിഗ്രഹാരാധനയുടെ രൂപത്തിലുള്ള ക്രിസ്തുമതമാകുന്നു: അന്ധവിശ്വാസങ്ങളും, കൂടാതെ വിഗ്രഹങ്ങളും, അങ്ങനെ എല്ലാ കാര്യങ്ങളും ആകുന്നു. അത് കൃത്യമായും ശരിയാണ്, ഒരു വിഗ്രഹാരാധനയുടെ രൂപം മാത്രമാകുന്നു. ഇപ്പോൾ, ഇത് സത്യമാകുന്നു. ഈ നിമിഷത്തിൽ ഞാൻ മരിക്കുകയാണെങ്കിൽ, അതാണ് സത്യം. പ്രൊട്ടസ്റ്റന്റുകാരും നേരെ ഇതേ കാര്യത്തിൽ തന്നെ ആകുന്നു, മറ്റൊരു വിഭാഗത്തിൽ ആകുന്നു എന്ന് മാത്രം.

120 ഇപ്പോൾ ഈസബേൽ എന്താണ് ചെയ്തത് എന്ന് നോക്കൂ. അപ്പോൾ, നിങ്ങൾക്ക് കാണാം, ഈ—ഈ പിശാച്...അവൾ അത്രമാത്രം കീഴടങ്ങിയിട്ട്, അവൾ അവളുടെ പുത്രിമാരെയും എടുത്തു. അവൾക്ക് ഒരു പുത്രി ജനിച്ചു *ഇവിടെ*, ഈ പുത്രി പോകുന്നത് *ഇവിടെ* ആകുന്നു അത് ഈ മഹാനായ വിശുദ്ധ മനുഷ്യൻറെ അടുക്കലേക്ക് പോയിട്ട് അവൻറെ പുത്രനെ വിവാഹം കഴിക്കുന്നു; എന്നിട്ട് അതെ കാര്യം തന്നെ *ഇവിടെ* കൊണ്ടുവരുന്നു അത് യെഹോശാഫാത്തിൻറെ, പക്കൽനിന്നും ഈ ഭാഗത്തു കൊണ്ടുവരുന്നു.

121 ഇപ്പോൾ, യഥാർത്ഥ നിക്കോലാവ്യർ എന്നത്, ഈ നിക്കോലാവ്യർ ആകുന്നു, ആ സംഘടനയെ ആഗ്രഹിച്ച തണുത്ത ഔപചാരികതയുള്ളവർ, അവർ ഇതിലേക്ക് വിവാഹിതരായി *ഇവിടെ.* ഇപ്പോൾ അതേ കാര്യം ശ്രദ്ധിക്കുക. അവർ ഇസെബേലിനെ കൊണ്ട് വന്നു *ഇവിടെ* (കത്തോലിക്ക സഭയാകുന്നു), അവൾ *ഇവിടെ* നിന്ന് തൻറെ പുത്രിമാരെ (അവളുടെ സംഘടനകളെ) കൂട്ടിക്കൊണ്ടുപോയി അവിടെയുള്ള അവരെക്കൊണ്ട് നേരെ വിവാഹം കഴിപ്പി ക്കുന്നു, അങ്ങനെ അവരോടും അതുതന്നെ ചെയ്യുന്നു. "അവളുടെ മക്കളെ മരണത്താൽ കൊന്നുകളയും," ആത്മീയ മരണം. അവരെത്തന്നെ മരണത്തിലേക്ക് സംഘടിപ്പിക്കുന്നു, ആദ്യത്തെ കാര്യം നിങ്ങൾക്കറിയാമോ, ആത്മാവ് മുഴുവനായും പോയ്ക്കഴിഞ്ഞിരിക്കും.

122 എന്നോട് പറയൂ. നിങ്ങളോട് ഒരു കാര്യം മാത്രം ചോദിക്കട്ടെ, ഇവിടെയുള്ള ഏതെങ്കിലും ചരിത്രകാരൻ, അതിനെക്കുറിച്ച് ഇവിടെ നിങ്ങൾ അഞ്ചോ ആറോ പേരുണ്ടെന്ന് എനിക്കറിയാം. നിങ്ങൾ കടന്ന് വന്ന് എനിക്ക് ഒരു തിരുവെഴുത്തോ അല്ലെങ്കിൽ—അല്ലെങ്കിൽ ഒരു വാചകമോ—ചരിത്രത്തിൽ നിന്നും ഹാജരാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, അതായത് അവയിൽ ഏതെങ്കിലും സഭകൾ

എപ്പോഴെങ്കിലും വീണുപോയിട്ട് തിരികെ സംഘടനയിലേക്ക് പോകുകയും പിന്നെ വീണ്ടും ഒരു ഉണർവ്വോട്ടുകൂടി എപ്പോഴെങ്കിലും ഉയർന്നു വന്നിട്ടുണ്ടെങ്കിൽ ഹാജരാക്കുക. എന്നോട് പറയൂ. അവർ സ്വയം സംഘടിപ്പിച്ചപ്പോൾ, അവർ സംഘടിച്ചതിന് ശേഷം എപ്പോഴെങ്കിലും ഒരു ഉണർവ്വ് അവർക്ക് ഉണ്ടായിട്ടുണ്ടോ? ഇല്ല ശ്രീമാൻ! ആത്മാവ് അവരെ വിട്ടുപോയിരുന്നു. ഞാൻ പെന്തക്കോസ്തുകാരെയും ഉൾപ്പെടുത്തുന്നു.

123 പെന്തക്കോസ്തുകാരുടെ അനുഗ്രഹങ്ങൾ വീണപ്പോൾ, നിങ്ങൾ എല്ലാവരും അന്യഭാഷകളിൽ സംസാരിച്ചു, പഴയ-കാലക്കാരായ നിങ്ങൾ, വലിയ പെന്തക്കോസ്ത് അനുഗ്രഹങ്ങളും മറ്റുള്ള കാര്യങ്ങളും ഉണ്ടായിട്ടു, വീണുപോയി. കുറച്ച് സമയത്തിന് ശേഷം നിങ്ങൾ വിളിക്കുന്ന അത് എന്താണോ ഈ സാമൂഹിക സമിതി ആകുന്നു. അവയവ ഘടനനിർമ്മാണം കൊള്ളാം, എന്നാൽ സംഘടന കൊള്ളില്ല. ആദ്യത്തെ കാര്യം നിങ്ങൾക്കറിയാമോ, നിങ്ങൾക്ക് അത് സഹിക്കാൻ കഴിയില്ല, നിങ്ങൾക്ക് നേരെ തിരികെ പോയി "ഒരു കുട്ടി...ഒരു സാത്താൻറെ," കുട്ടി ആയിട്ട് പിന്നെ നിന്നെ സ്വയം സംഘടിപ്പിക്കുകയും ചെയ്യുക.

124 അപ്പോൾ മറ്റൊരു വെളിച്ചം അവിടേക്ക് കടന്നു വന്നു, അത് യേശുക്രിസ്തുവിന്റെ നാമത്തെക്കുറിച്ച് ആയിരുന്നു. അപ്പോൾ അവർ എല്ലാവരും അതിൽ കുടുങ്ങിയിട്ട്, പറഞ്ഞു, "ദൈവനാമം വാഴ്ത്തപ്പെടട്ടെ, നിങ്ങൾക്ക് യേശുവിൻറെ' നാമം ലഭിച്ചില്ലെങ്കിൽ, നിങ്ങൾ നരകത്തിൽ പോകും. ഞങ്ങൾക്ക് ഇത് കിട്ടിയിരിക്കുന്നു, നിങ്ങൾക്ക് ഇത് കിട്ടിയിട്ടില്ല." അവർ എന്തു ചെയ്യും? അവർ അവരുടെ പാളങ്ങളിൽ തന്നെ മരിച്ചു പോയി; അതിൽ നിന്ന് ഒരു സംഘടന ഉണ്ടാക്കി. നോക്കൂ? വെളിച്ചം സഭയിലൂടെ ഒഴുകാൻ അനുവദിക്കുന്നതിനുപകരം, അത് യാന്ത്രികമായി അതിൻറെ സ്ഥാനം പിടിക്കും. എന്നാൽ നിങ്ങൾ സ്വയം സംഘടിപ്പിച്ചു. എന്താകുന്നു ഇത്? ഈസബേലിൻറെ ഒരു കുട്ടി. അവരെല്ലാം ഒരുമിച്ച്, മരിച്ചുപോയി.

125 ഇപ്പോൾ ഞാൻ നിങ്ങളോട് ചില കാര്യങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്നു. അസംബ്ലിസ് ഓഫ് ഗോഡ്, അല്ലെങ്കിൽ വൺനെസ്സുകാർ, അല്ലെങ്കിൽ—അല്ലെങ്കിൽ ബാക്കിയുള്ളവരിൽ ആരെങ്കിലും എപ്പോഴെങ്കിലും ഒരു വലിയ ഐക്യ നവോത്ഥാനത്തിൽ ഉയർന്നുവന്നിട്ടുണ്ടോ? ഒരിക്കലുമില്ല! ഈ അവസാനത്തെ ഉണർവ്വും കടന്നു പോയിക്കഴിഞ്ഞു, അതായത് പരിശുദ്ധാത്മാവ് നദിക്കരയിൽ ഇറങ്ങി വരുകയും (നിങ്ങളിൽ പലരും ഇപ്പോൾ ഇവിടെ സന്നിഹിതരാകുന്നു) 1933-ൽ, അപ്പോൾ ഈ മഹത്തായ

രോഗശാന്തിയുടെ ശുശ്രൂഷ നടക്കേണ്ടതായിരുന്നു, പറഞ്ഞു, "അത് ലോകത്തെ ഇളക്കിമറിക്കും," അത് വ്യത്യസ്തമായ ഏതെങ്കിലും സംഘടനയിലൂടെ ഒരിക്കലും വരുന്നില്ല. ദൈവം മിക്കവാറും ആ മണ്ഡലങ്ങൾക്ക് എല്ലാം തന്നെ പുറത്ത് പോയി, ഒരു അന്യജാതിക്കാരനെ ഈ ഉണർവ്വ് ആരംഭിക്കാൻ ഉയർത്തി. അത് എന്താണ് ചെയ്തതെന്ന് നോക്കുക! നോക്കൂ?

126 അവരുടെ സംഘടനകൾ, അവർ സംഘടിപ്പിക്കുമ്പോൾ തന്നെ അവർ മരിച്ചു കഴിഞ്ഞു. അവൻ പറഞ്ഞു, "അവളുടെ മക്കളെയും ഞാൻ കൊന്നുകളയും." ഓ, എൻറെ! എനിക്ക് നിന്നെ അറിയാം... എന്നോട് മോശമായി ഒന്നും തോന്നരുത്, പക്ഷേ ഞാൻ...ഞാൻ ഇത് അറിയുകയും അതിനെക്കുറിച്ച് പറയാതിരിക്കുകയും ചെയ്താൽ, ഞാൻ ഒരു അധഃപതിച്ച കാപട്യക്കാരനാണ്, അതിന് ദൈവം എന്നെ ഉത്തരവാദിയായി പിടിക്കും. ഞാൻ പൌലോസിനെപ്പോലെ ആകാൻ ആഗ്രഹിക്കുന്നു, "ദൈവത്തിൻറെ ആലോചന ഒട്ടും മറെച്ചുവെക്കാതെ ഞാൻ മുഴുവനും അറിയിച്ചുതന്നിരിക്കുന്നുവല്ലോ." അത് ശരിയാണ്. ശരി. ശരി.

127 ഇപ്പോൾ, അവർ യെരുശലേമിൽ ബലിപീഠങ്ങൾ പണിതു. ഇപ്പോൾ ഞാൻ ഇത് കാണിക്കാൻ ആഗ്രഹിക്കുന്നു...ഈസബേൽ ആഹാബിനെ വിവാഹം കഴിച്ചപ്പോൾ, അവൾ ഇസ്രായേല്യർക്ക് വണങ്ങാൻ വേണ്ടി വിഗ്രഹങ്ങൾ കൊണ്ടുവന്നു. അതുപോലെ തന്നെ നിക്കോലാവ്യരുടെ സിദ്ധാന്തവും, വിഗ്രഹാരാധനയെ വിവാഹം ചെയ്യുന്നതിൽക്കൂടെ അത് ചെയ്തു; വ്യാഴത്തെ ഇറക്കി, പത്രോസിനെ അവിടെ കയറ്റി; ശുക്രനു പകരം മറിയത്തെ ഇരുത്തി; വേദപുസ്തകം പറയുന്നതുപോലെ, "അവൾ എല്ലാ ഇസ്രായേല്യരെ പാപം ചെയ്യുന്നതിനു കാരണമാക്കി."

128 അങ്ങനെ തന്നെ കത്തോലിക്കാ സഭയും എല്ലാ പുത്രിമാരെയും ഒരു സംഘടനയിലേക്ക് വിവാഹം കഴിക്കുന്നതിന് കാരണമാക്കി, അങ്ങനെ ഈ മുഴുവൻ കാര്യവും പാപമാകുന്നു, അതിപ്രകാരം ഈസബേൽ അവളുടെ പുത്രിമാരോട് ചെയ്തതുപോലെയാകുന്നു. ശരി. അങ്ങനെ ഇത് ചെയ്യുന്നതിൽ കൂടെ അധികാരശ്രേണി സ്ഥാപിച്ചപ്പോൾ, അങ്ങനെ മാർപാപ്പ ബോണിഫസ്—ബോണിഫസ് മൂന്നാമൻ തൻറെ ഇരിപ്പിടം ഏറ്റെടുത്തു, അതോടു കൂടി അവർക്ക് സിംഹാസനത്തിൽ ഒരു—ഒരു ദൈവം ആയിക്കഴിഞ്ഞു, സഭയിൽ പരിശുദ്ധാത്മാവിൻറെ സ്നാനത്തിന് അവർക്ക് യാതൊരു പ്രയോജനമില്ലായിരുന്നു. അത് ശരിയാണ്. അവർക്ക് അവരുടെ വിശ്വാസങ്ങളും ഔപചാരികതയും ലഭിച്ചു, അതോടൊപ്പം അവർ

മുന്നോട്ട് പോകുന്നു.

129 അങ്ങനെ സംഘടന അതേ സിദ്ധാന്തം അംഗീകരിച്ചപ്പോൾ, അവർ സഭയോടുള്ള പരിശുദ്ധാത്മാവിൻറെ സ്വാതന്ത്ര്യം ഇല്ലാതാക്കിക്കളഞ്ഞു, ബാപ്റ്റിസ്റ്റും, പ്രെസ്ബിറ്റീരിയൻകാരും, മെത്തഡിസ്റ്റും, അങ്ങനെ ഇത്യാദി എല്ലാമായി. അവർ തീർച്ചയായും ചെയ്തു! യേശു മുന്തിരിവള്ളിയെക്കുറിച്ച് പറഞ്ഞതുപോലെ ക്രമേണ അവർ ഉണങ്ങി മരിക്കുന്നതും നാം കാണുന്നു. ഇപ്പോൾ, അടയാളങ്ങളിലും അത്ഭുതങ്ങളിലും ഉള്ള എല്ലാ പരിശുദ്ധാത്മാവിനെയും കഴിഞ്ഞ കാലത്തെ കാര്യമായി തിരികെ സ്ഥാപിച്ചു. അതിപ്രകാരം അവൾ പറയുന്നതുപോലെ, അവർ സമ്പന്നരായി. അതുകൊണ്ട് അവൾ മുഴുവം ലോകത്തെയും പപത്തിലേക്ക് വീഴുന്നതിന് കാരണമാക്കി, കാരണം അവളും അവളുടെ പുത്രിമാരും, എല്ലാ ജനതകളിലേക്കും എത്തിക്കഴിഞ്ഞിരുന്നു. അത് ശരിയാണ്.

130 ഇപ്പോൾ മറ്റൊരു സഭാ യുഗത്തിൽ അവൻ അവളെ വിളിക്കുന്നത് ശ്രദ്ധിക്കുക. അവൻ അവളെ വിളിക്കുന്നത് ശ്രദ്ധിക്കുക. അവസാനം അവൻ ഇവിടെ അപേക്ഷിക്കുന്നത് ശ്രദ്ധിക്കുക, എന്നിട്ട് അവൻറെ ശേഷിച്ചവരെ പുറത്തെടുക്കുകയും, "തിരഞ്ഞെടുക്കപ്പെട്ടവർക്കു വേണ്ടി," കുറച്ചു മാത്രം പേർ, അല്ലെങ്കിൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല... മറ്റുള്ളവർ അല്ല.

131 വെളിപാട് 13:6-ൽ എഴുതിയിരിക്കുന്നതുപോലെ. ഒരു നിമിഷം അതിലെത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അതായത് അവൻ പറഞ്ഞു അവൻ...അതായത് "ഈ സ്ത്രീ എല്ലാ ഭൂവാസ്സികൾക്കും ഒരു മുദ്ര ലഭിക്കാൻ കാരണമായി (ഈ മൃഗമാണ് അത് ചെയ്തത്), എല്ലാ ഭൂവാസ്സികൾക്കും ഒരു അടയാളം (അതു ചെറിയവരും വലിയവരും, അവർ ആരായിരുന്നാലും), മൃഗത്തിൻറെ അടയാളം ലഭിക്കാൻ കാരണമായി," അത് റോമൻ കത്തോലിക്കാ സഭയായിരുന്നു.

132 ഒന്നുകിൽ അത് അല്ലെങ്കിൽ അവർ ഒരു പ്രതിമ ഉണ്ടാക്കി... വെളിപ്പാട് 13:14, അവർ മൃഗത്തിന് ഒരു പ്രതിമ ഉണ്ടാക്കി. നിങ്ങൾ—നിങ്ങൾ...നിങ്ങൾ എല്ലാവരും അത് വായിക്കുന്നുവെന്ന് ഞാൻ ഊഹിക്കുന്നു. നിങ്ങൾ വായിക്കുന്നില്ലെങ്കിൽ, എന്തുകൊണ്ട്, നമുക്ക് നേരെ പിന്നിലേക്ക് തിരിച്ചിട്ട് അത് വായിക്കാമല്ലോ. വെളിപ്പാട് 13:14:

> *അതു* തനിക്കു ബലം *കിട്ടിയ അടയാളങ്ങളെ* ക്കൊണ്ടു *ഭൂവാസികളെ തെറ്റിക്കുകയും മൃഗത്തിൻറെ മുമ്പിൽ പ്രവൃത്തിപ്പാൻ തനിക്കു ബലം കിട്ടിയിരുന്നു;* (അതാണ് ഈ സഭകളുടെ ഐക്യത.)...അത് മൃഗത്തിൻറെ മുമ്പിൽ

> പ്രവൃത്തിപ്പാൻ ബലം കിട്ടിയതാകുന്നു; *ജീവിച്ച* മൃഗത്തിന്നു *പ്രതിമ ഉണ്ടാക്കുവാൻ* അത് *ഭൂവാസികളോടു* പറകയും *ചെയ്യുന്നു, അതിന്* മരണകരമായ *മുറിവുണ്ടായിരുന്നു* (വിഗ്രഹാരാധന)...അത് *വാളാൽ* മുറി *വേറ്റിട്ടും, ജീവിച്ചു*... (മാർപ്പാപ്പയുടെ അധികാരത്തിലൂടെ, വിഗ്രഹാരാധനയുടെ റോമിൽ കൂടെ, മാർപ്പാപ്പയുടെ റോമിൽ കൂടെ ജീവിച്ചു. നോക്കൂ?)

133 "അവൾക്ക് ഒരു പ്രതിമ ഉണ്ടാക്കുക." അത് എന്തായിരിക്കും? അവർ ഇപ്പോൾ എന്താണോ ചെയ്യുന്നത് അതാകുന്നു, കൃത്യമായും അതാകുന്നു, ഈ സഭകളുടെ ഐക്യതയിൽ മുന്നേറുന്നു, "എല്ലാ സഭകളും ഈ സംഘടനക്ക് അവകാശപ്പെട്ടതാകുന്നു, എല്ലാം ഒരേ കൂട്ടത്തിലേക്ക് പോകുന്നു." ഇപ്പോൾ അവർക്ക് ഒരു വേദപുസ്തകം കിട്ടുന്നു. കൂടാതെ ജോൺ മാർപാപ്പ അവരെയെല്ലാം തിരികെ ക്ഷണിച്ചിരിക്കുന്നു. കാന്റർബറിയിലെ ആർച്ച് ബിഷപ്പ്, എല്ലാവരും തിരികെ പോകുന്നു. ആദ്യത്തെ കാര്യം നിങ്ങൾക്കറിയാമോ, ഈ മുഴുവൻ കാര്യങ്ങളും നേരെ തിരികെ *തള്ളയിലേക്ക്* വരുന്നു, കാരണം അവർ തുടക്കം മുതലേ വേശ്യകളാണ്. നോക്കൂ? അവർ പറയും, "നമ്മൾ എല്ലാവരും കൂടി ഒരു വലിയ കൂട്ടമായി ഒരുമിച്ചു ചേരും അത് കമ്മ്യൂണിസത്തിനെതിരെ പോരാടാനുള്ള കാരണമാകും." എന്നാൽ ദൈവമാണ് കമ്മ്യൂണിസത്തെ ഉയർത്തിയതെന്ന് അറിയില്ലായിരുന്നു (ഈ വേദപുസ്തകത്തിലൂടെ എനിക്ക് അത് തെളിയിക്കാൻ കഴിയും.) അവർ ഭൂമിയിൽ ചൊരിയിച്ച രക്തത്തിന് വിശുദ്ധരോട് പ്രതികാരം ചെയ്യാൻ പോലും അവരുടെ മനസ്സിൽ പ്രതികാരം ചെയ്തു. ദൈവം കമ്മ്യൂണിസത്തെ സംഘടിപ്പിച്ചു അത് ദൈവം ഇസ്രായേലിനെ ശിക്ഷിക്കാൻ വേണ്ടി—വേണ്ടി നെബൂഖദ്നേസർ രാജാവിനെക്കൊണ്ട് ചെയ്തതുപോലെയാകുന്നു. ദൈവം കമ്മ്യൂണിസത്തെ ഉയർത്തി, ഏതെങ്കിലും ഒരു ദിവസം അവൾ റോമിനെ ഭൂപടത്തിൽ നിന്ന് ഊതിപറപ്പിക്കും. [ടേപ്പിൽ ശൂന്യ സ്ഥലം—Ed.] അത് കൃത്യമായും ശരിയാകുന്നു. ദൈവം അപ്രകാരം പറഞ്ഞിരിക്കുന്നു. അത് ശരിയാണ്.

ഞാൻ കമ്മ്യൂണിസത്തിന് എതിരാണ്; അത് ദൈവ-വിരുദ്ധമാണ്. തീർച്ചയായും അതാകുന്നു. എന്നാൽ നിങ്ങൾ ആ ഇരുമ്പ് തിരശ്ശീലക്ക് അത്രയധികം ശ്രദ്ധ കൊടുക്കരുത്, എന്നാൽ ആ കരിഞ്ചുവപ്പ് തിരശ്ശീലയെ ശ്രദ്ധിക്കുക. ഫോക്സിന്റെ *രക്തസാക്ഷികളുടെ പുസ്തകം* വായിക്കുക, നിങ്ങൾ ഇത് കാണും, അത് ശരിയാണ്.

134 ഇപ്പോൾ നാം എവിടെയാണെന്ന് നമുക്ക് നോക്കാം... അതിനുശേഷം നിങ്ങൾ ഇപ്പോൾ ഇവിടെ കാണുന്നു, അവൾ എല്ലാവർക്കും (ധനികനും, ദരിദ്രനും) ഒരു മുദ്ര ലഭിക്കുന്നതിന് കാരണമാക്കുന്നു; എന്നാൽ അവൾക്ക് തൊടാൻ കഴിയാത്ത ഒരു കൂട്ടം ഉണ്ട്. അത് നിങ്ങൾക്കറിയാമോ? വെളിപാട് 13:...8.

135 ഇത് ശ്രദ്ധിക്കുക. ഞാൻ ഇത് വായിക്കട്ടെ:

> *ഞാൻ കടൽ* മണലിൽ *നിന്നു, അപ്പോൾ ഒരു മൃഗം സമുദ്രത്തിൽ നിന്നു കയറുന്നതു ഞാൻ* കണ്ടു, *അതിനു പത്തുകൊമ്പും ഏഴു തലയും,...അതിന്മേൽ* അതായത് *കൊമ്പുകളിൽ...പത്തു രാജമുടിയും അതിന്മേൽ* അതായത് *തലയിൽ ദൂഷണനാമങ്ങളും ഉണ്ടായിരുന്നു.* (അതു ആ ഏഴ് മലകളാണ്; കഴിഞ്ഞ രാത്രിയിൽ നാം അതെല്ലാം എടുത്തിരുന്നു, നിങ്ങൾക്കറിയാമല്ലോ.)
>
> *ഞാൻ കണ്ട* മൃഗം *പുള്ളിപ്പുലിക്കു സദൃശവും, ... അതിൻറെ* കാൽ—കാൽ *കരടിയുടെ കാൽപോലെയും, അതിൻറെ വായ്...സിംഹത്തിൻറെ വായ് പോലെയും ആയിരുന്നു: അതിന്നു മഹാസർപ്പം* (അത് ആ ചുവന്ന പിശാചായിരുന്നു അവളുടെ കുഞ്ഞിനെ വിഴുങ്ങാൻ സ്ത്രീയുടെ മുന്നിൽ നിന്നിരുന്നത്, അത് റോം ആയിരുന്നു, അത് നമുക്കെല്ലാവർക്കും അറിയാം.) ...അതിന്നു *മഹാസർപ്പം... തന്റെ ശക്തിയും, സിംഹാസനവും, വലിയ അധികാരവും കൊടുത്തു.*
>
> *അതിൻറെ തലകളിൽ ഒന്നു മരണകര*മായ *മുറിവേറ്റതുപോലെ ഞാൻ കണ്ടു;* (വിഗ്രഹാരാധന ആകുന്നു, നോക്കുക) *അതിൻറെ മരണകരമായ മുറിവു പൊറുത്തുപോയി*; (മാർപാപ്പ അതിൻറെ സ്ഥാനമെടുക്കുകയും, ക്രിസ്തുമതവുമായി, നിക്കൊലാവ്യരോടൊപ്പം ചേരുകയുണ്ടായി) *സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു.*

136 കത്തോലിക്കാ മതം ആകാശത്തിനു കീഴിലുള്ള എല്ലാ ദേശങ്ങളിലും പടർന്നു കയറി. അത് ശരിയാണ്. ഇരിമ്പും കളിമണ്ണും തമ്മിൽ ചേരാതിരിക്കുന്നതിനെക്കുറിച്ചും മറ്റും ദാനിയേൽ പറഞ്ഞതുപോലെയാകുന്നു.

137 അതിനെക്കുറിച്ച് ഞാൻ നിങ്ങൾക്ക് ഒരു ചെറിയ കാര്യം തരാം, അതായത് "ഇരുമ്പും കളിമണ്ണും." നിങ്ങൾ ശ്രദ്ധിച്ചോ, അല്ലെങ്കിൽ

ഞാൻ എപ്പോഴെങ്കിലും നിങ്ങളോട് അത് ഉദ്ധരിച്ചിട്ടുണ്ടോ, ഈ അവസാനത്തെ മഹത്തായ കൂടിയാലോചനയിൽ ക്രൂഷ്ചേവ് തൻറെ പാദരക്ഷ കാലിൽ നിന്നും ഊരി അതുകൊണ്ട് മേശയിൽ അടിക്കുകയുണ്ടായി? അവിടെ അഞ്ച് കിഴക്കൻ രാജ്യങ്ങൾ ഒത്തുകൂടിയിരുന്നു, അവിടെ അഞ്ച് പാശ്ചാത്യ രാജ്യങ്ങൾ ഉണ്ടായിരുന്നു. ക്രൂഷ്ചേവ് കിഴക്കൻ രാജ്യങ്ങളെ നയിച്ചിരുന്നു, ഐസൻഹോവർ പാശ്ചാത്യ രാജ്യങ്ങളെ നയിച്ചിരുന്നു; അവിടെയാകുന്നു ആ രണ്ട് പ്രധാന നേതാക്കന്മാർ ഉണ്ടായിരുന്നത്, ആ രണ്ട് വലിയ പെരുവിരലുകൾ. *ക്രൂഷ്ചേവ്,* റഷ്യയിൽ, അർത്ഥമാക്കുന്നതാകുന്നു "കളിമണ്ണ്." *ഐസൻഹോവർ,* അമേരി-...ഇംഗ്ലീഷിൽ, അർത്ഥമാക്കുന്നതാകുന്നു "ഇരുമ്പ്." നാം അന്ത്യകാലത്താകുന്നു.

> *മൃഗത്തിന്നു അധികാരം കൊടുത്തതു* കൊണ്ടു *അവർ* മഹാ *സർപ്പത്തെ നമസ്കരിച്ചു: കൂടാതെ*...(അതാണ് ഇവിടെ നമ്മുടെ കൂടാരത്തിലെ അടുത്ത സന്ദേശം, നിങ്ങൾ മനസ്സിലാക്കുന്നല്ലോ.)...*മൃഗത്തോടു* തുല്യൻ *ആർ? അതിനോടു, പൊരുവാൻ ആർക്കു കഴിയും* എന്നു *പറഞ്ഞു മൃഗത്തെയും നമസ്കരിച്ചു?*

138 മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇവിടെ നോക്കുക. ഐസൻഹോവർ റിന്—റിന് ഇവിടെ ഈ അമേരിക്കൻ ഐക്യ നാടുകളിൽ ഒരു വലിയ പേര് ലഭിച്ചിട്ടുണ്ട്, എന്നാൽ റോമിൽ അവൻ യാതൊന്നുമല്ല; റഷ്യ, അവൻ യാതൊന്നുമല്ല. റഷ്യയിൽ ക്രൂഷ്ചേവ് വലിയ മനുഷ്യനാണ്, എന്നാൽ അമേരിക്കൻ ഐക്യ നാടുകളിൽ അവൻ യാതൊന്നുമല്ല. എന്നാൽ എല്ലായിടത്തും വലിയവനായ ഒരു മനുഷ്യനുണ്ട്, അതാണ് ആ മാർപാപ്പ (അത് ശരിയാണ്.) "നമുക്ക് നമ്മെത്തന്നെ ഒരുമിച്ച് സംഘടിക്കാം, നമുക്ക് ഒരുമിച്ച് കൂടാം."

> *വമ്പും ദൂഷണവും സംസാരിക്കുന്ന* വായ് *അതിന്നു ലഭിച്ചു*...ദൂഷണവും,...*നാല്പത്തിരണ്ടു മാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു.*

> *അതു ദൈവത്തിൻറെ നാമത്തെ* ദുഷിപ്പാൻ *ദൈവ* ദൂഷണത്തിന്നായി വായ്തുറന്നു. (കൂടാതെ "മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ ഉപദേശിക്കുന്നു; മനുഷ്യർ, നിഗളികളും, ദൈവപ്രിയമില്ലാതെ; ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിൻറെ ശക്തി ത്യജിക്കുന്നവരുമായിരിക്കും") ...അവൻറെ നാമത്തെ *ദുഷിച്ചു,* (എന്നിട്ട് "കർത്താവായ യേശു ക്രിസ്തു" വിന് പകരം

"പിതാവും പുത്രനും പരിശുദ്ധാത്മാവും എടുത്തു." നോക്കു?) *അവൻറെ കൂടാരത്തെയും, സ്വർഗ്ഗത്തിൽ* വസിക്കുന്നവ *രെ യും... യും—യും ദുഷിപ്പാൻ വായ്തുറന്നു.*

*വിശുദ്ധന്മാരോടു യുദ്ധം* ചെയ്തു *അവരെ ജയിപ്പാനും* വിശുദ്ധന്മാരോട് *എതിരായി* (അവിടെയാണ് ഉപദ്രവം ഉയർന്നു വരുന്നത്) *അതിന്നു അധികാരം ലഭിച്ചു: സകല ഗോത്രത്തി* ന്മേലും *വംശത്തിന്മേലും ഭാഷമേലും,... ജാതിമേലും അധികാരവും ലഭിച്ചു.*

*ഭൂവാസികൾ* ഒക്കെയും *ഭൂമിയിൽ—ഭൂമിയിൽ വസിക്കുന്നവരൊക്കെയും അതിനെ നമസ്കരിക്കും, ലോകസ്ഥാപനം* മുതൽ *അറുക്കപ്പെട്ട കുഞ്ഞാടിൻറെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അതിനെ നമസ്കരിക്കും.* (ഓ, ഓ, ഓ, ഓ, ഓ, ഓ, ഓ.)

139 "ലോകസ്ഥാപനം മുതൽ." നമ്മുടെ പേരുകൾ, അത് എപ്പോഴെങ്കിലും ആ പുസ്തകത്തിൽ ഉണ്ടായിരുന്നെങ്കിൽ, അത് പിന്നിലായി അവിടെ ഇട്ടതാണ്. യേശു പറഞ്ഞു, "എന്നെ അയച്ച പിതാവു ആകർഷിച്ചിട്ടില്ലാതെ ആർക്കും എൻറെ അടുക്കൽ വരുവാൻ കഴികയില്ല, പിതാവ് എനിക്കു തന്നിട്ടുള്ളതൊക്കെയും *എൻറെ* അടുക്കൽ വരും. എൻറെ ആടുകൾ എൻറെ ശബ്ദം കേൾക്കുന്നു," (ഇതാകുന്നു ഭക്ഷണം, നോക്കൂ.) "ഒരു അന്യന്മാരുടെ..."

140 അപ്പോൾ അവന് പറയാൻ കഴിയും, "ശരി, ഞാൻ ഇപ്പോൾ സഭയിൽ ചേർന്നതേയുള്ളൂ, ഞാനും നിങ്ങളെപ്പോലെ നന്നായിപ്പോകുന്നു." അത് ആടുകളുടെ ഭക്ഷണമല്ല.

141 *ഇതാകുന്നു* ആടുകളുടെ ഭക്ഷണം, "ക്രിസ്തുവിൽ സ്വർഗ്ഗീയ സ്ഥാനങ്ങളിൽ ഒരുമിച്ചു ഇരിക്കുന്നു." ഓ, അവൻ വളരെ അത്ഭുതവാനാകുന്നു! അവൻ അല്ലേ? ശരി.

142 ഇപ്പോൾ നമുക്ക് വേഗത്തിൽ പൂർത്തിയാക്കാം കാരണം ഇത്, അതെ, ഇപ്പോൾ സമയം കടന്നിരിക്കുന്നു. ശരി. "എന്നാൽ ഞാൻ പറയുന്നു..." നമുക്ക് ഇപ്പോൾ നോക്കാം, എൻറെ പക്കൽ 23-ാം വാക്യം ഞാൻ എടുത്തിട്ടുണ്ട്:

അവളുടെ മക്കളെയും ഞാൻ കൊന്നുകളയും; *ഞാൻ ഉൾപൂവുകളെയും ഹൃദയങ്ങളെയും* ആരായുന്നവൻ *എന്നു സകലസഭകളും അറിയും; നിങ്ങളുടെ പ്രവൃത്തിക്കു തക്കവണ്ണം ഞാൻ നിങ്ങൾക്കു ഏവർക്കും പകരം ചെയ്യും.*

*എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു,* കൂടാതെ *തുയഥൈരയിലെ ശേഷം പേരോടു, ഈ ഉപദേശം കൈക്കൊള്ളാതെയും,...*(അത് ഏത് തരത്തിലുള്ള ഉപദേശമായിരുന്നു? സംഘടനയും, ബിഷപ്പമാരും, ആർച്ച് ബിഷപ്പമാരും, കൂടാതെ മാർപ്പാപ്പമാരും, നോക്കൂ.)

143 "ഈ ഉപദേശം കൈക്കൊള്ളാതെയുള്ളവരാകുന്നു." ഇപ്പോൾ, വേദപുസ്തകത്തിൽ, ഇസ്രായേൽ മോവാബ് ദേശത്തുകൂടി കടന്നു വരുമ്പോൾ, അവർ ഒരു ദേശമല്ലായിരുന്നു എന്ന് കഴിഞ്ഞ രാത്രിയിൽ നാം കണ്ടിരുന്നു. അവർ ഈ ഭൂമുഖത്ത് വസിച്ചിരുന്നു, അവർ സ്വതന്ത്രരായ, ഒരു ജനമായിരുന്നു. അതു ശരിയല്ലേ? ഒരു തരത്തിൽപ്പെട്ട; കൂടാരങ്ങളിലും മറ്റുമായി അലഞ്ഞു തിരിയുന്നവർ ആയിരുന്നു. പെന്തക്കോസ്ത് കൂട്ടരും അതേ രീതിയിൽ തന്നെയാകുന്നു, യഥാർത്ഥ പെന്തക്കോസ്ത് ആകുന്നു, ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് അലഞ്ഞുതിരിയുന്നു. നോക്കൂ? ശരിയാണ്.

...എന്നാൽ *ഈ ഉപദേശം* കൈക്കൊള്ളാതെയും (എന്നാൽ സ്വയം സംഘടിപ്പിക്കുകയും, അതിൽ നിന്ന് ഒരു വലിയ സംഘടന ഉണ്ടാക്കുകയും ചെയ്യുന്നു) ...ഈ ഉപദേശം *കൈക്കൊള്ളാതെയും...അവർ പറയുംപോലെ സാത്താൻറെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാതെയും,...*

144 ഇപ്പോൾ ഓർക്കുക സാത്താൻറെ ഇരിപ്പിടം എവിടെയാണെന്ന് നാം കണ്ടെത്തിയിരുന്നു. കഴിഞ്ഞ രാത്രിയിൽ നാം അവനെ അവൻറെ തുടക്കത്തിലേക്ക് തിരികെ കൊണ്ടുപോയിരുന്നു. തുടക്കത്തിൽ അവൻറെ ഇരിപ്പിടം എവിടെയായിരുന്നു? ബാബിലോൺ ആയിരുന്നു. കൂടാതെ ബാബിലോണും...അപ്പോൾ ഒരു—ഒരു അധികാരശ്രേണിയായ, ബാബിലോണിലെ ഒരു രാജാവായ-പുരോഹിതൻ, ജയം പ്രാപിച്ച കീഴടക്കിയ കൽദായക്കാർ അവനെ പിന്തുടർന്നപ്പോൾ, അവൻ പെർഗാമോസിൽ വന്ന് തൻറെ ഇരിപ്പിടം ഉറപ്പിച്ചു. നോക്കൂ, അപ്പോൾ അവൻറെ ഇരിപ്പിടം ഷീനാർ ദേശത്തുനിന്നു പെർഗാമോസിലേക്കു മാറ്റി. കഴിഞ്ഞ രാത്രിയിൽ നാം അത് നേരെ ആ ചരിത്രങ്ങളിൽ നിന്നും വായിച്ചത് ശരിയാണ്. അങ്ങനെ അപ്പോൾ അവൻ അവിടെ ആരംഭിക്കുകയും, കത്തോലിക്കാ സഭ രൂപീകരിക്കുകയും, അത് ഇപ്പോഴും മാതാവായ ബാബിലോൺ ആകുന്നു. ശരിയാണ്, "സാത്താൻറെ സിംഹാസനം."

...കൂടാതെ സാത്താൻറെ *സിംഹാസനം, അങ്ങനെ അവർ പറയുന്നു; വേറൊരു* ഭാരം ഞാൻ നിങ്ങളുടെ മേൽ ചുമത്തുന്നില്ല.

145 “ഇനി ഒരു ഭാരവും നിങ്ങളുടെമേൽ ചുമത്തുന്നില്ല; നിങ്ങൾക്ക് ഇതിനകം ലഭിച്ചത് മാത്രമേ ഉണ്ടാകുള്ളൂ.” അവിടെയുള്ള ഈ ചെറിയ ന്യൂനപക്ഷം, നോക്കു, അവരെല്ലാം ഈ ഇരുണ്ട യുഗത്തിലേക്ക് പിഴുതെറിയപ്പെട്ടിരിക്കുന്നു. ഇപ്പോൾ അവർ അതിലൂടെ കടന്നുപോയ ഏകദേശം ആയിരത്തി അഞ്ഞൂറ് വർഷത്തിനടുത്തായിരിക്കുന്നു.

*എങ്കിലും നിങ്ങൾക്കുള്ളതു ഞാൻ വരുംവരെ പിടിച്ചുകൊൾവിൻ എന്നു ഞാൻ കല്പിക്കുന്നു.* (മറ്റൊരു ശബ്ദത്തിൽ പറഞ്ഞാൽ, “നിങ്ങളുടെ ഹൃദയങ്ങളിൽ ഇപ്പോഴും ആ പെന്തക്കോസ്ത് അനുഗ്രഹം ഉണ്ടായിരിക്കുന്നു. നിങ്ങള്ക്ക് ആശ്വാസം തരാൻ ഞാൻ വരുന്നത് വരെ പിടിച്ചു നിൽക്കുക, കാരണം ഈ അടുത്ത കാലഘട്ടം ഉടനെ തന്നെ അടുത്ത സമയത്തായി വരാനിരിക്കുന്നതിനാലാകുന്നു.”)

...*ജയിക്കയും ഞാൻ കല്പിച്ച* പ്രവൃത്തികളെ *അവസാനത്തോളം അനുഷ്ഠിക്കയും* ചെയ്യുന്നവന്നു, ഞാൻ *ജാതികളുടെ മേൽ അധികാരം കൊടുക്കും.*

*അവൻ ഇരിമ്പുകോൽകൊണ്ടു അവരെ മേയിക്കും;* അവർ *കുശവൻറെ പാത്രങ്ങൾ* പോലെ *നുറുങ്ങിപ്പോകും; എൻറെ പിതാവു എനിക്കു തന്നതുപോലെ.*

146 നോക്കു, ആ സഭ, ഇരുണ്ട കാലഘട്ടത്തിലെ ആ സഭ വരുമ്പോൾ എന്തായിരിക്കും ആ പുറജാതീയ കൂട്ടത്തിനെതിരായ ന്യായവിധിയിൽ നിൽക്കാൻ ഉയരുമ്പോൾ എന്തായിരിക്കും...അവിടെ പിന്നിലായി? അവർ തള്ളിക്കളയപ്പെടുമോ! അവരുടെ പിച്ചള കാലുകൾ അവരെ അവിടെ തന്നെ കാലിനടിയിലായി ചവിട്ടിമെതിക്കും, ഞാൻ നിങ്ങളോട് പറയുകയാണ്! “അവൻ അവരെ തകർത്ത് വിറപ്പിച്ചു കളയും,” വേദപുസ്തകം പറയുന്നു.

*ഞാൻ* അവന്നു *ഉദയനക്ഷത്രവും കൊടുക്കും.* (അതെന്താണെന്ന് നിങ്ങൾക്കറിയാം, നിങ്ങൾക്ക് അറിയില്ലേ? *ക്രിസ്തുവാകുന്ന* “പ്രഭാത നക്ഷത്രം.” ശരി.)

*ആത്മാവു സഭക* ളോടു *പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.*

147 ഓ, എന്റെ! നിങ്ങൾ സന്തോഷമുള്ളവരല്ലേ! ഇത് സ്വൽപ്പം ഒന്ന് വൈകിയിരിക്കുന്നതെയുള്ളൂ. എന്റെ പക്കൽ കുറച്ച് കൂടിയുണ്ട്, ഞാൻ അത് നാളെ രാത്രി എടുത്തേക്കാം, അത് അവിടെയുള്ള ഈ രണ്ടായിരം വർഷമാകുന്നു.

എന്നാൽ അവൻ താഴ്വരയിലെ താമരയാകുന്നു,
ശുഭ്രമായ ഉദയനക്ഷത്രവുമാകുന്നു,
അവൻ എൻറെ പ്രാണന് പതിനായിരങ്ങളിൽ ഏറ്റവും സുന്ദരനാകുന്നു.
താഴ്വരയിലെ താമര, അവനിൽ മാത്രം ഞാൻ കാണുന്നു,
എനിക്ക് എല്ലാമായി വേണ്ടത്...എന്നെ പൂർണ്ണമായും സൌഖ്യമാക്കേണമേ.
സങ്കടങ്ങളിൽ അവൻ എൻറെ ആശ്വാസമാകുന്നു,
കഷ്ടതയിൽ അവൻ എൻറെ ഉറപ്പാകുന്നു,
എല്ലാ കരുതലുകളും മുമ്പോട്ടുള്ള യാത്രക്ക് തൻറെ മേൽ ഇടാൻ അവൻ പറയുന്നു.
ഹല്ലേലൂയാ!
അവൻ താഴ്വരയിലെ താമരയാകുന്നു, ശുഭ്രമായ ഉദയനക്ഷത്രവുമാകുന്നു,
അവൻ എൻറെ പ്രാണന് പതിനായിരങ്ങളിൽ ഏറ്റവും സുന്ദരനാകുന്നു.

148 നിങ്ങൾ അവനെ സ്നേഹിക്കുന്നുണ്ടോ? ഓ, ഞാൻ എത്രയധികം:

ഞാൻ അവനെ സ്നേഹിക്കുന്നു, ഞാൻ...

ഇപ്പോൾ നമുക്ക് അവനെ ആരാധിക്കാം, അതെല്ലാം മുറിക്കുന്ന വാക്കുകളും സന്ദേശങ്ങളും ആകുന്നു.

എന്തെന്നാൽ അവൻ എന്നെ മുൻസ്നേഹിച്ചു
എൻ രക്ഷയെ വിലയ്ക്കു വാങ്ങി
കാൽവരി മരത്തിന്മേൽ.

149 അവൻ അത്ഭുതവാനല്ലേ! ഞാൻ അവനെ സ്നേഹിക്കുന്നു. ഇപ്പോൾ, എനിക്ക് എടുക്കാൻ കഴിയാതെ പോയ കാര്യങ്ങൾ പുസ്തകങ്ങളിൽ ഉണ്ടായിരിക്കും, തീർച്ചയായും, കാരണം, ഒരു രാത്രികൊണ്ട് സഭാ കാലഘട്ടങ്ങളെല്ലാം കൂടി കൊണ്ടുവരാൻ നമുക്ക് കഴിയില്ല. ഞാൻ ഇന്ന് രാത്രിയിൽ അൽപ്പം ഒന്ന് കുറച്ചു കളഞ്ഞു, അത് തൊണ്ട സ്വൽപ്പം ഇടറുന്നത് കൊണ്ടാകുന്നു. എന്നാൽ, ഓ, അവൻ അത്ഭുതവാനല്ലേ! ഓ! ഹം!

മിക്കവാറും എല്ലായിടത്തും ആളുകളുണ്ടായിരിക്കുന്നു,
അവരുടെയെല്ലാം ഹൃദയങ്ങൾ അഗ്നിയാൽ ജ്വലിക്കുന്നു
അത് പെന്തക്കോസ്തിൽ വീണ അഗ്നിയാലാകുന്നു,

അത് അവരെ വൃത്തിയാക്കി ശുദ്ധീകരിച്ചിരിക്കുന്നു;
ഓ, ഇത് ഇപ്പോൾ എൻറെ ഹൃദയത്തിലും കത്തുന്നു,
ഓ, അവൻറെ നാമത്തിന് മഹത്വമുണ്ടാകട്ടെ!
ഞാനും അവരിൽ ഒരാളെന്ന് പറയാൻ കഴിയുന്നതിൽ
ഞാൻ അത്രയും സന്തോഷിക്കുന്നു.

ഓ, അവരിൽ ഒരാളാണ്, ഞാനും അവരിൽ
ഒരാളാകുന്നു,
ഞാനും അവരിൽ ഒരാളെന്ന് പറയാൻ കഴിയുന്നതിൽ
ഞാൻ അത്രയും സന്തോഷിക്കുന്നു, (ഹല്ലേലൂയാ!)
അവരിൽ ഒരാളാണ്, അവരിൽ ഒരാളാണ്,
ഞാൻ അവരിൽ ഒരാളാണെന്ന് പറയാൻ
കഴിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

150 നിങ്ങൾക്ക് സന്തോഷമുണ്ടോ? ഒരു രാത്രി ചട്ടനൂഗയിൽ നിന്ന് വന്നത് ഞാൻ ഓർക്കുന്നു; അവിടെ വെച്ച് വിമാനം താഴെ ഇറക്കുകയും അത്—അത്—അത് ചെയ്തത് മെംഫിസിലുള്ള, ടെന്നസിയിൽ വെച്ചായിരുന്നു. അവർ എന്നെ അവിടെയുള്ള ആ വലിയ, മനോഹരമായ ഹോട്ടലിൽ താമസിപ്പിച്ചു. എന്നിട്ട് എന്നെ വിളിച്ചു പറഞ്ഞു, "വിമാനം പുറപ്പെടുന്നത് അത്—അത് അടുത്ത ദിവസ്സം രാവിലെ, ഏഴു മണിക്ക് ആയിരിക്കും."

151 ഞാൻ കുറച്ച് കത്തുകൾ എഴുത്ത് പെട്ടിയിൽ ഇടാൻ എടുക്കുകയായിരുന്നു; തിരികെ വീട്ടിലേക്കു വരുകയും, എൻറെ ചില സുഹൃത്തുക്കൾക്ക് മറുപടി എഴുതിയത് ആയിരുന്നു. അങ്ങനെ താഴോട്ടു ഇറങ്ങുമ്പോൾ, പരിശുദ്ധാത്മാവ് പറഞ്ഞു. "മുമ്പോട്ട് നടന്നുകൊണ്ടിരിക്കുക." ഞാൻ നടന്നു കൊണ്ടിരിക്കുകയും, നിറക്കാരായ ജനങ്ങളുടെ ഒരു ജില്ലയിലേക്ക് നടന്നുകൊണ്ടിരുന്നു.

152 ഞാൻ അവിടെ താഴെയായി നിൽക്കുകയായിരുന്നു, ഞാൻ ചിന്തിച്ചു, "എൻറെ! ഇതാ നോക്കു, ആ വിമാനം പോകാനുള്ള സമയമായിരിക്കുന്നു."

153 അപ്പോൾ പരിശുദ്ധാത്മാവ് പറഞ്ഞുകൊണ്ടിരുന്നു, "മുമ്പോട്ട് നടന്നു കൊണ്ടിരിക്കുക." അതിപ്രകാരം കഴിഞ്ഞ ദിവസം അവൻ അവിടെ കാട്ടുകളിൽ ചെയ്തതുപോലെ, നിങ്ങൾക്കറിയാമല്ലോ. "മുമ്പോട്ട് നടന്നുകൊണ്ടിരിക്കുക." അങ്ങനെ ഞാൻ മുമ്പോട്ട് നടന്നുകൊണ്ടിരുന്നു.

154 അങ്ങ് ദൂരെയായി അവിടെ ആ നിറക്കാരായ ആളുകളുടെ ചെറിയ കുടിലുകളിൽ ഒന്നിലേക്ക് നോക്കുന്നതിനു എനിക്ക് ഇടയായി

അവിടെ ആ നിറക്കാരായ ആളുകൾ താമസിച്ചിരുന്നു, അവർ ദരിദ്രർ ആയിരുന്നു അവിടെ. ഒരു വൃദ്ധയായ അമ്മായി ജെമീമ, അവർ സാധാരണയായി, ഒരു ആൺകുട്ടിയുടെ ഉടുപ്പ് അവരുടെ തലയിൽ കെട്ടി, ഇപ്രകാരം അവിടെ...ചാരി നിന്നിരുന്നു.

155 ഞാൻ പാട്ട് പാടിക്കൊണ്ട് അങ്ങോട്ട് പോകുകയായിരുന്നു:

> ഞാനും...അവരിൽ, ഞാനും അവരിൽ ഒന്നാകുന്നു,
> ഞാനും അവരിൽ ഒരാളാണെന്ന് പറയാൻ കഴിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു, (ഓ, ഹല്ലേലൂയാ!)

"*കർത്താവേ, നിനക്ക് എന്താണ് ആഗ്രഹിക്കുന്നത്?*"

> അവരിൽ ഒന്നാകുന്നു, ഞാനും അവരിൽ ഒന്നാകുന്നു,

ആത്മാവിനാൽ നയിക്കപ്പെടുന്നതിൽ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അതെ, തീർച്ചയായും.

> ഞാനും അവരിൽ ഒരാളാണെന്ന് പറയാൻ കഴിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

156 ഇപ്പോൾ ഇത് ഏകദേശം പതിനാലു വർഷം കഴിഞ്ഞിരിക്കുന്നു. അവർ വേലിക്ക് മുകളിൽ കൂടെ നോക്കുകയായിരുന്നു. ഞാൻ ഏകദേശം, ഓ, അവരിൽ നിന്ന് ഒരു പകുതിയോളം നഗര മതിലിനു ദൂരെയായിരുന്നു, ഈ വൃദ്ധയായ, നിറക്കാരിയായ സ്ത്രീ എന്നെത്തന്നെ നേരിട്ട് നോക്കുന്നത് ഞാൻ കണ്ടിരുന്നു, നിങ്ങൾക്കറിയാമോ. ശരി, ഞാൻ മുമ്പോട്ട് തുടർന്നു കൊണ്ടിരുന്നു, പാട്ട് പാടുന്നത് നിർത്തിയിട്ട്, ഞാൻ താഴേക്ക് നടക്കാൻ തുടങ്ങി. ഞാൻ അവരുടെ അടുത്തേക്ക് നടന്നു എത്തി, അവരുടെ വലിയ തടിച്ച കവിളുകളിൽ നിന്നും വലിയ വലിയ കണ്ണുനീർ തുള്ളികൾ ഒഴുകിയിരുന്നു; അവർ എന്നെ നോക്കി, പറഞ്ഞു, "സുപ്രഭാതം, പാർസൺ!"

157 തിരിഞ്ഞിട്ടു ഞാൻ ചോദിച്ചു, "എങ്ങനെയുണ്ട് അമ്മായി?" അവർ പറഞ്ഞു...ഞാൻ തിരിഞ്ഞു നോക്കി, അവൾ ചിരിക്കുകയായിരുന്നു, അവരുടെ മുഖത്ത് ഒരു വലിയ പുഞ്ചിരി ഉണ്ടായിരുന്നു. ഞാൻ ചോദിച്ചു, "ഞാനൊരു പാർസണാണെന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം?" തെക്കേ നാടുകളിൽ, നിങ്ങൾക്കറിയാമോ, ഒരു *പ്രാസംഗികൻ* എന്നത് ഒരു "പാർസൻ ആകുന്നു." ചോദിച്ചു... ഞാൻ ചോദിച്ചു, "ഞാനൊരു പാർസണാണെന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം?"

അവർ പറഞ്ഞു, "നിങ്ങൾ വരുമെന്ന് എനിക്കറിയാമായിരുന്നു!"

ഞാൻ ചോദിച്ചു, "നിങ്ങൾക്ക് അതെങ്ങനെ അറിയാം? നിനക്കെന്നെ അറിയാമോ?"

അവർ പറഞ്ഞു, "ഇല്ല, ശ്രീമാൻ." അവർ പറഞ്ഞു, "നിങ്ങൾ വരുന്നുണ്ടെന്ന് എനിക്കറിയാമായിരുന്നു." പറഞ്ഞു, "ശൂനേംകാരത്തി സ്ത്രീയുടെ കഥ നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ?"

ഞാൻ പറഞ്ഞു, "അതെ, ശ്രീമാൻ."

158 അവർ പറഞ്ഞു, "ശരി," അവൾ പറഞ്ഞു, "ഞാനും അത്തരമൊരു സ്ത്രീയായിരുന്നു." അവർ പറഞ്ഞു, "കർത്താവ് എനിക്ക് ഒരു കുഞ്ഞിനെ തരട്ടെ, ഞാൻ അവളോട് പറഞ്ഞു...ഞാൻ അവനെ വളർത്താമെന്ന് അവനോട് പറഞ്ഞു." പറഞ്ഞു, "ഞാനൊരു പാവപ്പെട്ട സ്ത്രീയാണ്. ഞാൻ ഉപജീവനത്തിനായി വെള്ളക്കാർക്ക് വേണ്ടി തുണി കഴുകി ജോലി ചെയ്യുന്നു." അവർ പറഞ്ഞു, "അവൻ എന്നോട് പറഞ്ഞു അതായത് അവൻ—അവൻ എനിക്ക് മകനെ തന്നു, ഞാൻ അവനെ വളർത്താമെന്ന് അവനോട് പറഞ്ഞു." പറഞ്ഞു, "എനിക്കറിയാവുന്നതിൽ വച്ചേറ്റവും നല്ല രീതിയിൽ ഞാൻ അവനെ വളർത്തി, എന്നാൽ" പറഞ്ഞു, "പാർസൺ, അവൻ തെറ്റായ കൂട്ടുകെട്ടിൽ അകപ്പെട്ടുപോയി. അവന് ഒരു രോഗം പിടിപെട്ടു, ഞങ്ങൾക്ക് അതിനെക്കുറിച്ച് യാതൊന്നും അറിയില്ല." പറഞ്ഞു, "അവന് അത് വളരെ മുന്നേറിയ ഘട്ടത്തിലായിരിക്കുന്നു. അവൻ മരിച്ചു കൊണ്ടിരിക്കുകയാണ്, അവിടെ അകത്തുള്ള കിടക്കയിലാകുന്നു." പറഞ്ഞു, "അവൻ ഇപ്പോൾ രണ്ട് ദിവസമായി, അബോധാവസ്ഥയിലാണ്." പറഞ്ഞു, "ഡോക്ടർ വന്നിട്ട് പറഞ്ഞു, 'അത് അവൻറെ ഹൃദയവും മറ്റുള്ള കാര്യങ്ങളും തിന്നു കളഞ്ഞിരിക്കുന്നു, ഇപ്പോൾ അവൻറെ രക്തപ്രവാഹത്തിൽ പ്രവേശിച്ചിരിക്കുകയും, അത് അത്രയും മോശമായിട്ട് അവനെ നശിപ്പിച്ചിരിക്കുന്നു; അതുകൊണ്ട് അവർ കൊടുക്കുന്ന മരുന്നുകളൊന്നും ഇപ്പോൾ അവനെ സഹായിക്കുകയില്ല.'" എന്നിട്ട് പറഞ്ഞു, "അവൻ മരിക്കുകയാകുന്നു." എന്നിട്ട് പറഞ്ഞു, "അവൻ ഒരു പാപിയായി മരിക്കുന്നത് കണ്ടു കൊണ്ട് നിൽക്കുന്നത് എനിക്ക് സഹിക്കാൻ കഴിയില്ല." എന്നിട്ട് പറഞ്ഞു, "ഞാൻ പ്രാർത്ഥിച്ചു, വീണ്ടും പ്രാർത്ഥിച്ചു," പറഞ്ഞു, "രാത്രി മുഴുവനും ഞാൻ പ്രാർത്ഥിച്ചു." പറഞ്ഞു, "അവൻ അബോധാവസ്ഥയിലാണ്, അവന് യാതൊന്നും അറിയില്ല." പറഞ്ഞു, "കഴിഞ്ഞ രണ്ട് ദിവസമായി അവനു അത് അറിയില്ലാതെ ആയിരിക്കുന്നു."

159 പറഞ്ഞു, "ഞാൻ പ്രാർത്ഥിച്ചു, ഞാൻ പറഞ്ഞു, 'കർത്താവേ, ആ കുഞ്ഞിനെ അങ്ങ് എനിക്ക് തരു' എന്നിട്ട് പറഞ്ഞു, 'അതിപ്രകാരം

നീ ശൂനേംകാരത്തിയോട്ടു ചെയ്തതുപോലെയാകുന്നു.' പറഞ്ഞു, 'നിൻറെ ഏലിയാവ് എവിടെ? എവിടെ ആകുന്നു...?' പറഞ്ഞു, 'ശരി, എവിടെ—എന്നെ സഹായിക്കാൻ എന്തെങ്കിലും എവിടെയാകുന്നു?'"

160 എന്നിട്ട് പറഞ്ഞു, "എൻറെ മുട്ടിന്മേൽ കുത്തി നിന്ന് തന്നെ ഞാൻ ഉറങ്ങിപ്പോയി." എന്നിട്ട് അവർ പറഞ്ഞു, "കർത്താവ് എന്നോട് സംസാരിച്ചു, അത് എൻറെ സ്വപ്നത്തിൽ ആയിരുന്നു," എന്നിട്ട് അവർ പറഞ്ഞു, "'പുറത്തിറങ്ങി ഗേറ്റിനരികിൽ ചെന്ന് നിൽക്കുക. അവിടെ ഒരു മനുഷ്യൻ തെരുവിൽ കൂടെ നടന്നു വരും, ഒരു ചെറിയ തവിട്ടു നിറമുള്ള തൊപ്പിയും, ഇരുണ്ട കുപ്പായവും ധരിച്ചിരിക്കും.' അവൻ പറഞ്ഞു, 'അദ്ദേഹം നിന്നോട് സംസാരിക്കും.'"

161 അവർ പറഞ്ഞു, "ഞാൻ 'വെളുപ്പാൻ കാലം തൊട്ടേ ഇവിടെ നിൽക്കുകയാണ്." അവരുടെ പുറം ഭാഗം മഞ്ഞു കൊണ്ട് നനഞ്ഞിരുന്നു. എന്നിട്ട് അവർ പറഞ്ഞു, "നിങ്ങൾ ആ തവിട്ടു നിറമുള്ള തൊപ്പിയും ധരിച്ചു വരുന്നത് ഞാൻ കണ്ടു," അവർ പറഞ്ഞു, "എന്നാൽ നിങ്ങളുടെ പക്കൽ ഒരു ചെറിയ പുസ്തക സഞ്ചിയും കൂടി ഉണ്ടാകണമായിരുന്നു."

162 ഞാൻ പറഞ്ഞു, "ഞാൻ അത് ഹോട്ടലിൽ വിട്ടുപോയി." നോക്കു? പിന്നെ ഞാൻ ചോദിച്ചു, "നിങ്ങളുടെ മകന് സുഖമില്ല അല്ലേ?"

പറഞ്ഞു, "അവൻ മരിച്ചു കൊണ്ടിരിക്കുന്നു."

ഞാൻ പറഞ്ഞു, "എൻറെ പേര് ബ്രൺഹാം എന്നാകുന്നു." ഞാൻ ചോദിച്ചു, "നിങ്ങൾക്ക് എന്നെ അറിയാമോ?"

അവർ പറഞ്ഞു, "ഇല്ല, ശ്രീമാൻ, പാർസൺ ബ്രൺഹാം, ഞാൻ—ഞാൻ നിങ്ങളെ കുറിച്ച് ഒരിക്കലും കേട്ടിട്ടില്ല."

ഞാൻ പറഞ്ഞു, "ഞാൻ രോഗികൾക്കായി പ്രാർത്ഥിക്കുന്നു." അവർക്ക് അതിൽ താൽപ്പര്യമില്ലായിരുന്നു. തൻറെ മകൻ ഒരു പാപിയായി മരിക്കാൻ അവൾ, ആഗ്രഹിച്ചില്ല.

163 ഞാൻ അകത്തേക്ക് കയറി; അവർക്ക് അവിടെ ഒരു പഴയ ഗേറ്റ് ഉണ്ടായിരുന്നു അതിൽ കലപ്പ പോലെ ഒന്ന് അത് തിരകെ അടയുന്നതിനു അതിൽ തൂക്കിയിട്ടിരുന്നു (ഒരുപക്ഷേ, വടക്ക് നാട്ടിലുള്ളവരായ നിങ്ങളിൽ പലർക്കും അത് എന്താണെന്ന് അറിയില്ലായിരിക്കാം), എന്നാൽ, അത് ഗേറ്റ് അടച്ചു കിടക്കുന്നതിന് വേണ്ടിയാകുന്നു. ഞാൻ വീടിനകത്തേക്ക് കയറി, ഒരു ചെറിയ, തീരെ ചെറിയ, പഴയ, രണ്ട്-മുറി ആയിരുന്നു (അത് കണ്ടാൽ തോന്നും ഒരു ചെറിയ...നമ്മൾ എന്താണ് അതിനെ വിളിക്കുന്നത് ഒരു ചെറിയ "കുഴൽ വീട്") അതുപോലെ, അവിടെ സജ്ജീകരിച്ചിരുന്നു; ഒരു മുറി

*ഇവിടെ* ഉണ്ട്, അതാണ് സ്വീകരണമുറിയും കിടപ്പുമുറിയും എല്ലാം ഒരുമിച്ച് ആയിരുന്നു; പിന്നെ അടുക്കളയും പിന്നിലായിരുന്നു *അവിടെ.* ഞാൻ അകത്തേക്ക് നടന്നപ്പോൾ...ഇത് അല്പം വെള്ള പൂശിയ സ്ഥലമായിരുന്നു, കൂടാതെ നന്നായിരുന്നു, രണ്ടു വശങ്ങളിൽ നിന്നും താഴോട്ടു ഊരിമാറ്റിയിരുന്നു, അതോടൊപ്പം അടക്കുന്ന പലകയും ആയിരുന്നു. പിന്നെ അതിനു ശേഷം...ഇല്ല, അവരുടെ മേൽക്കൂരയുടെ മുകളിൽ താർ കൊണ്ടുള്ള കടലാസ്സ് ഉണ്ടായിരുന്നതായി ഞാൻ കരുതുന്നു, മഞ്ഞുപോലെ വലിയ കുമിളകൾ, അതിന് മുകളിൽ തൂങ്ങിക്കിടക്കുന്നത്, ഞാൻ കണ്ടതായി ഓർക്കുന്നു.

164 എന്നിട്ട് ഞാൻ അകത്തേക്ക് കയറിയപ്പോൾ, ആ വാതിലിനു കുറുകെയായി ഒരു ബോർഡ് തൂക്കിയിരുന്നു, പറഞ്ഞു, “ദൈവം നമ്മുടെ ഭവനത്തെ അനുഗ്രഹിക്കട്ടെ.” നേരെ അവിടെ മൂലയിലായിട്ട് ഒരു പഴയ കട്ടിൽ അവിടെ ഉണ്ടായിരുന്നു, കൂടാതെ ഒന്ന് ഇവിടെ ഉണ്ടായിരുന്നു. അവിടെ ഒരു വലിയ മനുഷ്യൻ കിടന്നിരുന്നു (തറയിൽ ഒരു ചവിട്ടു തുണി തന്നെ ഇല്ലായിരുന്നു), അത്യന്തം വലിയ ഈ കുട്ടി, കാണാൻ നല്ല മിടുക്കുള്ള ഈ മനുഷ്യൻ അവിടെ നിന്നിരുന്നു. ഞാൻ ഊഹിക്കുന്നു അവൻ ഒരു...നൂറ്റി എഴുപതോ അല്ലെങ്കിൽ എൺപതോ പൗണ്ട് ഭാരമുള്ള, ആറടിയോട് അടുത്ത മനുഷ്യനായിരുന്നു. അവൻറെ പുതപ്പ് അവൻറെ കയ്യിൽ ഉണ്ടായിരുന്നു, അവൻ ശബ്ദം വെച്ചിരുന്നു, “ഹും. ഹും.”

165 അവർ പറഞ്ഞു, “അമ്മയുടെ കുട്ടിയല്ലേ.”

166 അപ്പോൾ ഞാൻ ഓർത്തു, “‘അമ്മയുടെ കുട്ടി.’” എന്നിട്ടും അവന് ഒരു—അവന് ലൈംഗീക രോഗമായിരുന്നു, ഉഷ്ണപ്പുണ്ണ് ആയിരുന്നു. അങ്ങനെ അവൻ—അവൻ മരിക്കുകയായിരുന്നു.

167 എന്നിട്ട് അവർ അവൻറെ നെറ്റിയിൽ ചുംബിച്ചു, ഇപ്രകാരം അവനെ തലോടിക്കൊണ്ട്, പറഞ്ഞു: “അമ്മയുടെ കുട്ടിയല്ലേ.”

168 എന്തുകൊണ്ട്, എൻറെ ഹൃദയം പെട്ടെന്ന് വലുതായി. ഞാൻ ഓർത്തു, “അതെ, നിങ്ങൾ എത്ര ആഴമേറിയ പാപത്തിലാണെങ്കിലും, നിങ്ങൾ അപ്പോഴും അവരുടെ കുഞ്ഞാകുന്നു.” അതിനുശേഷം ഞാൻ ഓർത്തു, “നോക്കു, അവൻ എത്ര മോശമായിരുന്നാലും അതൊരു കാര്യമല്ല, അവൻ അപ്പോഴും ‘അമ്മയുടെ കുഞ്ഞാകുന്നു.’” പിന്നെ ഞാൻ ചിന്തിച്ചു, “ദൈവം പറഞ്ഞു, ‘ഒരു അമ്മ തൻറെ മുലകുടിക്കുന്ന കുഞ്ഞിനെ മറന്നേക്കാം; എന്നാൽ എനിക്ക് നിന്നെ മറക്കാൻ കഴിയില്ല, കാരണം നിൻറെ പേര് ഇതാ എൻറെ ഉള്ളങ്കയ്യിൽ വരെച്ചിരിക്കുന്നു.’” നോക്കു? അതെങ്ങനെയായിരിക്കാം!

169 അവിടെ ചുറ്റിനടന്നിരുന്ന ആ പാവം വൃദ്ധയായ വിശുദ്ധനെ ഞാൻ നോക്കി. നിങ്ങൾക്ക് പറയാം, സഹോദരാ, അവൾക്ക് വീട്ടിൽ യാതൊന്നും ഇല്ലായിരുന്നു; എന്നാൽ അവളുടെ വീട്ടിൽ എന്തോ ഒരു കാര്യമുണ്ടായിരുന്നു അത് ഇന്ത്യാനയിലുള്ള എല്ലാ വീടുകളിലും അല്ലെങ്കിൽ മറ്റെല്ലായിടത്തും ഉണ്ടായിരിക്കേണ്ട കാര്യമാകുന്നു; അത് ദൈവമാകുന്നു. പെൺകുട്ടികളുടെ പടങ്ങളും, ഈ അശ്ലീലവും, വൃത്തികെട്ടതുമായ ഈ കാര്യങ്ങളെല്ലാം ഉള്ള ഒരു വലിയ വീടിനെക്കാലും എനിക്ക് അത് ഉണ്ടായിരിക്കാൻ ഞാൻ കൂടുതൽ താൽപ്പര്യമുള്ളവനാകുന്നു. പഴയ വേദപുസ്തകം അവിടെ താളുകൾ തുറന്നു കിടക്കുന്നു, അതിൻറെ പഴയ താളുകളിൽ ചുളിവുകൾ ഉണ്ടായിരിക്കുന്നു.

170 ഞാൻ അവരെ നോക്കി. അവർ പറഞ്ഞു, "പാഴ്സൺ നിനക്ക് വേണ്ടി പ്രാർത്ഥിക്കാൻ വന്നിരിക്കുന്നു, പ്രിയേ."

171 അവൻ ശബ്ദം ഉണ്ടാക്കി, "ഹ്മം. ഹ്മം. ഇരുട്ടാകുന്നു. ഹ്മം."

172 ഞാൻ ചോദിച്ചു, "അവൻ എന്താണ് പറയുന്നത്?"

അവർ പറഞ്ഞു, "അവന് തന്നെ അറിയില്ല. ഡോക്ടർ പറഞ്ഞു, 'അവന് തലക്ക് ബോധമില്ല.'" പറഞ്ഞു, "അവൻ എവിടെയോ വലിയ ഒരു കടലിൽ ആണെന്ന് അവൻ കരുതുകയും, അവൻ ഒരു വള്ളം തുഴയുകയുമാണ്, അങ്ങനെ അവൻ നഷ്ടപ്പെട്ടവനാകുന്നു." എന്നിട്ട് പറഞ്ഞു, "അതാണ് എനിക്ക് സഹിക്കാൻ കഴിയാത്തത്, പാർസൺ: അതായത് എൻറെ കുഞ്ഞ് നഷ്ടപ്പെട്ടവനായി, മരിച്ചു കൊണ്ടിരിക്കുന്നു." അവർ പറഞ്ഞു, "നിങ്ങൾ എന്നെ സഹായിക്കാൻ വന്നതാണെന്ന് എനിക്കറിയാം, 'കാരണം കർത്താവ് എന്നോട് അപ്രകാരം അത് പറഞ്ഞിരുന്നു."

ഞാൻ പറഞ്ഞു, "ഞാൻ അവനുവേണ്ടി പ്രാർത്ഥിക്കും," എന്നിട്ട് ഞാൻ പറഞ്ഞു, "കർത്താവ് അവനെ സുഖപ്പെടുത്തിയേക്കാം."

173 അവർക്ക് അതിൽ താൽപ്പര്യമില്ലായിരുന്നു, അവൻ എഴുന്നേറ്റിട്ട് രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് മാത്രം പറഞ്ഞ് കേൾക്കാൻ അവർ 'ആഗ്രഹിച്ചിരുന്നു.' അത്ര മാത്രം, അവൻ രക്ഷിക്കപ്പെട്ടിടത്തോളം അത് മാത്രം മതി. സാരമില്ല, അവന് എങ്ങനെയായാലും പോകണം, അതുകൊണ്ട്, എപ്പോഴായാലും; അവൻ രക്ഷിക്കപ്പെട്ടിടത്തോളം അതുമതി! ഓ, നമുക്ക് ആ മനോഭാവം ലഭിക്കുമെങ്കിൽ! ആ നിത്യമായ ഭവനം അങ്ങ് ദൂരെ, അവർ അവനോടൊപ്പം വീണ്ടും ജീവിക്കുമെന്ന് അവൾക്കറിയാമായിരുന്നു.

പറഞ്ഞു, “അവൻ പറയുന്നത് കേൾക്കാൻ കഴിഞ്ഞിരുന്നെങ്കിൽ മാത്രം മതിയായിരുന്നു ‘രക്ഷിക്കപ്പെട്ടിരിക്കുന്നു.’”

ഞാൻ പറഞ്ഞു, “നമുക്ക് മുട്ടുകുത്താം.” അപ്പോൾ അവർ മുട്ടുകുത്തി നിന്നു. ഞാൻ അവൻറെ കാലുകളിൽ പിടിച്ചു, അവൻറെ കാലുകൾ ശരിക്കും തണുത്തതും ഒട്ടിപ്പിടിക്കുന്നതുമായിരുന്നു. എനിക്ക് അവൻറെ കാലുകളിലേക്ക് അത് വലിക്കാൻ കഴിഞ്ഞില്ല, ഒരു ചെറിയ—ഒരു ചെറിയ നേർത്ത പുതപ്പ് അവർ അവൻറെ മേൽ ഇട്ടിരുന്നു; അത് അവൻറെ കയ്യുടെ മേൽ ഉണ്ടായിരുന്നു, നിങ്ങൾക്കറിയാമോ.

174 അങ്ങനെ അവൻ...അവൻ അത് ഇപ്രകാരം പിന്നിലേക്ക് വലിക്കുകയായിരുന്നു, അവൻ അതിനുള്ളിൽ ആണെന്ന് അവൻ കരുതിയിരുന്നു. അവൻ അത് തുഴ വലിക്കുകയാണെന്ന് കരുതി അതിൽ മുറുകെ പിടിച്ചിരുന്നു. അവൻ തുടർച്ചയായി പറഞ്ഞുകൊണ്ടിരുന്നു, “ഇത് ഭയങ്കര ഇരുണ്ടതാണ്. ഹും. ഹും. ഇത് ഭയങ്കര ഇരുണ്ടതാണ്.” അപ്പോൾ അവർ അവനോട് സംസാരിക്കാൻ ശ്രമിച്ചിരുന്നു; അവൻ തുടർച്ചയായി പറഞ്ഞുകൊണ്ടേയിരുന്നു, “ഇത് ഇരുണ്ടതും തണുപ്പുള്ളതുമാണ്,” അങ്ങനെ വലിച്ചിരുന്നു.

175 അപ്പോൾ ഞാൻ—ഞാൻ അവരെ ചെറുതായി ഒന്ന് നോക്കി, അവർ അവിടെ മുട്ടുകുത്തി നിന്നിരുന്നു, ഞാൻ പറഞ്ഞു, “അമ്മായി, നിങ്ങൾ ഞങ്ങളെ പ്രാർത്ഥനയിൽ നയിക്കുമോ?”

അവർ പറഞ്ഞു, “അതെ ശ്രീമാൻ.”

176 അവിടെ അവരും, കൂടാതെ ഞാനും, പിന്നെ ആ കുട്ടിയും, അതോടുകൂടെ മുറിയിൽ പരിശുദ്ധാത്മാവും, മാത്രമായിരുന്നു. ആ വൃദ്ധയായ വിശുദ്ധ പ്രാർത്ഥിച്ചു. എൻറെ! അവർ അവനോട് സംസാരിച്ചപ്പോൾ, അവർ ഇതിനു മുമ്പും അവനോട് സംസാരിച്ചിരുന്നുവെന്ന് നമുക്കറിയാൻ പറ്റുമായിരുന്നു. അതെ, ശ്രീമാൻ! അവർ ആരോടാണ് സംസാരിക്കുന്നതെന്ന് അവർക്ക് അറിയാമായിരുന്നു. അവർ പറഞ്ഞു, “കർത്താവേ, നീ എന്താണ് ചെയ്യാൻ പോകുന്നതെന്ന് എനിക്കറിയില്ല,” അവർ പറഞ്ഞു, “എന്നാൽ എല്ലാകാര്യങ്ങളും അവിടുന്ന് പറഞ്ഞ അതേ രീതിയിൽ തന്നെ ആകുന്നു.”

177 ഓ, എൻറെ! ഓ! ഞാൻ അത്രയും സന്തോഷമുള്ളവനാകുന്നു, ഞാൻ അത്രയും സന്തോഷമുള്ളവനാകുന്നു അവൻ ഇപ്പോഴും അതെ യേശു തന്നെ പിൻ കാലങ്ങളിൽ ആ വിശുദ്ധന്മാരോടൊപ്പം അവിടെ

ഉണ്ടായിരുന്നവനാകുന്നു. അവൻ ഇപ്പോഴും അതേ യേശു തന്നെ ആകുന്നു.

178 അവരുടെ മതത്തെക്കുറിച്ച് ഞാൻ ഒരിക്കലും അവരോട് ചോദിച്ചില്ല, അവർ ബാപ്റ്റിസ്റ്റാണോ പെന്തക്കോസ്ത് ആണോ, അതോ എന്താണോ. അത് എൻറെ തൊഴിൽ ആയിരുന്നില്ല. ഞാൻ—ഞാൻ പരിശുദ്ധാത്മാവിനെ പിന്തുടരുകയായിരുന്നു, അവരും അതേ കാര്യം തന്നെ ചെയ്തിരുന്നു. അവൻ എന്താണ് ചെയ്യാൻ പോകുന്നതെന്ന് കാണാൻ ഞങ്ങൾ ആഗ്രഹിച്ചിരുന്നു.

179 അങ്ങനെ ഞങ്ങൾ മുട്ടുകുത്തി, അവർ പ്രാർത്ഥിക്കാൻ തുടങ്ങി. അവർ പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ, അവർ എഴുന്നേറ്റ് അവൻറെ തലയിൽ ചുംബിച്ചു കൊണ്ട് പറഞ്ഞു, "ദൈവമേ, എൻറെ കുഞ്ഞിനെ അനുഗ്രഹിക്കണമേ."

180 എന്നിട്ട് അവർ പറഞ്ഞു, "ഇപ്പോൾ നിങ്ങൾ പ്രാർത്ഥിക്കുമോ, പാർസൺ?"

181 അപ്പോൾ ഞാൻ പറഞ്ഞു, "ഊവ്വ്, മാ'മാം." അപ്പോൾ തന്നെ സമയം ഏകദേശം എട്ടര കഴിഞ്ഞിരുന്നു, ഒരുപക്ഷെ ഏട്ടെമുക്കാൽ ആയിക്കഴിഞ്ഞിരുന്നു, ഞാൻ അവിടെ നിന്നും...രണ്ട് മൈലോളം ആ സ്ഥലത്ത് നിന്നും ദൂരെയായിരുന്നു, അങ്ങനെ—അങ്ങനെ വിമാനം ഏഴു മണിക്ക് പുറപ്പെടേണ്ടിയിരുന്നു; ഞാൻ എപ്പോൾ ഇറങ്ങി അവിടെ ചെന്നെത്തുമെന്ന് എനിക്ക് അറിയില്ലായിരുന്നു.

182 അതുകൊണ്ട് ഞാൻ അവൻറെ കാലിൽ എൻറെ കൈകൾ വച്ചിട്ട്, ഞാൻ പറഞ്ഞു, "സ്വർഗ്ഗസ്ഥനായ പിതാവേ, എനിക്ക് ഇത് മനസ്സിലാകുന്നില്ല. അവിടുന്നു നീ...ഞാൻ—ഞാൻ കുറച്ച് മുമ്പ്, ഏകദേശം ഒന്നര മണിക്കൂർ മുമ്പ് ഒരു വിമാനം പിടിക്കേണ്ടതായിരുന്നു. നീ പറഞ്ഞുകൊണ്ടേയിരുന്നു, 'നടക്കുക,' ഞാൻ ഇതുവരെ കണ്ടെത്തിയ ഒരേയൊരു കാര്യം ഇത് മാത്രമാകുന്നു. കൂടാതെ അവർ പറഞ്ഞു അതായതു നീ...ഞാൻ വരുന്നത് അവർ കണ്ടിരുന്നു. അത് അങ്ങനെ എങ്കിൽ—അത് നീ തന്നെ ആണെങ്കിൽ, കർത്താവേ, പിന്നെ എൻറെ കൈകൾ ഈ കുട്ടിയുടെ മേൽ വയ്ക്കുന്നത് മാത്രമല്ലാതെ എന്തുചെയ്യണമെന്ന് എനിക്കറിയില്ല."

183 അവൻ പറഞ്ഞു, "ഓ, അമ്മേ," പറഞ്ഞു, "ഇവിടെ ഇപ്പോൾ വെളിച്ചം വരുന്നു." അതിനുശേഷം ഏകദേശം അഞ്ച് മിനിറ്റ് കഴിഞ്ഞപ്പോഴേക്കും, അവൻ കട്ടിലിൻറെ ഒരു വശത്തായി, അവൻറെ അമ്മയുടെ മേൽ കൈ ചുറ്റിപിടിച്ചു കൊണ്ട് ഇരുന്നു.

184 ഞാൻ പുറത്തേക്കിറങ്ങി, അവിടേക്ക് ഓടി ചെന്നിട്ട് ഒരു വണ്ടി പിടിച്ചു, എൻറെ പെട്ടി എടുക്കാൻ ഹോട്ടലിലേക്ക് ഓടി. ഞാൻ അവിടെ ചെന്ന് കാത്തിരിക്കാമെന്ന് വിചാരിച്ചു, ആ കാലങ്ങളിൽ ഒരു പക്ഷെ ഒന്നോ രണ്ടോ ദിവസം കാത്തിരിക്കേണ്ടി വന്നേക്കാം. നിങ്ങൾക്കറിയാമോ യുദ്ധം കഴിഞ്ഞയുടനെ തന്നെ അവിടെ ഒരു വിമാനം കിട്ടാൻ എത്ര ബുദ്ധിമുട്ടായിരിക്കും, അതുകൊണ്ട് ഞാൻ ഓർത്തു, "എനിക്ക് രണ്ടു ദിവസത്തോളം കാത്തിരിക്കേണ്ടി വരും."

185 ഞാൻ വണ്ടിയിൽ കയറി അവിടെ നിന്ന്, എയർപോർട്ടിലേക്ക് ഓടി. ഞാൻ അവിടെ എത്തുകയും, അവർ പറഞ്ഞു, "വിമാന സംഖ്യ 196 കെന്റക്കി, ലൂയിസ്‌വില്ലിലേക്ക്, ഇപ്പോൾ പുറപ്പെടുന്നു." ദൈവം ആ വിമാനം എനിക്ക് വേണ്ടി അതിപ്രകാരമായിട്ട് അവിടെ നിർത്തിയിരുന്നു. ഓ, ഞാൻ ഇത് വിശ്വസിക്കുന്നു!

186 അതിനുശേഷം ഏകദേശം രണ്ട് വർഷം കഴിഞ്ഞു, ഞാൻ ഒരു ട്രെയിൻ യാത്രയിലായിരുന്നു, അരിസോണയിലേക്ക് പോകുകയായിരുന്നു, സഹോദരൻ ഷാരിറ്റ്സിൻറെ അടുത്തേക്ക്, അവിടെ ഒരു യോഗത്തിനായി പോയിരുന്നു. അങ്ങനെ എനിക്ക് സഹോദരം മൂരിനെയും ബാക്കിയുള്ളവരേയും കൂട്ടി പോകേണ്ടിയിരുന്നു. അങ്ങനെ ഞാൻ അവിടെ ചെന്നപ്പോൾ, എനിക്ക് അവിടെ മെംഫിസിൽ നിർത്തേണ്ടി വന്നിരുന്നു. അങ്ങനെ ട്രെയിൻ നീങ്ങാൻ തുടങ്ങി, നിങ്ങൾക്ക് എല്ലാവർക്കും അറിയാമെങ്കിൽ ഇത് എങ്ങനെ പടിഞ്ഞാറോട്ട് പോകുന്നുവെന്ന് പോകുന്നുവെന്ന് അറിയാം, എന്നിട്ട് പിന്നിലേക്ക് എടുത്ത് വേറെ പാതയിലേക്ക് മാറ്റിയിട്ട് ചക്രപ്പലക എടുത്തു മാറ്റുന്നു.

187 കൂടാതെ ട്രെയിനിൽ കിട്ടുന്ന സാൻഡ്‌വിച്ചുകൾ, അവർക്ക് അറുപത് സെന്റ്സ് വീതം അവർ വാങ്ങിയിരുന്നു. എനിക്ക് അത് പത്തോ, പതിനഞ്ചോ സെന്റിന് വാങ്ങാൻ കഴിയും, നിങ്ങൾക്കറിയാമോ, അവിടെ പുറത്തു മറ്റെവിടെയെങ്കിലും നിന്ന് വാങ്ങാം. അതുകൊണ്ട് എനിക്ക് കുറച്ച് സാൻഡ്‌വിച്ചുകൾ മേടിക്കുന്നതിനുവേണ്ടി, ട്രെയിൻ നിർത്തുന്നത് വരെ ഞാൻ കാത്തിരുന്നു. ഞാൻ എനിക്ക് വേണ്ടി ഒരെണ്ണം വാങ്ങാൻ പോവുകയായിരുന്നു-...അവിടെ ചാക്ക് നിറയെ ഇറച്ചി വെച്ച റൊട്ടികൾ, ശരിക്കും അവിടെ ഒരു ആഘോഷം തന്നെ നടക്കുവാരുന്നു. അതുകൊണ്ട് ഞാൻ പുറത്തേക്ക് ചാടി, എനിക്കൊരു ഇറച്ചി വെച്ച റൊട്ടിയുടെ സ്ഥാനം കിട്ടാൻ വേണ്ടി വളരെ വേഗം അവിടേക്ക് ഓടി; ചുറ്റും നോക്കി, ട്രെയിൻ ഏകദേശം മുപ്പത് മിനിറ്റ് അവിടെ കിടക്കാൻ പോകുകയായിരുന്നു.

188 അതുകൊണ്ട് ഞാൻ—ഞാൻ എനിക്ക് കുറച്ച് ഇറച്ചി വെച്ച റൊട്ടി വാങ്ങി കൊണ്ടുവരാൻ ഇറങ്ങി, അപ്പോൾ ആരോ പറയുന്നത് ഞാൻ കേട്ടു, "ഹലോ, അവിടെ, പാർസൺ!" ഞാൻ ചുറ്റും നോക്കി, ഒരു ചെറിയ ചുവന്ന തൊപ്പി, അവിടെ കണ്ണ് അടക്കുകയും തുറക്കുകയും ചെയ്തുകൊണ്ട് നിൽക്കുന്നു, നിങ്ങൾക്കറിയാമോ, പറഞ്ഞു, "എന്നെ അറിയില്ല, അല്ലേ?"

"എനിക്ക് അറിയാമെന്നു ഞാൻ വിശ്വസിക്കുന്നില്ല, മകനേ."

ഇവിടേയ്ക്ക് അടുത്തു വരൂ, പറഞ്ഞു, "എന്നെ നന്നായി നോക്കൂ!"

ഞാൻ പറഞ്ഞു, "അതെ?" ഞാൻ പറഞ്ഞു, "എനിക്ക് നിങ്ങളെ അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നില്ല."

അവൻ പറഞ്ഞു, "എനിക്ക് നിങ്ങളെ അറിയാം!" പറഞ്ഞു, "നിങ്ങൾ പാർസൺ ബ്രൺഹാമാകുന്നു!"

ഞാൻ പറഞ്ഞു, "അതെ, അത് ശരിയാണ്." ഞാൻ ചോദിച്ചു, "നിങ്ങൾ എപ്പോഴെങ്കിലും എൻറെ യോഗങ്ങളിലൊന്നിൽ പങ്കെടുത്തിട്ടുണ്ടോ?"

പറഞ്ഞു, "ഇല്ല ശ്രീമാൻ!" പറഞ്ഞു, "അന്ന് രാവിലെ നിങ്ങൾ വീട്ടിലേക്ക് വരുകയും എൻറെ അമ്മ അവിടെ ഉണ്ടായിരുന്നതും നിങ്ങൾ ഓർക്കുന്നുണ്ടോ-...?"

"ഓ!" ഞാൻ പറഞ്ഞു, "നിങ്ങൾ അവനല്ല!"

പറഞ്ഞു, "അതെ, ഞാനാകുന്നു! അതെ, ഞാനാകുന്നു!" അവൻ പറഞ്ഞു, "പാർസൺ," പറഞ്ഞു, "ഞാൻ സുഖം പ്രാപിച്ചു, നന്നായും, ആരോഗ്യവാനും ആയിരിക്കുന്നു. അത് മാത്രമല്ല, എന്നാൽ ഞാൻ ഇപ്പോൾ ഒരു ക്രിസ്ത്യാനിയാണ്!"

189 ദൈവത്തിനു സ്തുതിയായിരിക്കട്ടെ! ഓ!

അവർ മാളിക മുറിയിൽ ഒരുമിച്ചുകൂടി,
അവൻറെ നാമത്തിൽ എല്ലാവരും പ്രാർത്ഥിച്ചു,
അവർ പരിശുദ്ധാത്മാവിനാൽ സ്നാനമേറ്റു,
സേവനത്തിനുള്ള ശക്തി വന്നു;
അന്നാളിൽ അവൻ അവർക്കായി ചെയ്തത് ഇപ്പോൾ
അവൻ നിങ്ങൾക്കും അത് തന്നെ ചെയ്യും, (നിങ്ങൾക്ക് സന്തോഷമില്ലേ?)
ഞാനും അവരിൽ ഒരുവനെന്ന് പറയാൻ അത്രയും സന്തോഷിക്കുന്നു.

അവരിൽ ഒരുവൻ, അവരിൽ ഒരുവൻ,

ഞാനും അവരിൽ ഒരുവനെന്ന് പറയാൻ അത്രയും സന്തോഷിക്കുന്നു, ഹല്ലേലൂയാ!
അവരിൽ ഒരുവൻ, അവരിൽ ഒരുവൻ,
ഞാനും അവരിൽ ഒരുവനെന്ന് പറയാൻ അത്രയും സന്തോഷിക്കുന്നു.

അവർക്ക് വലിയ വിദ്യാഭ്യാസവും കാര്യങ്ങളും ഇല്ല:

അതിനാൽ ഈ ആളുകൾ പഠിപ്പുള്ളവരും ആയിരിക്കാൻ ഇടയില്ല,
അല്ലെങ്കിൽ ലൗകിക പ്രശസ്തിയുടെ അഭിമാനം,
അവർക്കെല്ലാം അവരുടെ പെന്തക്കോസ്ത് ലഭിച്ചു,
യേശുവിൻറെ നാമത്തിൽ സ്നാനം ഏറ്റു;
ഇപ്പോൾ അവർ പറയുന്നു, ദൂരെയും അകലെയും രണ്ടിടത്തും,
അവൻറെ ശക്തി ഇപ്പോഴും സമാനമാകുന്നു,
ഞാനും അവരിൽ ഒരുവനെന്ന് പറയാൻ അത്രയും സന്തോഷിക്കുന്നു.

അവരിൽ ഒരുവൻ, ഞാനും അവരിൽ ഒരുവൻ,
ഞാനും അവരിൽ ഒരുവനെന്ന് പറയാൻ അത്രയും സന്തോഷിക്കുന്നു, ഹല്ലേലൂയാ!
അവരിൽ ഒരുവൻ, അവരിൽ ഒരുവൻ,
ഞാനും അവരിൽ ഒരുവനെന്ന് പറയാൻ അത്രയും സന്തോഷിക്കുന്നു.

എൻറെ സഹോദരാ, വരൂ, ഈ അനുഗ്രഹം തേടൂ
അത് നിങ്ങളുടെ ഹൃദയത്തെ പാപത്തിൽ നിന്ന് ശുദ്ധീകരിക്കും,
അത് സന്തോഷത്തിൻറെ-മണി മുഴക്കാൻ തുടങ്ങും
നിങ്ങളുടെ ആത്മാവിനെ ജ്വലിപ്പിക്കും;
ഓ, ഇത് ഇപ്പോൾ എൻറെ ഹൃദയത്തിൽ കത്തുന്നു,
ഓ, അവൻറെ നാമത്തിന് മഹത്വം,
ഞാൻ അത്രയും സന്തോഷിക്കുന്നു...

ഇപ്പോൾ മുന്നിലും പിന്നിലും ചുറ്റുമായി നിൽക്കുന്ന ആരുടെയെങ്കിലും, കൈ പിടിച്ചു കുലുക്കുക:

ഓ, അവരിൽ ഒരുവൻ, അവരിൽ ഒരുവൻ,
ഞാനും അവരിൽ ഒരുവനെന്ന് പറയാൻ അത്രയും സന്തോഷിക്കുന്നു, ഹല്ലേലൂയാ!

അവരിൽ ഒരുവൻ, അവരിൽ ഒരുവൻ,
ഞാനും അവരിൽ ഒരുവനെന്ന് പറയാൻ അത്രയും സന്തോഷിക്കുന്നു.

അവരിൽ ഒരുവൻ, അവരിൽ ഒരുവൻ,
എനിക്ക് അത്രയും സന്തോഷമുണ്ട്...?...
...അവരിൽ ഒരുവൻ,
ഞാനും അവരിൽ ഒരുവനെന്ന് പറയാൻ അത്രയും സന്തോഷിക്കുന്നു.

അവരിൽ ഒരുവൻ, അവരിൽ ഒരുവൻ,
ഞാനും അവരിൽ ഒരുവനെന്ന് പറയാൻ അത്രയും സന്തോഷിക്കുന്നു, ഹല്ലേലൂയാ!
അവരിൽ ഒരുവൻ, അവരിൽ ഒരുവൻ,
ഞാനും അവരിൽ ഒരുവനെന്ന് പറയാൻ അത്രയും സന്തോഷിക്കുന്നു.

190 എന്താണ് ഈ പഴയ-കാല മതം? അത് പിന്നിലായി *ഇവിടെ* നിന്ന് ആരംഭിച്ചു, സഭ അന്ന് മുതൽ യേശുക്രിസ്തുവിൻറെ രക്തത്താൽ ഈ താഴേക്ക് ഒഴുകുന്നു. ഓ, എൻറെ! ഓ, ഈ സുവിശേഷത്തിന് വേണ്ടി ഞാൻ എത്ര സന്തോഷിക്കുന്നു! ഓ! ഓ, അതെ, ശ്രീമാൻ!

ഇത് രക്തം കൊണ്ട് ഒഴുകുന്നു, അതെ, ഇത് രക്തം കൊണ്ട് ഒഴുകുന്നു,
ഈ പരിശുദ്ധാത്മാവിൻറെ സുവിശേഷം രക്തം കൊണ്ട് ഒഴുകുന്നു,
ശിഷ്യന്മാരുടെ രക്തം (രക്തസാക്ഷികൾ, ഇതുവരെയുള്ള എല്ലാവരും), സത്യത്തിനുവേണ്ടി മരിച്ചവർ,
ഈ പരിശുദ്ധാത്മാവിൻറെ സുവിശേഷം രക്തം കൊണ്ട് ഒഴുകുന്നു.

ഇപ്പോൾ, ഏതുതരത്തിൽപ്പെട്ട ഒരു സുവിശേഷമാണ് ഇത്? അതിപ്രകാരം പെന്തക്കോസ്തിൽ ആരംഭിച്ചതുപോലെ, നോക്കു.

ഈ പരിശുദ്ധാത്മാവിൻറെ പദ്ധതിക്കുവേണ്ടി മരിക്കുന്ന ആദ്യ വ്യക്തി,
യോഹന്നാൻ സ്നാപകനായിരുന്നു (നോക്കു, അവൻ അവൻറെ, അമ്മയുടെ ഉദരത്തിൽ അത് സ്വീകരിച്ചു, നിങ്ങൾക്കറിയാമല്ലോ.)...ഒരു മനുഷ്യനെപ്പോലെ മരിച്ചു;

അതുകഴിഞ്ഞ് കർത്താവായ യേശു വന്നു, അവർ അവനെ ക്രൂശിച്ചു,
അവൻറെ ആത്മാവ് ജനങ്ങളെ പാപത്തിൽ നിന്ന് രക്ഷിക്കുമെന്ന് അവൻ പ്രസംഗിച്ചു.

ഇത് രക്തം കൊണ്ട് ഒഴുകിക്കൊണ്ടിരുന്നു, അതെ, ഇത് രക്തം കൊണ്ട് ഒഴുകുന്നു,
ഈ പരിശുദ്ധാത്മാവിൻറെ സുവിശേഷം രക്തം കൊണ്ട് ഒഴുകുന്നു,
സത്യത്തിനുവേണ്ടി മരിച്ച ശിഷ്യന്മാരുടെ രക്തം,
ഈ പരിശുദ്ധാത്മാവിൻറെ സുവിശേഷം രക്തം കൊണ്ട് ഒഴുകുന്നു.

നിങ്ങൾക്ക് ഇത് സംഘടിപ്പിക്കാൻ കഴിയുകയില്ല! ഹ-ഹാ!

അവിടെ പത്രോസും പൌലോസും, ദിവ്യനായ യോഹന്നാനും,
ഈ സുവിശേഷം പ്രകാശിക്കത്തക്കവിധം അവർ തങ്ങളുടെ ജീവിതം കൈവെടിഞ്ഞു;
അവർ തങ്ങളുടെ രക്തം, പ്രവാചകന്മാരുമായി കലർത്തി,
അതിനാൽ ദൈവത്തിൻറെ യഥാർത്ഥ വചനം സത്യസന്ധമായി പറയാൻ കഴിയും.

ഇത് രക്തം കൊണ്ട് ഒഴുകിക്കൊണ്ടിരുന്നു, അതെ, ഇത് രക്തം കൊണ്ട് ഒഴുകുന്നു,
ഈ പരിശുദ്ധാത്മാവിൻറെ സുവിശേഷം രക്തം കൊണ്ട് ഒഴുകുന്നു,
സത്യത്തിനുവേണ്ടി മരിച്ച ശിഷ്യന്മാരുടെ രക്തം,
ഈ പരിശുദ്ധാത്മാവിൻറെ സുവിശേഷം രക്തം കൊണ്ട് ഒഴുകുന്നു.

യാഗപീഠത്തിൻ കീഴിൽ ആത്മാക്കൾ, നിലവിളിച്ചു, "നീ എത്രത്തോളം?"
കർത്താവിന് തെറ്റ് ചെയ്തവരെ ശിക്ഷിക്കാൻ;
എന്നാൽ തങ്ങളുടെ ജീവരക്തം നൽകുന്നവർ ഇനിയും വരാൻ പോകുന്നു
ഈ പരിശുദ്ധാത്മാവിൻറെ സുവിശേഷത്തിനും അതിൻറെ രക്താംബരംപോലെ ചുവപ്പായ രക്തത്തിനും.

ഇത് രക്തം കൊണ്ട് ഒഴുകിക്കൊണ്ടിരിക്കുന്നു, അതെ,
ഇത് രക്തം കൊണ്ട് ഒഴുകുന്നു,
ഈ പരിശുദ്ധാത്മാവിൻറെ സുവിശേഷം രക്തം കൊണ്ട് ഒഴുകുന്നു.
സത്യത്തിനുവേണ്ടി മരിച്ച ശിഷ്യന്മാരുടെ രക്തം,
ഈ പരിശുദ്ധാത്മാവിൻറെ സുവിശേഷം രക്തം കൊണ്ട് ഒഴുകുന്നു.

191 ഇപ്പോൾ, പെന്തക്കോസ്ത് കാലം മുതൽ, പെന്തക്കോസ്ത് രക്തസാക്ഷികൾ തൊട്ട്, എഫെസൊസ് സഭ വരെ, പിന്നെ താഴേക്ക് പെർഗാമോസ് സഭ വരെ, താഴേക്ക് തുയത്തിര സഭ വരെ, അത് കഴിഞ്ഞ്—സർദിസിലേക്ക്, എഫെസിയരിൽ...അല്ലെങ്കിൽ ഫിലാഡൽഫിയരിൽ, പിന്നെ താഴേക്ക് ലാവോദിക്യ വരെ. അങ്ങനെ ഇപ്പോൾ നമുക്ക് എന്താണ്...ഇവിടെ സംഭവിച്ചത്? വേദപുസ്തകം പറയുന്നതുപോലെ, എല്ലാം കടന്നു വരുന്നു, ഈ മൃഗം അമേരിക്കയിൽ എഴുന്നേറ്റ് വരും.

192 ഇവിടെ വായിച്ച ദർശനം നിങ്ങൾ ഓർക്കുന്നുണ്ടോ 1933-ൽ? ഞാൻ പോവുകയായിരുന്നു...സഭ പണിതിട്ട് പോലും ഉണ്ടായിരുന്നില്ല. ഒരു ദർശനം എന്താണെന്ന് പോലും അറിയില്ലായിരുന്നു, അതിനെ വിളിച്ചിരുന്നത് ഒരു "വിവശത." ഞാൻ വെറും ഒരു യവ്വനക്കാരനായ ബാപ്റ്റിസ്റ്റ് പ്രാസംഗികൻ മാത്രമായിരുന്നു, അങ്ങനെ ഞങ്ങളെല്ലാം...

193 എൻറെ ജീവിതകാലം മുഴുവൻ ഞാൻ ആ ദർശനങ്ങൾ കണ്ടിരുന്നു, അവയിലൊരെണ്ണം എപ്പോഴെങ്കിലും പരാജയപ്പെട്ടിട്ടുണ്ടെന്ന് എഴുന്നേറ്റ് നിന്ന് പറയാൻ ഞാൻ ഏതൊരു വ്യക്തിയോടും ആവശ്യപ്പെടുന്നു. ഇല്ല, ഒരിക്കലും ഇല്ല! അതിന് കഴിയില്ല! നോക്കു? അത് പരാജയപ്പെടില്ല!

194 അങ്ങനെ ഇപ്പോൾ, ഞാൻ സൺഡേ സ്കൂൾ തുടങ്ങിയപ്പോൾ ഞാൻ ഒരു വിവശതയിലേക്ക് വീണു. ഞങ്ങൾ അത് ചാർളി കെർനിസിൻറെ സ്ഥലമായ പഴയ മസോണിക് ഹോമിൽ ആയിരുന്നു, ഞങ്ങളുടെ ഒരു ചെറിയ കൂട്ടമായിരുന്നു. ഞാൻ ഈ രാഷ്ട്രപതിയായ റൂസ്‌വെൽറ്റ് ലോകത്തെ ഒരു ലോകമഹാ യുദ്ധത്തിലേക്ക് നയിക്കുന്നതു കണ്ടു. മുൻകൂട്ടി പ്രവചിച്ചു! ഞാൻ പറഞ്ഞു, "മൂന്ന് സിദ്ധാന്തങ്ങൾ: നാസി, ഫാസിസം, കൂടാതെ കമ്മ്യൂണിസം." ഞാൻ പറഞ്ഞു...(ഇവിടെ എത്ര പേർ ഓർക്കുന്നു?) ഞാൻ പറഞ്ഞു, "കമ്മ്യൂണിസത്തിന്മേൽ നിങ്ങളുടെ കണ്ണുകൾ സൂക്ഷിക്കുക, അതെല്ലാം കൂടെ അവിടെ ഒരുമിച്ചുകൂടും." ഞാൻ

പറഞ്ഞു, “എത്യോപ്യയിൽ, മുസ്സോളിനി എത്യോപ്യയിലേക്ക് പോകും, എന്നാൽ അദ്ദേഹം പരാജയപ്പെടും.” പിന്നെ ഞാൻ പറഞ്ഞു, “നമ്മൾ ഒടുവിൽ ജർമ്മനിയുമായി യുദ്ധത്തിന് പോകും, എന്നാൽ” ഞാൻ പറഞ്ഞു “ജർമ്മനി കോട്ടകെട്ടി ഉറപ്പിക്കും, ഒരു വലിയ കോൺക്രീറ്റിനകത്തായിരിക്കും.” മാഗിനോട്ട് ലൈൻ നിർമ്മിക്കുന്നതിന് പതിനൊന്ന് വർഷം മുമ്പ് ആയിരുന്നു, പതിനൊന്ന് വർഷം.

195 ഞാൻ പറഞ്ഞു, “പിന്നെ യുദ്ധത്തിനു ശേഷം...അവസാനം നമ്മൾ അത് വിജയിക്കും. യുദ്ധം അവസാനിച്ചതിനുശേഷം, ശാസ്ത്രം മഹത്തായ കാര്യങ്ങളുടെ കണ്ടുപിടിത്തങ്ങൾ നടത്തുന്നതായിരിക്കും.” പിന്നെ ഞാൻ പറഞ്ഞു, “അവർ അങ്ങനെ ചെയ്യുമ്പോൾ, അവർ ഒരു മോട്ടോർ വണ്ടി നിർമ്മിക്കും, മോട്ടോർ വണ്ടികൾ തുടർച്ചയായി രൂപഭേദം വരുത്തും.” (നിങ്ങൾക്കറിയാമോ അവ എങ്ങനെ കാണപ്പെട്ടിരുന്നു 33-ൽ.) ഇപ്പോൾ അതുനുശേഷം, പറഞ്ഞു, “അവ മുട്ടകളുടെ രൂപത്തിലായി തീരും, മുട്ടകൾ പോലെ കാണപ്പെടും. കാരണം, ഞാൻ ഒരു പെരുവഴിയിൽ കണ്ടു, ഒരു വലിയ പ്രമുഖ പെരുവഴിയിൽ, നിയന്ത്രിക്കുന്ന വളയമില്ലാതെ ഒരു വാഹനം വഴിയിലൂടെ പോകുന്നത് ഞാൻ കണ്ടിരുന്നു. ഒരു ശക്തിയാണ് അതിനെ നിയന്ത്രിച്ചിരുന്നത്.” അവർക്ക് ഇപ്പോൾ തന്നെ ഉണ്ടായിരിക്കുന്നു.

196 ഞാൻ പറഞ്ഞു, “ആ സമയത്തു...ഇപ്പോൾ അവർ സ്ത്രീകളെ വോട്ടുചെയ്യാൻ അനുവദിക്കുന്നു; സ്ത്രീകളും, വോട്ടിംഗിൽ കൂടെ, അവസാനം...” ഞാൻ പറഞ്ഞു, “ഈ രാഷ്ട്രം ഒരു സ്ത്രീയുടെ രാഷ്ട്രമാണ്, അത് ഒരു സ്ത്രീയാൽ അടയാളപ്പെടുത്തിയിരിക്കുന്നു. ഇത് ഒരു സ്ത്രീയാണ് പ്രവചനങ്ങളിലൂടെ, എല്ലായിടത്തും വരുന്നത്; അങ്ങനെ പതിമൂന്നാം സംഖ്യ പ്രവചനത്തിൽ എല്ലായിടത്തും ആയിരിക്കുന്നു.” പിന്നെ ഞാൻ പറഞ്ഞു, “ഇതൊരു സ്ത്രീയുടെ രാജ്യമാണ്, അവൾക്ക് ഇവിടെ അവളുടെ സ്വാതന്ത്ര്യമുണ്ട്. അവൾ അത് നശിപ്പിക്കും, അവൾ ലോകത്തിൻറെ നാശമാണ്.”

197 (കൂടാതെ, റോയ്, അതിനെക്കുറിച്ചുള്ള നിങ്ങളുടെ കത്തുകൾ എനിക്ക് ലഭിച്ചു, ആ മഹതിയായ സ്ത്രീ അത്...“ഓരോ കുറ്റകരമായ കേസും...നമുക്കുള്ളത്...ഞാൻ ഇപ്പോൾ അത് സൂക്ഷ്മ പരിശോധന ചെയ്തു: ഈ ഐക്യ നാടുകളിൽ നടന്നിട്ടുള്ള എല്ലാ കുറ്റകരമായ കേസുകളിലും, ഒരു സ്ത്രീ അതിന് പിന്നിലായി ഉണ്ടായിരുന്നു.” അത് കൃത്യമായും ശരിയാണ്. അത് അസാന്മാർഗിക സ്ത്രീകളാണ്, നിങ്ങൾ നോക്കു, അതുപോലുള്ള കാര്യങ്ങളാകുന്നു.)

198 ഇപ്പോൾ, അതിനുശേഷം ഞാൻ പറഞ്ഞു, “ആ സമയത്ത് ഇത് ഉണ്ടാകും, ആ സമയത്ത് സ്ത്രീകൾക്ക് വോട്ട് ചെയ്യാൻ അനുവാദം നൽകും, അവർ തെറ്റായ വ്യക്തിയെ തിരഞ്ഞെടുക്കും.” കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അവർ അത് ചെയ്തു. അത് ശരിയാണ്. “അത് ശക്തികേന്ദ്രം ആരംഭിക്കും. ആ സമയത്ത് ഈ കാര്യം സംഭവിക്കും അതായത്—അതായത് ഐക്യ നാട്ടുകളിൽ ഒരു മഹതിയായ സ്ത്രീ ഉയർന്നുവരും, അവൾ മനോഹരമായി വസ്ത്രധാരണം ചെയ്തിരിക്കും,” എൻറെ പക്കൽ അതിനിടക്കായി ചേർക്കുന്ന വാചകമുണ്ട്: “(ഒരുപക്ഷേ കത്തോലിക്കാ സഭ).” നോക്കൂ? “അത് അധികാരത്തിൻറെ മേൽ ഭരണം ഏറ്റെടുക്കും, ഐക്യ നാട്ടിലെ മറ്റുള്ളവരെ അത് കീഴടക്കും. അവൾ കാണാൻ സുന്ദരിയായിരിക്കും, പക്ഷേ അവൾക്ക് കഴിയുന്നത്ര ക്രൂര-ഹൃദയമുള്ളവളായിരിക്കും.”

199 ഞാൻ പറഞ്ഞു, “അതിനുശേഷം ഞാൻ വീണ്ടും നോക്കി, ഐക്യനാട്ടുകൾ തുണ്ടം തുണ്ടമായി വിസ്ഫോടനത്തിൽ ആകുന്നത് ഞാൻ കണ്ടു. അവിടെ അതിൽ യാതൊന്നും അവശേഷിച്ചിരുന്നില്ല.”

200 അതിനുശേഷം ഞാൻ പ്രവചിച്ചു. “ഇപ്പോൾ ഇത്, അതായിരുന്നു **യഹോവ ഇപ്രകാരം അരുളി ചെയ്തതാകുന്നു.**”

201 അതോടൊപ്പം ചിന്തിക്കുക! ആ ഏഴ് പ്രവചനങ്ങളിൽ അഞ്ചെണ്ണം, ഇതിനകം സംഭവിച്ചു കഴിഞ്ഞു.

202 ഈ കത്തോലിക്കാ സഭ, അത് കയ്യിലെടുക്കും. അതോടൊപ്പം അന്ത്യകാലം കടന്നു വരുകയും ആകുന്നു.

203 പിന്നെ ഞാൻ പറഞ്ഞു, “അവിടെ മരക്കുറ്റികൾ, ഇതുപോലെ കത്തുന്നത് ഞാൻ കണ്ടിരുന്നു; പാറകൾ, പൊട്ടിത്തെറിച്ചിരുന്നു; അങ്ങനെ ഐക്യ നാട്ടുകൾ മുഴുവൻ നഗ്നമായി കാണപ്പെട്ടുകയുണ്ടായി, അതിപ്രകാരം കിടന്നിരുന്നു, ഞാൻ നിന്നിടത്തു നിന്നു എനിക്ക് കാണാൻ കഴിയുന്നിടത്തോളം അങ്ങനെയായിരുന്നു.”

204 പിന്നെ ഞാൻ പറഞ്ഞു, “ഞാൻ പ്രവചിക്കുകയാണ്, സമയം മുമ്പോട്ട് നീങ്ങുന്ന രീതിക്കനുസരിച്ച്, അത് ആയിരിക്കാൻ സാധ്യതയുള്ളത് ഇതിനിടയിലാണ് ഈ വർഷം ’33 നും ’77.” അതിലൂടെ കടന്നുപോകാൻ കഠിനമായി അതിനു പരിശ്രമിക്കേണ്ടി വരും.

205 സ്നേഹിതരെ, നാം ഒരു പൊടി വീപ്പയുടെമേൽ ഇരിക്കുകയാണ്. എല്ലാ കാര്യങ്ങളും തയ്യാറാണ്.

206 ഓ, എന്നാൽ നമ്മുടെ വിലയേറിയ സ്വർഗ്ഗീയ പിതാവ് വാഗ്ദത്തം ചെയ്തിരിക്കുന്നു, അവൻ വാഗ്ദത്തം ചെയ്തിരിക്കുന്നു! ക്രിസ്തുവിൻറെ

ഒരു ദാസനായിരിക്കുന്നത് അത്ഭുതകരമല്ലേ? അവൻ വാഗ്ദാനം ചെയ്ത എല്ലാ കാര്യങ്ങളും! കൂടാതെ ചിന്തിക്കുക; നമുക്കതിനുള്ള സൗഭാഗ്യമുണ്ടായിരിക്കുന്നു. അവൻ ഇവിടെ തന്നെ ജീവിക്കുന്നു. അവൻ ഇപ്പോൾ നമ്മോടൊപ്പമുണ്ട്, എല്ലാ ഹൃദയങ്ങളുടെയും എല്ലാ രഹസ്യങ്ങളും അറിയുന്നു, നിങ്ങളെക്കുറിച്ച് എല്ലാം അറിയുന്നു; ആ ജ്വലിക്കുന്ന അഗ്നികൾ നമ്മുടെ ഹൃദയങ്ങളിലൂടെ കടന്നു പോയിട്ട്, നമ്മെക്കുറിച്ച് എല്ലാം അറിയുന്നു, നമ്മെ സ്നേഹിക്കുന്നു.

207 ഇന്ന് രാത്രിയിൽ, വിശ്വാസം കാത്തുസൂക്ഷിക്കുന്ന, ആ ചെറിയ ന്യൂനപക്ഷക്കാരുടെ കൂട്ടത്തിൽ ആയിരിക്കുന്നതിൽ നിങ്ങൾ സന്തോഷമുള്ളവരല്ലേ? എന്തെന്നാൽ, ഇത് അവൻറെ കൽപ്പനയാകുന്നു, "ചെറിയ ആട്ടിൻ കൂട്ടമേ, ഭയപ്പെടരുതു, നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു നല്കുവാൻ പ്രസാദിച്ചിരിക്കുന്നു. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ, ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല." നോക്കു, നാം നേരെ അവസാന സമയത്ത് എത്തിയിരിക്കുന്നു.

208 പെന്തക്കോസ്തുകാർ തണുത്തുറഞ്ഞു, ശിതോഷ്ണവാരാകയാൽ ദൈവത്തിൻറെ വായിൽ നിന്നു ഉമിണ്ണുകളഞ്ഞിരിക്കുന്നു.

209 ഒരു ചെറിയ കൂട്ടം ഇവിടെ നിന്ന് പുറത്തെടുത്തിരിക്കുന്നു, വെറുമൊരു ചെറിയ കൂട്ടം, എന്നാൽ അതിൽ നിന്നും വരും: "മണവാളൻ വരുന്നു, എന്നു ആർപ്പുവിളി ഉണ്ടാകും!" അങ്ങനെ അത് ചെയ്യുമ്പോൾ, ഈ യാമങ്ങളിൽ ഓരോന്നും, ഈ യാമങ്ങളിൽ ഓരോ യാമങ്ങളും...ഓർക്കുക, അവയിൽ ഏഴ് യാമങ്ങൾ ഉണ്ടായിരിക്കുന്നു. നാം നേരെ *ഈ* അവസാനത്തെ യാമത്തിലാകുന്നു. എന്നാൽ പിൻ കാലങ്ങളിൽ നിന്നും *ഇവിടെ* വരെയുള്ള ഓരോ കന്യകമാരും എഴുന്നേറ്റു. ആമേൻ! ഓ, എന്തായിരുന്നു അത്? അതേ പരിശുദ്ധാത്മാവാകുന്നു.

210 അതിനുശേഷം സഭ അകത്ത് പ്രവേശിച്ചു കഴിഞ്ഞപ്പോൾ...അതിപ്രകാരം നമ്മൾ ഞായറാഴ്ച രാത്രിയിൽ എടുത്തതുപോലെയാകുന്നു, യോസേഫ് സ്വയം ഇസ്രായേലിന് വെളിപ്പെടുത്തിയപ്പോൾ, അവൻറെ സഹോദരന്മാരായിരുന്നു, അവൻ തൻറെ മണവാട്ടിയെയും അവിടെ നിന്നും പറഞ്ഞയച്ചു, എല്ലാവരെയും, അവരെ കൊട്ടാരത്തിലേക്ക് തിരികെ അയച്ചു. അവൻ യഹൂദന്മാരോടുകൂടെ ഏകനായി നിന്നുകൊണ്ടു, പറഞ്ഞു, "ഞാൻ നിങ്ങളുടെ സഹോദരനായ, യോസേഫ് ആകുന്നു."

211 അതു നേരെ തിരുവെഴുത്തുകളിൽ ഇട്ടിട്ട് അവിടെ അവർ ഒരു ദുഃഖാചരണ ദിവസ്സം നിശ്ചയിക്കുമെന്ന് പറഞ്ഞു, ഓരോ കുലവും സ്വയം വിലപിച്ചു.

212 അവർ ചോദിച്ചു, "നിനക്ക് ഈ പാടുകൾ എവിടെ നിന്നാണ് ലഭിച്ചത്?"

ചോദിച്ചു, "ഈ കൈകളിൽ..."

"നിൻറെ കൈകളിൽ?"

പറഞ്ഞു, "എന്നെ സ്നേഹിക്കുന്നവരുടെ വീട്ടിൽവെച്ചു ഞാൻ അടി കൊണ്ടതാകുന്നു."

213 "അവനെ കുത്തിത്തുളെച്ചവരും അവനെ കാണും." അവിടെ അതാ അവൻ നിൽക്കുന്നു, ആ യോസേഫ്.

214 അവൻ പറഞ്ഞു, "അരുത്..." യോസേഫ് പറഞ്ഞതുപോലെ, "നിങ്ങൾ വ്യസനിക്കേണ്ടാ, ജീവരക്ഷയ്ക്കായി ദൈവം എന്നെ നിങ്ങൾക്കു മുമ്പേ അയച്ചതാകുന്നു." എന്ത്? അന്യജാതി സഭയുടെ, ജീവൻ, "അവൻറെ നാമത്തിനുവേണ്ടി, അന്യജാതികളിൽ നിന്നുള്ള ഒരു കൂട്ടം ജനമാകുന്നു."

215 ഓ, നാം അന്ത്യ കാലത്തിൽ എത്തിയിരിക്കുന്നു, എൻറെ സഹോദരന്മാരേ. നാം ഇവിടെ ആകുന്നു! കർത്താവിൻറെ നാമം വാഴ്ത്തപ്പെടട്ടെ! നമുക്ക് ഈ നല്ല പഴയ പാട്ട് പാടാം, പെന്തക്കോസ്ത് സഹോദരന്മാരെയും സഹോദരിമാരെയും പോലെ, ഒരുമിച്ചു പാടാം. ഇപ്പോൾ നിങ്ങൾ പറഞ്ഞേക്കാം, "ശരി, ഞാൻ ഒരു ബാപ്റ്റിസ്റ്റാകുന്നു." എന്നാൽ നിങ്ങൾക്ക് പെന്തക്കോസ്തിൻറെ അനുഗ്രഹം ലഭിച്ചിട്ടുണ്ടെങ്കിൽ, നിങ്ങൾ പെന്തക്കോസ്ത് ആകുന്നു. ഊ-ഹും. ശരി. എല്ലാം ശരി:

> വാഴ്ത്തപ്പെടട്ടെ ആ കെട്ടുന്ന ബന്ധനം
> ക്രിസ്തീയ സ്നേഹത്തിൽ നമ്മുടെ ഹൃദയങ്ങളെ;
> സമാന ഗുണമുള്ള കൂട്ടായ്മയുടെ മനസ്സുകൾ
> അത് മേലെ ഉള്ളതുപോലെയാണ്.

216 ഇപ്പോൾ കേൾക്കു, സ്നേഹിതരേ. നമ്മുടെ ഇടയിൽ ആരെങ്കിലും, അതായതു നിങ്ങളുടെ ജീവിത യാത്രയിൽ എവിടെയെങ്കിലും, നിങ്ങളുടെ ഹൃദയത്തിൽ ഒരു ചെറിയ കയ്പ്പ് വന്നിരിക്കുന്നെങ്കിൽ, (എന്നെ കേൾക്കു!) അത് ഇപ്പോൾ തന്നെ അവിടെ നിന്ന് പുറത്താക്കുക. അത് പ്രാപിക്കുക, ഒരിക്കലും ഒന്നും അനുവദിക്കരുത്...

[ഒരു സഹോദരി അന്യ ഭാഷയിൽ സംസാരിക്കുന്നു. ടേപ്പിൽ ശൂന്യമായ സ്ഥലം. ഒരു സഹോദരൻ വ്യാഖ്യാനിക്കുന്നു—Ed.] ആമേൻ. [ഒരു സഹോദരൻ മറ്റൊരു ഭാഷയിൽ സംസാരിക്കുന്നു, തുടർന്ന് അത് വ്യാഖ്യാനിക്കുന്നു.] ആമേൻ. ആമേൻ.

217 കർത്താവായ യേശുവേ, ഈ സന്ദേശങ്ങൾക്കായി ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഇത് ഞങ്ങളെ ഉണർത്തുകയും, കർത്താവേ, ഞങ്ങൾ അകന്നിട്ടില്ല, എന്നാൽ വിശ്വാസം കാത്തുസൂക്ഷിക്കുന്നു എന്ന് അറിയുന്നതിനും ഞങ്ങളെ ഇടയാക്കുന്നു. ഓ, ഞാൻ പ്രാർഥിക്കുന്നു, ദൈവമേ, ആ ആത്മാവ് സഭയിൽ തുടർച്ചയായി നിൽക്കാൻ ഇടയാകട്ടെ. ഞങ്ങളെ പരസ്പരം അടുപ്പിക്കണമേ പിതാവേ. ഞങ്ങളെ അങ്ങയുടെ കൂടെ നിർത്തേണമേ. കർത്താവേ, ഞങ്ങളുടെ ഇടയിൽ നടക്കേണമേ, ഞങ്ങൾ ജീവിക്കുന്ന ഈ അവസാനത്തെ നിലവിളക്കിൻറെ യുഗത്തിൽ ആകുന്നു. ഞങ്ങളുടെ വെളിച്ചമാകുക. ഇരുട്ടിൻറെ ഈ മഹത്തായ സമയമേ, ഞങ്ങളുടെ മേൽ പ്രകാശിക്കണമേ, കർത്താവേ, കാരണം ഞങ്ങൾ മനസ്സിലാക്കുന്നു അതായത് *നിലവിളക്കും* കൂടാതെ *നക്ഷത്രങ്ങളും* ഇരുട്ടിനെ കുറിച്ച് "സംസാരിക്കുന്നു." കർത്താവേ, ഞങ്ങൾ പ്രകാശത്തിൻറെ മക്കളായതിൽ ഞങ്ങൾ സന്തോഷിക്കുന്നു, ദൈവത്തിൻറെ വെളിച്ചത്തിൽ നടക്കുന്നു. ഭൂമിയിലെ ഈ വസ്തുക്കളുമായി ഞങ്ങൾ ഭൂമിക്ക് ബാദ്ധ്യരല്ല, എന്നാൽ ഞങ്ങൾ നിൻറെ മക്കളാണ്. ഈ കാര്യങ്ങൾക്ക് ഞങ്ങൾ എങ്ങനെ നന്ദി പറയുന്നു.

218 നിൻറെ വചനത്തിൻറെ സ്ഥിരീകരണത്തിനായി ഈ സന്ദേശങ്ങൾ അയച്ചതിന് ഞങ്ങൾ നിനക്ക് നന്ദി പറയുന്നു. പിതാവേ, അങ്ങ് ഞങ്ങളുടെ ഇടയിൽ എപ്പോഴും ബഹുമാനിക്കപ്പെടാൻ ഇടയാകട്ടെ. ഈ ഭൂമിയിലെ എല്ലാ കയ്പ്പുകളിൽനിന്നും നീ ഞങ്ങളെ കാത്തുകൊള്ളേണമേ. ഞങ്ങളുടെ ജീവിതം അങ്ങയുടെ സന്നിധിയിൽ വെടിപ്പും ശുദ്ധവും വിശുദ്ധവുമാകുന്നതിന് ഞങ്ങളെ വിശുദ്ധീകരിക്കണമേ. കർത്താവേ, യേശുക്രിസ്തുവിൻറെ രക്തം ഞങ്ങൾ ഓരോരുത്തർക്കും വേണ്ടി ഇത് ചെയ്യാൻ ഇടയാകട്ടെ. ശരിയല്ലാത്ത എന്തെങ്കിലും ഉണ്ടെങ്കിൽ, അത് ഞങ്ങളുടെ ഇടയിൽ നിന്ന് എടുത്തു മാറ്റേണമേ. കർത്താവേ, ഞങ്ങളിൽ നിന്ന് അത് എടുത്തു കളയേണമേ. ഇത് ശോധന ചെയ്യുന്നതിൻറെ നാഴികയാകുന്നുവല്ലോ.

219 ഈ യോഗങ്ങൾ നമ്മുടെ ഹൃദയങ്ങളെ ശോധന ചെയ്യാൻ ഉദ്ദേശിച്ചുള്ളതാകുന്നുവല്ലോ. നിൻറെ കണ്ണുകളുടെ അഗ്നിജ്വാലകൾ എന്ന് നീ പറഞ്ഞു, "ഹൃദയത്തിൻറെ വാഴ്ചകൾ അന്വേഷിച്ചു അറിഞ്ഞു." നീ തീർച്ചയായും ചെയ്യുന്നു, പിതാവേ. നീ ഞങ്ങളോട് തിരികെ സംസാരിക്കുകയും, എന്നിട്ട് ഞങ്ങളോട് തയ്യാറാകാൻ പറയുകയും... ഞങ്ങളെത്തന്നെ സജ്ജരാക്കുകയും ചെയ്യുന്നു, അതിനാൽ ആ നാഴിക

എത്തിക്കൊണ്ടിരിക്കുന്നു.

220 ഓ, പിതാവേ, ഇതിന് ഞങ്ങൾ നിനക്ക് എത്രയധികം നന്ദി പറയുന്നു. ഞങ്ങളിലുള്ളതെല്ലാം കൊണ്ട് നിൻറെ കൃപയാൽ ഞങ്ങൾ അത് ചെയ്യും. ആമേൻ.

221 ഓ, നിങ്ങൾ അവനെ സ്നേഹിക്കുന്നില്ലേ? ഇപ്പോൾ, നമുക്കിടയിൽ ഒരു അപരിചിതൻ ഉണ്ടെങ്കിൽ, തുടക്കത്തിൽ അത് അങ്ങനെയായിരുന്നു. യേശു ഇവിടെ ഭൂമിയിലായിരുന്നപ്പോൾ, ആരോ അവനോട് ഒരു വിവാഹത്തെക്കുറിച്ചും വിവാഹമോചനത്തെക്കുറിച്ചും അല്ലെങ്കിൽ മറ്റെന്തോ ചോദിക്കുകയുണ്ടായി, അവൻ പറഞ്ഞു, "ആദിയിൽ അങ്ങനെയല്ലായിരുന്നു." ആദിയിലേക്ക് പോകേണ്ടത് ആവശ്യമാകുന്നു.

222 അപ്പോൾ തുടക്കം ഒരു പെന്തക്കോസ്ത് സഭയും അവൻ മുന്തിരിവള്ളിയുമാണെങ്കിൽ, നമ്മൾ അതിൻറെ ശാഖകളാണ്, ഓരോ തവണയും മുന്തിരി വള്ളി ഒരു സഭയെ കൊണ്ടുവരുമ്പോഴെല്ലാം അതൊരു പെന്തക്കോസ്ത് സഭയായിരിക്കും, പെന്തക്കോസ്ത് ശാഖയായിരിക്കും; ആദിയിൽ അത് തന്നെയായിരുന്നു (നോക്കൂ?), ഓരോ തവണയും. ഇപ്പോൾ, നിങ്ങൾക്ക് ഇതിലേക്ക് മറ്റ് വള്ളികൾ ഒട്ടിക്കാൻ കഴിയും അത് ഫലം കായ്ക്കും. നിങ്ങൾക്ക് ഒരു—ഒരു ഓറഞ്ച് മരം എടുത്തിട്ട് അതിൽ ഒരു നാരങ്ങയുടെ ശാഖ ഒട്ടിക്കാൻ കഴിയും, അതിന് ഓറഞ്ചിൽ ജീവിച്ചുകൊണ്ട് നാരങ്ങയുടെ ഫലം പുറപ്പെടുവിക്കും. അതിനടുത്തായി ഒരു മുന്തിരിപ്പഴം ഒട്ടിക്കുക, അത് ഒരു മുന്തിരിപ്പഴം കായ്ക്കും, കാരണം ഇത് ഒരു നാരങ്ങയുടെ ഫലവർഗ്ഗമാകുന്നു.

223 അതിനാൽ ഈ സംഘടനകളും സഭാ വിഭാഗങ്ങളും അതുപോലുള്ള കാര്യങ്ങളും അവിടെ പറ്റിപ്പിടിച്ച് കൊണ്ട്, അവരെ ക്രിസ്ത്യാനികൾ എന്ന് വിളിക്കുന്നു, അവർക്ക് ക്രിസ്തീയ ജീവിതത്തിൽ ജീവിക്കാൻ കഴിയും. അത് ശരിയാണ്, എന്നാൽ അവർ സഭാസമുദായത്തിൻറെ ഫലം പുറപ്പെടുവിക്കും. അത് ശരിയാണ്. കാരണം അവർ അങ്ങനെ പറ്റിപ്പിടിച്ച് കിടക്കുന്നു. എന്നാൽ ആ ശാഖ തന്നെ എപ്പോഴെങ്കിലും ഫലം പുറപ്പെടുവിച്ചാൽ അതൊരു... അല്ലെങ്കിൽ ആ മുന്തിരിവള്ളി എപ്പോഴെങ്കിലും അതിൻറെ ഒരു ശാഖ പുറപ്പെടുവിച്ചാൽ, അത് ആയിരിക്കും...അത് അതിനു തുടർച്ചയായി ഒരു പ്രവൃത്തികളുടെ പുസ്തകം എഴുതും. അത് കൃത്യമായി ശരിയാണ്. കാരണം അത് തന്നെയാണ് ആദ്യത്തെ വട്ടം സംഭവിച്ചത്. അത് പുറപ്പെടുവിക്കുന്ന എല്ലാ ശാഖകളിൽ ഓരോന്നിലും, ഓറഞ്ചുകൾ

ഉണ്ടാകും. തിരുവെഴുത്ത് അപ്രകാരം കൽപ്പിച്ചിരിക്കുന്നു; അതിന്മേൽ പന്ത്രണ്ട ശാഖകൾ ഉണ്ടായിരുന്നു.

224 ഓ, ആ ശാഖയുടെ കീഴിൽ ജീവിക്കുന്നതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു, നിങ്ങൾ സന്തോഷിക്കുന്നില്ലേ? അതെ, ശ്രീമാൻ. ഓ, ഇത് അത്ഭുതകരമാകുന്നു.

225 ശരി, നാളെ രാത്രി ഓർക്കുക ഫിലാദെൽഫിയ-...സർദിസിൻറെ സഭാകാലഘട്ടമാകുന്നു. അത്...?...ലൂഥറൻ സഭാസംഘടനയുടെ രൂപീകരണത്തിലേക്ക് വരുന്നതാകുന്നു, അത് മാർട്ടിൻ ലൂഥർ ആകുന്നു...?...

60-1208 തുയഥൈര സഭായുഗം

ബ്രൺഹാം ടെബർണക്കിൾ

ജെഫേഴ്സൺവില്ലെ, ഇൻഡ്യാനെ യു.എസ്.എ

MALAYALAM

©2024 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

പകർപ്പവകാശ അറിയിപ്പ്

എല്ലാ അവകാശങ്ങളും നിക്ഷിപ്തം. യേശുക്രിസ്തുവിൻ്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിനുള്ള ഒരു ഉപകരണമെന്ന നിലയിൽ ഈ പുസ്തകം വ്യക്തിഗത ഉപയോഗത്തിനായി ഒരു ഹോം പ്രിൻ്ററിൽ അച്ചടിക്കുകയോ സൗജന്യമായി നൽകുകയോ ചെയ്യാം. വോയ്സ് ഓഫ് ഗോഡ് റെക്കോർഡിംഗ്സിൻറെ വ്യക്തമായ രേഖാമൂലമുള്ള അനുമതിയില്ലാതെ ഈ പുസ്തകം വിൽക്കാനോ, വലിയ തോതിൽ പുനർനിർമ്മിക്കാനോ, ഒരു വെബ്സൈറ്റിൽ പോസ്റ്റുചെയ്യാനോ, വീണ്ടെടുക്കൽ സംവിധാനത്തിൽ സംഭരിക്കാനോ, മറ്റ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യാനോ, ഫണ്ട് അഭ്യർത്ഥിക്കുന്നതിന് ഉപയോഗിക്കാനോ കഴിയില്ല.

കൂടുതൽ വിവരങ്ങൾക്കോ ലഭ്യമായ മറ്റ് മെറ്റീരിയലുകൾക്കോ, ദയവായി ബന്ധപ്പെടുക:

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org